# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 05 ജനുവരി-2014 ലക്കം 1**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


| | | |
|---|---|---|
| സർക്കുലർ | ...................................... | 03 |
| മദ്യവിരുദ്ധഞായർ (സർക്കുലർ) | ................................ | 06 |
| ലോകസമാധാനദിന സന്ദേശം | ................................. | 11 |
| *Kerala Catholic Bishops' Council New Office Bearers* | ........ | 31 |
| രൂപതാകച്ചേരി വാർത്തകൾ | ...................................... | 33 |
| *Presbyteral Council Meeting - Report* | .................... | 37 |
| മദ്യാസക്തിയുടെ വിനകൾ | ...................................... | 38 |
| കൽപറ്റ ഫൊറോനയിലെ വൈദികരുടെ മാസധ്യാനം | | 45 |
| മതബോധനരംഗം | ........................................................ | 46 |
| ബൈബിൾ അപ്പോസ്തലേറ്റ് | ........................................... | 48 |
| ചെറുപുഷ്പമിഷൻലീഗ് | ................................................ | 49 |
| കെ.സി.വൈ.എം. | ....................................................... | 57 |
| കുടുംബപ്രേഷിതത്വം | ................................................... | 64 |
| വിമൻസ് കമ്മീഷൻ | .................................................. | 72 |
| സീയോൻ വാർത്തകൾ | ............................................... | 74 |
| ജീസസ് യൂത്ത് | ....................................................... | 77 |
| കെ.സി.ബി.സി. മദ്യവിരുദ്ധസമിതി | ............................. | 78 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി | ........................... | 80 |
| സാമൂഹ്യ സേവനരംഗം (WSSS) | ........................................ | 84 |
| കേരളാ ലേബർ മൂവ്മെന്റ് | ........................................ | 89 |
| അറിയിപ്പുകൾ | ............................................................ | 90 |
| പാസ്റ്ററൽ സെന്റർ, പ്രോഗ്രാം | ........................................ | 94 |
| ബിഷപ്സ് പ്രോഗ്രാം | ....................................................... | 95 |

# സർക്കുലർ

*Circular Letter No. 01/2014*
*Prot. No. 14403/2013*

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

കഴിഞ്ഞ പത്തുവർഷമായി നമ്മുടെ രൂപതയിലെ നിർധനരായ കുട്ടികൾക്ക് നൽകി വരുന്ന വിദ്യാഭ്യാസ സഹായത്തെപ്പറ്റി നിങ്ങൾക്ക് അറിവുള്ളതാണല്ലോ. നടപ്പുവർഷം വിദ്യാഭ്യാസ നിധിയിലേയ്ക്ക് പല സ്രോതസുകളിൽ നിന്നായി 5,59,066 രൂപയാണ് കിട്ടിയത്. അത് 116 ഇടവകകളിൽ നിന്നുള്ള 451 വിദ്യാർത്ഥികൾക്കായി വിതരണം ചെയ്യുകയും ചെയ്തു. അതുപോലെ തന്നെ 95 കുട്ടികൾക്ക് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിയ്ക്കാനുള്ള ചെലവും ഈ നിധിയിൽ നിന്നും കൊടുക്കുന്നുണ്ട്.

ഇതുപോലെ തന്നെ നമ്മുടെ രൂപതയിലെ സന്യാസിനീ സമൂഹങ്ങൾ ചേർന്ന് ഓരോ വർഷവും കുട്ടികൾക്ക് ധനസഹായം ചെയ്യുന്നുണ്ട്. ഈ വർഷം അവരുടെ വിദ്യാഭ്യാസ നിധിയിൽ നിന്ന് 246 കുട്ടികൾക്കായി 3,63,000 രൂപ ആണ് കൊടുത്തത്.

താമരശ്ശേരി രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ട് എന്ന സ്ഥാപനത്തിൽ പരിശീലനം നേടുന്നതിന് 11 കുട്ടികൾക്കായി 2,20,000 രൂപയും നമ്മുടെ വിദ്യാഭ്യാസനിധിയിൽ നിന്ന് നടപ്പു വർഷം കൊടുക്കുകയുണ്ടായി. നല്ല മാർക്കോടെ പ്ലസ് ടു പാസായവരെയാണ് അവിടെ പ്രവേശിപ്പിക്കുന്നത്. വിവിധ കോഴ്സുകളിൽ പ്രവേശനം നേടുന്നതിനുള്ള പരിശീലനത്തോടൊപ്പം ധാർമ്മികവും വിശ്വാസപരവുമായ കാര്യങ്ങളിലും അവിടെ കുട്ടികൾക്ക് പരിശീലനം ലഭിയ്ക്കുന്നു. സ്റ്റാർട്ടിൽ പരി

ശീലനം കഴിഞ്ഞിറങ്ങുന്നവർക്ക് ഇന്ത്യയിലെ പ്രശസ്തമായ ഗവൺമെന്റ് കോളേജുകളിൽ വളരെയധികം ജോലി സാദ്ധ്യതയുള്ള കോഴ്സുകൾക്ക് പ്രവേശനം ലഭിയ്ക്കുന്നുണ്ട്.


രൂപതാ വിദ്യാഭ്യാസനിധിയിലേയ്ക്ക് ഉദാരമായി സംഭാവന ചെയ്ത നിങ്ങളെയും മറ്റുള്ളവരെയും ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും ഏവരേയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. നിങ്ങളുടെ സഹായം കൊണ്ട് പഠിയ്ക്കുന്ന കുട്ടികളുടെ പ്രാർത്ഥനയും നിങ്ങൾക്കുണ്ടാകും എന്ന് ഉറപ്പ് തരുന്നു. നിങ്ങൾ കൊടുക്കുന്ന ഓരോ രൂപയും നമ്മുടെ സമൂഹത്തിന്റെ നിർമ്മാണത്തിനായിട്ടാണ് ഉപയോഗിക്കപ്പെടുന്നത് എന്ന വസ്തുത നമ്മെ സന്തോഷിപ്പിക്കേണ്ടതാണ്. നല്ല വിദ്യാഭ്യാസം ലഭിച്ച കുട്ടികളാണ് നാളത്തെ സഭയുടെയും സമൂഹത്തിന്റെയും നട്ടെല്ല്. വിദ്യാഭ്യാസമാണ് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള ഏറ്റവും പറ്റിയ മാർഗ്ഗവും.

മുൻ വർഷങ്ങളിലേതുപോലെ തന്നെ അടുത്ത വർഷവും 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിയ്ക്കുന്ന നിർധനരും നന്നായി പഠിക്കുന്നവരുമായ 500 കുട്ടികൾക്ക് 1000 രൂപ വച്ച് കൊടുക്കാനാണ് ആഗ്രഹിക്കുന്നത്. അതുപോലെ ഇപ്പോൾ ഈ നിധിയിൽ നിന്നുള്ള സഹായം കൊണ്ട് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്നവരെ തുടർന്ന് സഹായിക്കുകയും ചെയ്യേണ്ടതുണ്ട്. ലഭിയ്ക്കുന്ന തുകയുടെ തോതനുസരിച്ച് സ്റ്റാർട്ടിൽ ഏതാനും കുട്ടികൾക്ക് പ്രവേശനം ലഭിക്കാനുള്ള സാദ്ധ്യതയും ആരായുന്നതാണ്.

ഇക്കാര്യങ്ങൾക്ക് ധനസമാഹരണം നടത്തുന്നതിന് പതിവുപോലെ ഈ വർഷവും ഒരു ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച നിങ്ങൾ സംഭാവന ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു. 2014 ജനുവരി മാസം 19 ന് ഞായറാഴ്ച നിങ്ങൾ കൊടുക്കുന്ന സ്തോത്രക്കാഴ്ചകൾ ഇതിനു വേണ്ടി സ്വീകരിക്കുന്നതാണ് എന്ന് ഓർമ്മപ്പെടുത്തട്ടെ. ഇക്കാര്യം ബഹുമാനപ്പെട്ട വികാരിയച്ചന്മാർ മുൻകൂട്ടി ഇടവകയിൽ അറിയിക്കുകയും തുക സ്വീകരിച്ച് എത്രയുംവേഗം രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണം.

ജനുവരി മാസം 12 ന് ഞായറാഴ്ച സീറോ മലബാർ മിഷൻ ഞായറായി നാം ആചരിക്കുകയാണ്. അന്നത്തെ സ്തോത്രക്കാഴ്ച സീറോ മലബാർ മിഷൻ രൂപതകൾക്കുള്ള താണ്. എന്തിനാണ് പൊതുവായുള്ളതിന് പുറമേ നമുക്കൊരു മിഷൻ ഞായർ എന്ന് നിങ്ങൾക്ക് തോന്നാം. കത്തോ ലിയ്ക്കാസഭ പ്രകൃതിയാൽ തന്നെ മിഷനറിയാണ് എന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നു. സഭയിലെ ഓരോ വ്യക്തിഗതസഭയും ഇപ്രകാരം തന്നെ. ഈ വസ്തുത നമ്മെ ഓർമ്മപ്പെടുത്താനും നമ്മുടെ പ്രാർത്ഥനയും സാമ്പത്തിക സഹായവും സീറോമലബാർ മിഷൻ രൂപതകൾക്ക് കൊടുക്കാ നുമാണ് ഈ മിഷൻ ഞായർ. നമുക്ക് ഏൽപ്പിച്ച് തന്നിരിക്കു ന്നത് ബൽത്തങ്ങാടി രൂപതയെയാണ്. ജനുവരി 12 ന് കിട്ടുന്ന നിങ്ങളുടെ സംഭാവനകൾ ഈ രൂപതയ്ക്ക് അയച്ച് കൊടുക്കു ന്നതാണ്. നിങ്ങളുടെ ആത്മാർത്ഥമായ സഹകരണം ഇക്കാര്യ ത്തിലും പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ വിവരം യഥാസമയം പള്ളിയിൽ അറിയിച്ച് വേണ്ടത് ചെയ്യുമ ല്ലോ. ഏവർക്കും അനുഗ്രഹപ്രദമായ പുതുവത്സരം ആശംസി ക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടാ യിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2013 ഡിസം ബർ മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ ജനുവരി 5-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായി ക്കേണ്ടതാണ്.**

# മദ്യവിരുദ്ധ ഞായർ
## 2014 ജനുവരി 26

### കെസിബിസി മദ്യവിരുദ്ധ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

#### മദ്യവ്യാപാരം മരണവ്യാപാരം

ദൈവികച്ഛായയിൽ നന്മയിലേക്ക് മിഴിതുറന്ന മനുഷ്യൻ; സൃഷ്ടിയുടെ മകുടമായി മെനഞ്ഞെടുക്കപ്പെട്ടവൻ; പ്രപഞ്ചത്തെയും പ്രപഞ്ചവസ്തുക്കളെയും ദൈവം വിശ്വസിച്ചേല്പിച്ച് അനുഗ്രഹിച്ചവൻ. എത്ര മഹത്തായ ജീവിതമാണ് മനുഷ്യന് ലഭിച്ചിരിക്കുന്നത്! എത്ര ഉദാത്തമായ ജീവനാണ് മനുഷ്യൻ സ്വീകരിച്ചിരിക്കുന്നത്! ഈ മനുഷ്യനെ നോക്കി ദൈവം പറയുന്നു: നീ എനിക്ക് വിലപ്പെട്ടവനും ബഹുമാന്യനും പ്രിയങ്കരനും ആണ് (ഏശയ്യ 43:4) ബഹുമാന്യനായവൻ അതിന്റെ മഹത്ത്വം തിരിച്ചറിയാതെ വന്നാലോ? ദൈവത്തിനു പ്രിയപ്പെട്ടവൻ മനുഷ്യരാൽ വെറുക്കപ്പെട്ടവനായാലോ? സ്വന്തം ജീവന്റെയും ജീവിതത്തിന്റെയും മൂല്യം തിരിച്ചറിയാതെ വന്നാലോ? അവൻ തകർന്നടിയും. സവിശേഷ ബുദ്ധിയില്ലാത്ത മൃഗങ്ങളെക്കാൾ താഴെ അവൻ എത്തപ്പെടും.

ലഹരിയുടെ വലയത്തിൽ അലിഞ്ഞ് ഇല്ലാതാകുന്ന ജീവിതങ്ങളെ തിരികെ പിടിക്കുവാനും പുതു തലമുറയെ ലഹരിക്കയത്തിലേക്കുള്ള യാത്രയിൽ നിന്നും പിൻതിരിപ്പിക്കുവാനും ലഹരി സമൃദ്ധമായി ലഭ്യമാകുന്ന സാഹചര്യങ്ങൾക്കെതിരേ പ്രതികരിക്കുവാനും പ്രതിരോധിക്കുവാനുമുള്ള കേരള കത്തോലിക്കാ സഭയുടെ പ്രവാചക ധർമ്മം ഒരിക്കൽകൂടി പ്രഖ്യാപിക്കപ്പെടുകയാണ് ഇവിടെ. 2014 ജനുവരി 26 കേരളസഭ മദ്യവിരുദ്ധ ഞായർ ആയി ആചരിക്കുന്ന ഈ പശ്ചാത്തലത്തിൽ ലഹരിവിരുദ്ധ മനസ്സാക്ഷിയോടെ ജീവിക്കുവാനും പ്രവർത്തിക്കുവാനും പ്രതികരിക്കുവാനുമുള്ള നമ്മുടെ ഉത്തരവാദിത്വം ഒരിക്കൽകൂടി ഓർമിപ്പിക്കുകയാണിവിടെ.

വർത്തമാനകാലത്തിന്റെ യാഥാർത്ഥ്യങ്ങളിൽ ഞെരുക്കപ്പെട്ട് എത്രകാലം ജീവിക്കുവാൻ കഴിയും? ഇന്നലെകളുടെ നീറുന്ന സ്പർശനമില്ലാത്തവിധം, നാളയെക്കുറിച്ച് പ്രതീക്ഷകളില്ലാതെ ഒരാൾക്ക് എങ്ങനെ ജീവിക്കുവാൻ കഴിയും? പ്രതീക്ഷകൾ അസ്തമിച്ചു

തുടങ്ങുന്നു എന്നു തോന്നിക്കുന്ന ഈ ലോകത്തെ നോക്കി ഫ്രാൻസിസ് പാപ്പാ ചോദിക്കുന്ന ഈ ചോദ്യം കേരളസമൂഹത്തെ ബാധിക്കുന്ന ഒന്നാണ്. മദ്യാസക്തിയും ലഹരിസംസ്കാരവും ആധിപത്യ മുറപ്പിക്കുവാൻ മത്സരിച്ചുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ നമ്മുടെ ജനത്തെ ദുരന്തം നിറഞ്ഞ ഇന്നലെകളിൽ നിന്നും മോചിപ്പിക്കുവാനും ശോഭനമായ ഭാവി സ്വപ്നം കാണാൻ പാകത്തിൽ പ്രതീക്ഷയുള്ള വരാക്കുവാനും നമുക്ക് കടമയുണ്ട്. സമൂഹത്തിന്റെ പിന്നാമ്പുറങ്ങ ളിലേക്ക്, തകർച്ചകൾ അനുഭവിക്കുന്നവരിലേക്ക് എത്തുവാനുള്ള പാപ്പായുടെ ആഹ്വാനം ഈ കാലഘട്ടത്തിന്റെ പ്രവാചക സ്വരമാണ്. പ്രബോധനങ്ങൾ കൊണ്ടും പ്രവർത്തനങ്ങൾ കൊണ്ടും ലോകത്തെ വിസ്മയിപ്പിക്കുന്ന ലാളിത്യത്തിന്റെ പ്രതിരൂപവും, തുറവിയുടെ തീക്കാറ്റുമായ ഫ്രാൻസീസ് പാപ്പാ സമൂഹത്തിൽ മരണവും ദുരന്തവും വിതയ്ക്കുന്ന ലഹരിവ്യാപാരത്തെ മരണവ്യാപാരമെന്ന് വിശേഷിപ്പിച്ചത് പ്രസക്തമാണ്.

ലഹരി വ്യാപാരികൾക്കും മരണക്കെണികൾക്കും ഒട്ടും കുറവില്ലാത്ത ഈ നാട്ടിൽ നന്മയുടെ ദീപം തെളിക്കാൻ നമുക്കാവും. ലഹരിയുടെ അടിമത്തം തകർക്കുന്നത് തലമുറകളെയാണ്, ഇന്നിന്റെ നന്മകളെയാണ്. ഓർക്കുക നമ്മുടെ കുഞ്ഞുങ്ങൾ ദുരിതം അനുഭവിക്കുവാൻ വേണ്ടി ജനിച്ചവരല്ല. ദുരന്തം പേറി ജീവിക്കാൻ പിറന്നവരല്ല. ദുരന്തമുഖത്തേക്ക് തലമുറകളെ വലിച്ചെറിയുന്ന ലഹരി സംസ്കാരത്തെ ഇല്ലാതാക്കുക ഏറെ ക്ലേശകരമാണ്. എന്നാൽ വർഷങ്ങളായുള്ള ലഹരിഉപയോഗവും അടിമത്തവും നിരാശയും തകർച്ചയും മൃഗസമാനമായ ജീവിതവുമൊക്കെ ശീലമായ ഒരു വിഭാഗത്തെ ഗൗരവതരമായ രീതിയിൽ പരിഗണിക്കേണ്ടിയിരിക്കുന്നു, ഫ്രാൻസിസ് പാപ്പാ ഓർമിപ്പിക്കുന്നു. പ്രതീക്ഷ നഷ്ടപ്പെടാൻ അനുവദിക്കാതിരിക്കുക. എന്തുവിലകൊടുത്തും അധികാരവും ധനവും നേടുന്ന രീതിയിൽ എത്രയോ മരണവ്യാപാരികളാണ് ഇവിടെ ഉള്ളത്. ദുരന്തങ്ങളുടെയും മരണത്തിന്റെയും വിത്തുകൾ വിതയ്ക്കപ്പെടുന്ന ഈ സമൂഹത്തിന് ധീരതയോടെയുള്ള പ്രവൃത്തിയും പ്രതികരണങ്ങളു മാണ് ആവശ്യം. ലഹരിയുടെ അടിമത്തത്തിൽ കഴിയുന്നവരെ തോളോടുതോൾ ചേർന്ന് വീണ്ടെടുക്കുവാൻ സമൂഹം പ്രതിജ്ഞാ ബദ്ധരാകണം. പ്രതീക്ഷ നശിച്ചവരാകാതിരിക്കുക എന്നതു മാത്രമല്ല, മറ്റുള്ളവരുടെ പ്രതീക്ഷ നഷ്ടമാക്കാതിരിക്കുക എന്നതും പ്രധാനപ്പെട്ടതാണ്. നമുക്ക് പ്രതീക്ഷയുടെ വാഹകരായി തീരാം (Pope Francis, to The Doctors, Nurses, & Healthcare workers in Brazil).

കേരളത്തിന്റെ പൊതുസമൂഹം ആവർത്തിച്ചു ചോദിക്കുകയും കൂട്ടായി ചിന്തിക്കുകയും ചെയ്യേണ്ട ഒരു ചോദ്യമുണ്ട്. ആർക്കുവേണ്ടിയാണ് കേരളത്തിൽ മദ്യക്കച്ചവടം? എന്തിനുവേണ്ടിയാണ് ഇവിടെ ലഹരി വ്യാപാരം? മദ്യവും ലഹരിയും ലഭ്യമാവുന്നരീതിയിൽ സൂപ്പർമാർക്കറ്റുകൾ തുറന്നിരിക്കുന്നത് നരകത്തിന്റെയും നാശത്തിന്റെയും വഴിയിലേക്കാണ്. ലഹരിമുക്തമായ ഒരു സമൂഹം ഈ നാട്ടിലെ ജനങ്ങൾ ആഗ്രഹിക്കുന്നു. സമാധാനപൂർണ്ണമായ ജീവിതം ആഗ്രഹിക്കുന്ന കുടുംബങ്ങൾ, മാതാപിതാക്കൾ, സുന്ദരമായ ഭാവിയിലേക്ക് പ്രതീക്ഷയോടെ നോക്കുന്ന കുരുന്നുകൾ, ഭാവിയെ ശോഭനമാക്കേണ്ട യുവജനങ്ങൾ – ഇതെല്ലാം തകർക്കുകയല്ലേ ഈ ലഹരിസംസ്കാരം. മദ്യവും ലഹരിയും തീർക്കുന്ന വർത്തമാന കാലത്തിലെ വാർത്തകൾക്ക് ആരാണ് ഉത്തരവാദി?

2013 ഓഗസ്റ്റ് 14 മുതൽ ഒക്ടോബർ 22 വരെ കെ.സി.ബി.സി. മദ്യവിരുദ്ധസമിതി നടത്തിയ “ജ്യോതിർഗമയ ലഹരിവിമോചന കേരളയാത്ര” കേവലം ഒരു യാത്രയെക്കാൾ വലുതായിരുന്നു. 30 രൂപതകളിൽ 14 ജില്ലകളിൽ ആയിരത്തോളം സമ്മേളന സ്വീകരണ സ്ഥലങ്ങളിൽ അയ്യായിരത്തോളം പ്രഭാഷണങ്ങളിലൂടെ 50 ലക്ഷത്തോളം മനുഷ്യരോട് നേരിട്ടും, സമിതിയുടെ പ്രസിദ്ധീകരണങ്ങളിലൂടെയും ലഘുലേഖകളിലൂടെയും പത്രമാധ്യമങ്ങളിലൂടെയും സോഷ്യൽ നെറ്റ്വർക്കുകളിലൂടെയും ഒരു കോടി മനുഷ്യരിലേക്കും ലഹരിവിരുദ്ധ സന്ദേശമെത്തിക്കുവാൻ സമിതിക്കു കഴിഞ്ഞു. ഈ ലഹരിമോചന യാത്രയിൽ ഞങ്ങൾ കണ്ടുമുട്ടിയ വിവിധ മനുഷ്യർ ദൃഢനിശ്ചയത്തോടെ പറഞ്ഞു: “മദ്യം ഞങ്ങൾക്ക് വേണ്ട ലഹരി ഞങ്ങൾക്ക് വേണ്ട...”മദ്യം വാങ്ങുന്നവർക്കും ഉപയോഗിക്കുന്നവർക്കും അതുകൊണ്ട് മെച്ചമൊന്നും ഉണ്ടാകുന്നില്ല. പിന്നെ ആർക്കാണ് ഇതുകൊണ്ട് നേട്ടം? ലഹരിക്കനുകൂലമായ നയങ്ങളും നിയമങ്ങളും നടപടികളും കൈക്കൊള്ളുന്നവർ തങ്ങളെടുക്കുന്ന തീരുമാനത്തിന്റെ അനന്തരഫലങ്ങളെക്കുറിച്ച് ചിന്തിക്കാറുണ്ടോ? പണം മാത്രം ലക്ഷ്യമാകുമ്പോൾ മനുഷ്യനും മനുഷ്യത്വവും സമൂഹ നന്മയും ധാർമ്മികതയുമൊക്കെ നാമാവശേഷമാകുന്ന കാഴ്ച കണ്ടിട്ടും എന്തേ കണ്ണടയ്ക്കുന്നത്?

മദ്യലോബികൾക്ക് അനുകൂലമായ മനോഭാവത്തിൽ സർക്കാരുകൾക്ക് ഒരേ മുഖമാണ്. ജനവഞ്ചനയാണ് മദ്യനയത്തിൽ സർക്കാരുകൾ സ്വീകരിച്ചിട്ടുള്ളത്. ജനത്തിന്റെകണ്ണിൽ പൊടി

യിടാൻവേണ്ടി ഏതാനും കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നു എന്ന് വരുത്തിത്തീർത്ത് പുകമറസൃഷ്ടിച്ച് മദ്യസംസ്കാരത്തെ അനുകൂലിക്കുന്നവരായി ഉത്തരവാദിത്തപ്പെട്ടവർ മാറുന്നു എന്നത് ഏറെ ഖേദകരമാണ്; തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പ്രവർത്തനാനുമതി പിൻവലിച്ച മദ്യശാലകൾപോലും ഇവിടെ പ്രവർത്തിക്കുന്നത് ആരുടെ അനുമതിയോടെയാണ്? അടിസ്ഥാനയോഗ്യതകളില്ലാതെ, മതിയായ രേഖകളില്ലാതെ, നൂറുകണക്കിന് മദ്യശാലകൾ പ്രവർത്തിക്കുന്നുണ്ട്. ദേശീയപാതയോരത്തെ മദ്യശാലകൾ അടിയന്തിരമായി നീക്കം ചെയ്യണമെന്ന കേന്ദ്രനിർദേശം അവഗണിക്കുന്നതും വൈകിക്കുന്നതും ആരാണ്? ലഹരിയെന്ന ഒന്നാംപ്രതിയെ ഉന്മൂലനം ചെയ്യാൻ കഴിയാത്തിടത്തോളം നമ്മുടെ നാട്ടിൽ സ്വൈര്യജീവിതം അസാധ്യമാവുകതന്നെ ചെയ്യും.

മദ്യലോബികൾക്ക് അനുകൂലമായി സമൂഹം ചിന്തിക്കുന്നരീതിയിൽ ചില അസത്യങ്ങൾ ബന്ധപ്പെട്ടവർ പ്രചരിപ്പിക്കുന്നു. ഓരോ വർഷവും മദ്യകച്ചവടത്തിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ മൂന്നിരട്ടിയിലധികം തുക മദ്യം മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ, അപകടങ്ങൾ, രോഗങ്ങൾ, കേസുകൾ, കുറ്റകൃത്യങ്ങൾ എന്നിവയ്ക്കുവേണ്ടി ചെലവഴിക്കപ്പെടുന്നു. എന്നാൽ ഭീമമായ ഈ ചെലവ് മറച്ചുവച്ചുകൊണ്ട് മദ്യക്കച്ചവടത്തിലൂടെ ലഭിക്കുന്ന വരുമാനം മാത്രം എടുത്തുകാട്ടി മദ്യക്കച്ചവടം നാടിന്റെ മുഖ്യവരുമാനമാണെന്ന് നുണപ്രചാരണം നടത്തുന്നു. മദ്യത്തിലൂടെ ലഭിക്കുന്ന കോടികളുടെ വരുമാനം ഒരു വൻനേട്ടമായി അവതരിപ്പിക്കുന്നവരോട് ഒരു ചോദ്യം? ലഹരി അടിമത്തതിൽ ഇവിടെ തകർക്കപ്പെടുന്ന ജീവിതങ്ങൾക്ക്, സ്ത്രീജനങ്ങളുടെ അഭിമാനത്തിന്, തകർന്നടിയുന്ന ധാർമ്മികതയ്ക്ക്, മൂല്യങ്ങൾക്ക്, തെരുവിൽ പിടഞ്ഞു പൊലിയുന്ന ചെറുപ്പക്കാരുടെ ജീവനുകൾക്ക്, ലഹരിതകർക്കുന്ന കൗമാരങ്ങൾക്ക്, ശാപഗ്രസ്ഥമാകുന്ന തലമുറകൾക്ക് എത്രകോടിയാണ് നിങ്ങൾ വിലയിട്ടിരിക്കുന്നത്? നഷ്ടമാകുന്ന സന്തോഷവും, സമാധാനവും എത്രകോടി കൊടുത്താൽ തിരികെ കിട്ടും? സമ്പത്ത്, ആരോഗ്യം, ബന്ധങ്ങൾ ഒക്കെ നശിപ്പിക്കുന്ന ഈ മരണ വ്യാപാരം ഇനിയെങ്കിലും അവസാനിപ്പിച്ചുകൂടേ?.

കഴിഞ്ഞ ആറു വർഷമായി മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത സമിതിയുടെ ചെയർമാൻ അഭിവന്ദ്യ ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെതെച്ചേരിലിനെ നന്ദിയോടെ ഓർക്കുന്നു. കെ. സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ നേതൃത്വത്തിൽ കേരള കത്തോ

ലിക്കസഭ ലഹരിമോചന പോരാട്ടങ്ങൾക്ക് മുന്നിട്ടിറങ്ങിയിരിക്കുകയാണ്; 2013 ഫെബ്രുവരി 19-ാം തീയതി പുറത്തിറക്കിയ 'ലഹരി മോചന പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ' നടപ്പിലാക്കാനുള്ള തീവ്രശ്രമത്തിലാണ് സമിതിയുടെ പ്രവർത്തകർ. എല്ലാവരും ഒറ്റക്കെട്ടായി ഈ ദൗത്യം ഏറ്റെടുത്താൽ മാത്രമേ നമുക്ക് ഈ മേഖലയിൽ എന്തെങ്കിലും ചെയ്യാനാവൂ. മദ്യവിരുദ്ധ സമിതി നടത്തിയ ജ്യോതിർഗമയ ലഹരി മോചന കേരളയാത്രയ്ക്ക് കേരളത്തിലെ എല്ലാ വിഭാഗങ്ങളും നല്കിയ പിന്തുണയ്ക്ക് നന്ദിപറയുന്നു. തുടർന്നും സമിതിയുടെ എല്ലാ പ്രവർത്തനങ്ങളിലും സഹകരിക്കുക. മദ്യവിരുദ്ധ ഞായറിനോടനുബന്ധിച്ച് എല്ലാ ഇടവകകളിലും സെമിനാറുകൾ, ബോധവത്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്. മദ്യപരായ വ്യക്തികളെയും കുടുംബങ്ങളെയും സന്ദർശിക്കുകയും ലഹരിവിമുക്ത സന്ദേശം പ്രചരിപ്പിക്കുകയും വേണം. വിദ്യാർത്ഥികളെ സംഘടിപ്പിച്ച് ലഹരിവിരുദ്ധ റാലി ക്രമീകരിക്കേണ്ടതാണ്. ഇതര മതവിഭാഗങ്ങളും മദ്യവിരുദ്ധപ്രസ്ഥാനങ്ങളുമായി ചേർന്ന് ലഹരിക്കെതിരായ പോരാട്ടം ശക്തമാക്കാൻ പരിശ്രമിക്കുക. 26-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച മദ്യവിരുദ്ധസമിതിയുടെ പ്രവർത്തനങ്ങൾക്കായി രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ലഹരിമുക്തമായ നല്ല നാളേക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം, പ്രവർത്തിക്കാം.

പ്രാർത്ഥനാശീർവാദങ്ങളോടെ,

**ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ**

(ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

**ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

**ബിഷപ്പ് ജോസഫ് കാരിക്കശ്ശേരി**

(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

---

**NB:- ഈ സർക്കുലർ ജനുവരി 19-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# ലോകസമാധാനദിന സന്ദേശം

**ഫ്രാൻസിസ് മാർപാപ്പാ**

**1 ജനുവരി 2014**

### *സാഹോദര്യം: സമാധാനത്തിന്റെ അടിസ്ഥാനവും അതിലേക്കുള്ള പാതയും*

1. ലോകസമാധാനദിനാചരണത്തെക്കുറിച്ച് എന്റെ ഈ പ്രഥമസന്ദേശത്തിൽ എല്ലാവർക്കും – വ്യക്തികൾക്കും ജനതകൾക്കും – സന്തോഷവും പ്രത്യാശയും നിറഞ്ഞ ജീവിതം ഉണ്ടാകട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. ഓരോ വ്യക്തിയുടെയും ഹൃദയത്തിൽ പൂർണമായ ജീവിതത്തിനുള്ള ആഗ്രഹമുണ്ട്. സാഹോദര്യത്തിനു വേണ്ടിയുള്ള അമർത്തപ്പെടാനാവാത്ത ആഗ്രഹം അതിൽപ്പെടുന്നു. അതു മറ്റുള്ളവരുമായുള്ള സൗഹൃദബന്ധത്തിലേക്കു നമ്മെ നയിക്കുന്നു. മറ്റുള്ളവരെ ശത്രുക്കളോ എതിരാളികളോ ആയി കാണാതെ സ്വീകരിച്ച് ആശ്ലേഷിക്കേണ്ട സഹോദരീ സഹോദരന്മാരായി സ്വീകരിച്ച് ആശ്ലേഷിക്കാൻ അതു സഹായിക്കുന്നു.

സാഹോദര്യം സാരാംശപരമായ ഒരു മാനുഷിക ഗുണമാണ്. കാരണം, നമ്മൾ പരസ്പരം ബന്ധപ്പെട്ട ജീവികളാണ്. ബന്ധത്തെ ക്കുറിച്ചുള്ള നമ്മുടെ സജീവമായ ബോധം മറ്റുള്ളവരെ സഹോദരീ സഹോദരന്മാരായി കാണാൻ നമ്മെ സഹായിക്കുന്നു. സാഹോദര്യമില്ലാതെ നീതിയുള്ള സമൂഹമോ ദൃഢവും ശാശ്വതവുമായ സമാധാനമോ സൃഷ്ടിക്കാൻ കഴിയുകയില്ല. സാഹോദര്യം ആദ്യം പഠിക്കുന്നത് പൊതുവേ കുടുംബങ്ങളിൽ വച്ചാണെന്ന് നാം ഓർമ്മിക്കണം. അതിന്റെ ഓരോ അംഗത്തിന്റെയും – പ്രത്യേകിച്ച് മാതാപിതാക്കളുടെ – ഉത്തരവാദിത്വപൂർണവും പരസ്പരപൂരകവുമായ ധർമ്മത്തിന്റെ സഹായത്താലാണ്, സർവോപരി, അതു പഠിക്കുന്നത്. കുടുംബം എല്ലാ സാഹോദര്യത്തിന്റെയും ഉറവിടമാണ്. അത് പ്രകൃത്യാ സമാധാനത്തിന്റെ അടിസ്ഥാനവും അതിലേക്കുള്ള പ്രഥമപാതയുമാണ്. കാരണം, കുടുംബം അതിനുള്ള വിളി മൂലം ചുറ്റുമുള്ള ലോകത്തിലേക്ക് സ്നേഹം വ്യാപിപ്പിക്കേണ്ടതാണ്.

ഇന്നത്തെ ലോകത്തിലുള്ള വർധമാനമായ പരസ്പരബന്ധ

ങ്ങളും ആശയവിനിമയ മാർഗങ്ങളും രാഷ്ട്രങ്ങളുടെ ഐക്യത്തെയും പൊതുഭാഗധേയത്തെയും കുറിച്ചുള്ള ബോധം നമ്മിൽ ശക്തിപൂർവം ജനിപ്പിക്കുന്നുണ്ട്. ചരിത്രത്തിന്റെ സ്വയംചാലകപ്രവർത്തനത്തിൽ, വംശപരമായ ഗ്രൂപ്പുകൾ, സമൂഹങ്ങൾ, സംസ്കാരങ്ങൾ എന്നിവയിൽ, പരസ്പരം സ്വീകരിക്കുകയും പരിചരിക്കുകയും ചെയ്യുന്ന സഹോദരീ സഹോദരന്മാരുള്ള സമൂഹം രൂപപ്പെടുത്താനുള്ള വിളിയുടെ വിത്തുകൾ നാം കാണുന്നു. പക്ഷേ, ഈവിളി ഇന്നുമിക്കപ്പോഴും നിഷേധിക്ക പ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്യുന്നു. "നിസ്സംഗതയുടെ ആഗോളീകരണ"ത്താൽ മുദ്രിതമായ ഇന്നത്തെ ലോകത്തിൽ ഇതു സംഭവിക്കുന്നു. സാവധാനത്തിൽ മറ്റുള്ളവരുടെ സഹനം അവഗണിച്ച് തന്നിൽത്തന്നെ അടച്ചുപൂട്ടിക്കഴിയാൻ ഇന്നത്തെ ലോകം പ്രേരിപ്പിക്കുക യാണ്.

ലോകത്തിന്റെ പലഭാഗങ്ങളിലും മൗലികങ്ങളായ മാനുഷികാവകാശങ്ങൾക്കെതിരേ - പ്രത്യേകിച്ച്, ജീവിക്കാനും മതസ്വാതന്ത്ര്യം ആസ്വദിക്കാനുമുള്ള അവകാശങ്ങൾക്കെതിരേ - നടക്കുന്ന ഗൗരവപൂർണമായ അക്രമങ്ങൾക്ക് അവസാനമില്ലാത്തതായി തോന്നുന്നു. മനുഷ്യക്കടത്ത് എന്ന ദുരന്തപരമായ പ്രതിഭാസം ഇതിന്റെ അസ്വാസ്ഥ്യജനകമായ ഒരു ഉദാഹരണമാണ്. മനുഷ്യക്കടത്തിൽ മനസ്സാക്ഷിയില്ലാത്തവർ മറ്റുള്ളവരുടെ ജീവനെയും നിസ്സഹായാവസ്ഥ യെയും പിന്തുടർന്നു കൊള്ളയടിക്കുന്നു. പരസ്യമായ സായുധ യുദ്ധങ്ങളോടൊപ്പം ഏറെക്കുറെ അദൃശ്യവും എന്നാൽ ക്രൂരതയിൽ ഒട്ടും കുറയാത്തതുമായ യുദ്ധങ്ങൾ നടക്കുന്നുണ്ട്. സാമ്പത്തികവും പണപരവുമായ മേഖലകളിലാണ്, ജീവൻ, കുടുംബം, ബിസിനസ്സ് എന്നിവയ്ക്കെതിരേ തുല്യനശീകരണശക്തിയുള്ള മാർഗങ്ങൾ ഉപയോഗിച്ച് അവ നടത്തുന്നത്.

ബെനഡിക്ട് 16-ാമൻ മാർപാപ്പാ പറഞ്ഞതുപോലെ ആഗോളവത്കരണം നമ്മെ അയൽക്കാരാക്കുന്നു. പക്ഷേ, നമ്മെ സഹോദരരാക്കുന്നില്ല.[1] അസമത്വം, ദാരിദ്ര്യം, അനീതി എന്നിവയുടെ അനേകം സാഹചര്യങ്ങൾ സാഹോദര്യത്തിന്റെ അഗാധമായ അഭാവത്തിന്റെ മാത്രം അടയാളങ്ങളല്ല. പിന്നെയോ ഐക്യദാർഢ്യ ത്തിന്റെ അഭാവത്തിന്റെയും അടയാളങ്ങളാണ്. അനിയന്ത്രിതമായ വ്യക്തിവാദം അഹംപ്രത്യയവാദം, ഭൗതികവാദപരമായ ഉപഭോഗസംസ്കാരം എന്നിവയുടെ സവിശേഷതകളുള്ള പുതിയ പ്രത്യയശാസ്ത്രങ്ങൾ സാമൂഹിക ബന്ധങ്ങളെ ദുർബലപ്പെടുത്തുന്നു.

"വലിച്ചെറിയൽ" മനോഭാവം ജ്വലിപ്പിച്ചു കൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. അതാകട്ടെ, ഏററവും ദുർബലരായവരെയും "ഉപയോഗശൂന്യ"രെന്നു കരുതപ്പെടുന്നവരെയും പുച്ഛിക്കുകയും തള്ളിക്കളയുകയും ചെയ്യുന്നു. അങ്ങനെ മാനുഷിക സഹവർത്തിത്വം വർധമാനമായ തോതിൽ "തരാൻവേണ്ടി കൊടുക്കുക"യെന്ന ചിന്താഗതി പ്രതിഫലിപ്പിക്കാൻ തുടങ്ങുന്നു. അതാകട്ടെ, പ്രായോഗികതാവാദപരവും സ്വാർത്ഥപരവുമാണ്.

അതേസമയം സാഹോദര്യത്തിന്റെ യഥാർത്ഥ ബന്ധങ്ങൾ സൃഷ്ടിക്കാൻ ഇന്നത്തെ ധാർമ്മിക സമ്പ്രദായങ്ങൾക്കു കഴിയാതിരിക്കുന്നുവെന്നു തോന്നുന്നു. എന്തെന്നാൽ സാഹോദര്യം അതിന്റെ അടിസ്ഥാനമായ പൊതുപിതാവിനെ പരാമർശിക്കാതിരുന്നാൽ അത് നിലനില്ക്കുകയില്ല.[2] ജനതകളുടെയിടയിലുള്ള സാഹോദര്യത്തിന്റെ മുൻവ്യവസ്ഥയായി സർവാതിശായിയായ ഒരു പിതാവിനെ ആവശ്യപ്പെടുന്നുണ്ട്. ആ പിതൃത്വത്തിന്റെ അംഗീകാരത്തെ അടിസ്ഥാനപ്പെടുത്തി മാനുഷിക സാഹോദര്യം ദൃഢീകരിക്കപ്പെടുന്നു; ഓരോ വ്യക്തിയും മറ്റുള്ളവരെ സൂക്ഷിക്കുന്ന "അയൽക്കാരൻ" ആയിത്തീരുന്നു.

**നിന്റെ സഹോദരൻ എവിടെ? (ഉത്പ 4:9)**

2. സാഹോദര്യത്തിലേക്ക് മനുഷ്യനു ലഭിച്ചിരിക്കുന്ന വിളി മനസ്സിലാക്കാൻ, അതിന്റെ സാക്ഷാത്കാരത്തിനുള്ള വഴിയിൽ നില്ക്കുന്ന തടസ്സങ്ങൾ കൂടുതൽ വ്യക്തമായി ഗ്രഹിക്കാൻ, അവയെ കീഴടക്കാനുള്ള മാർഗങ്ങൾ തിരിച്ചറിയാൻ, ദൈവത്തിന്റെ പദ്ധതി അറിയാൻ ശ്രമിക്കുകയെന്നത് അത്യധികം പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. ആ പദ്ധതി വിശുദ്ധ ലിഖിതങ്ങളിൽ ശ്രേഷ്ഠമായ രീതിയിൽ അവതരിപ്പിച്ചിട്ടുണ്ട്. ബൈബിൾ നല്കുന്ന സൃഷ്ടിയുടെ വിവരണമനുസരിച്ച് എല്ലാ ജനതകളും ആദം, ഹവ്വ എന്നീ പൊതുമാതാപിതാക്കളിൽ നിന്നുണ്ടായവരാണ്. ആ മാതാപിതാക്കൾ ദൈവം സ്വന്തം ഛായയിൽ സൃഷ്ടിച്ച ദമ്പതികളാണ് (ഉത് 1:26). അവർക്ക് കായേൻ, ആബേൽ എന്ന രണ്ടു പുത്രന്മാരുണ്ടായിരുന്നു. ഈ ആദിമ കുടുംബത്തിന്റെ കഥയിൽ സമൂഹത്തിന്റെ ഉത്പത്തിയും വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ പരിണാമവും നാം കാണുന്നു.

ആബേൽ ആട്ടിടയനും കായേൻ കൃഷിക്കാരനുമാണ്. അവരുടെ അത്യഗാധമായ തനിമയും അവർക്കുള്ള വിളിയും സഹോദരന്മാരായിരി

ക്കുകയെന്നതാണ്. അവരുടെ പ്രവർത്തനവും സംസ്കാരവും ദൈവത്തോടും സൃഷ്ടിയോടുമുള്ള അവരുടെ ബന്ധവും വ്യത്യസ്തമാണെങ്കിലും അവരുടെ തനിമയും വിളിയും അതാണ്. സഹോദര ന്മാരായിരിക്കുകയെന്ന അവരുടെ വിളി മൗലികമായി തള്ളിക്കളഞ്ഞതിന്റെ ദുരന്തപരമായ സാക്ഷ്യമാണ് കായേൻ ആബേലിനെ വധിച്ചു എന്ന അവരുടെ കഥ (ഉത്പ 4:1-16). പ്രയാസമുള്ള ഒരു ദൗത്യം അത് വ്യക്തമാക്കുന്നുണ്ട്. എല്ലാ മനുഷ്യരും ഒരാൾ മറ്റൊരാളെ സംരക്ഷിച്ചുകൊണ്ട് ഒന്നായി ജീവിക്കണമെന്ന വിളിയാണത്. ആബേൽ തന്റെ ആട്ടിൻക്കൂട്ടത്തിലെ ഏറ്റവും നല്ലതിനെ ദൈവത്തിനു സമർപ്പിക്കുകയും ദൈവം അതിൽ സംപ്രീതനാവുകയും കായേൻ സമർപ്പിച്ച ബലിയിൽ സംപ്രീതനാകാതിരിക്കുകയും ചെയ്തു. "ആബേലിലും അവന്റെ കാഴ്ചവസ്തുക്കളിലും അവിടുന്ന് പ്രസാദിച്ചു. എന്നാൽ കായേലിനിലും അവന്റെ കാഴ്ചവസ്തുക്കളിലും അവിടുന്നു പ്രസാദിച്ചില്ല" (ഉത്പ 4:4-5). ദൈവത്തിന് ആബേലിലുള്ള താത്പര്യാധിക്യം അംഗീകരിക്കാൻ കഴിയാതെ കായേൽ അസൂയകൊണ്ട് ആബേലിനെ വധിച്ചു. അങ്ങനെ കായേൻ ആബേലിനെ സഹോദരനായി കരുതിയില്ല. മറ്റുള്ളവരെ ശ്രദ്ധിക്കുകയും സംരക്ഷിക്കുകയും ചെയ്യാനുള്ള ഉത്തരവാദിത്വം സ്വീകരിച്ചുകൊണ്ട് നീതിപൂർവം ജീവിക്കാൻ വിസമ്മതിച്ചു. അവന്റെ നീചപ്രവൃത്തിക്ക് അവൻ ഉത്തരം കൊടുക്കണമെന്ന് "നിന്റെ സഹോദരൻ എവിടെ" എന്നു ചോദിച്ചുകൊണ്ട് ദൈവം വ്യക്തമാക്കി. കായേൻ ഇങ്ങനെ ഉത്തരം പറഞ്ഞു: "എനിക്കറിഞ്ഞുകൂടാ. ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനാണോ (ഉത്പ 4:9)? അപ്പോൾ "കായേൻ കർത്താവിന്റെ സാന്നിധ്യത്തിൽ നിന്ന് അകന്നുപോയി" (ഉത്പ 4:16) എന്ന് ഉത്പത്തി ഗ്രന്ഥം പറയുന്നു.

നാം നമ്മോടു തന്നെ ഇങ്ങനെ ചോദിക്കണം: സാഹോദര്യ ത്തിന്റെ ബന്ധം അവഗണിക്കാൻ കായേനെ പ്രേരിപ്പിച്ച കാരണങ്ങൾ ഏവയാണ്? ആബേലിനോട് അയാളെ ബന്ധിപ്പിച്ചിരുന്ന പാരസ്പര്യവും സൗഹൃദവും അവഗണിക്കാൻ പ്രേരിപ്പിച്ച ഹേതുക്കൾ ഏവ? ദൈവം കായേനെ കുറ്റപ്പെടുത്തുകയും അയാളും തിന്മയും തമ്മിലുള്ള സംഘർഷത്തെക്കുറിച്ചു ശാസിക്കുകയും ചെയ്തിരുന്നു: "പാപം നിന്റെ പടിവാതുക്കൽ പതിയിരിക്കുന്നു" (ഉത്പ 4:7). പക്ഷേ, കായേൻ തിന്മയെ എതിർക്കാൻ വിസമ്മതിക്കുകയും പകരം തന്റെ "സഹോദരനായ ആബേലിനെതിരേ കൈ ഉയർത്തുകയും ചെയ്തു" (ഉത്പ 4:8).

അങ്ങനെ ദൈവത്തിന്റെ പദ്ധതി അയാൾ പുച്ഛിച്ചുതള്ളി. ദൈവത്തിന്റെ ശിശുവും സാഹോദര്യത്തിൽ ജീവിക്കുന്നവനുമായിരിക്കാനുള്ള ആദിമ വിളി അയാൾ തള്ളിക്കളഞ്ഞു.

സാഹോദര്യത്തിലേക്കുള്ള ഒരാന്തരികവിളി നമുക്കുണ്ടെന്നും അതു തള്ളിക്കളയാനുള്ള ദുരന്തപരമായ കഴിവു നമുക്കുണ്ടെന്നും കായേന്റെയും ആബേലിന്റെയും കഥ നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ സ്വാർത്ഥതയുടെ അനുദിനപ്രവൃത്തികൾ ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ട്. ആ പ്രവൃത്തികൾ അനേകം യുദ്ധങ്ങൾക്കും വളരെയേറെ അനീതിക്കും അടിസ്ഥാന ഹേതുവാണ്. പരസ്പരപ്രവർത്തനത്തിനും സംസർഗത്തിനും ആത്മദാനത്തിനും വേണ്ടിയുള്ളവരാണു തങ്ങൾ എന്ന് അറിയാനാവാത്ത, തങ്ങൾ ആരാണെന്ന് അറിയാൻ കഴിയാത്ത, സഹോദരീസഹോദരന്മാരുടെ കൈകൾകൊണ്ട് അനേകർ കൊല്ലപ്പെടുന്നു.

**നിങ്ങൾ എല്ലാവരും സഹോദരന്മാരായിരിക്കണം (മത്താ 23:8)**

3. ഒരു ചോദ്യം ഇവിടെ സ്വാഭാവികമായി ഉയരുന്നു: ഈ ലോകത്തിലെ സ്ത്രീപുരുഷന്മാർ, ദൈവം അവരിൽ നിക്ഷേപിച്ചിട്ടുള്ള സാഹോദര്യാഭിലാഷത്തോട് എന്നെങ്കിലും പൂർണമായി പ്രത്യുത്തരിക്കുമോ? നിസ്സംഗത, അഹംഭാവം, വിദ്വേഷം എന്നിവ സ്വശക്തികൊണ്ടു കീഴടക്കാനും സഹോദരീസഹോദരന്മാർക്കു സവിശേഷമായിട്ടുള്ള നിയമപരമായ വ്യത്യാസങ്ങൾ സ്വീകരിക്കാനും എന്നെങ്കിലും കഴിയുമോ?

കർത്താവായ ക്രിസ്തു നല്കിയ ഉത്തരം അവിടുത്തെ വാക്കുകൾ വ്യാഖ്യാനിച്ച് സംക്ഷേപിക്കാം. അവിടുന്നു പറഞ്ഞു: "നിങ്ങൾക്ക് ഒരു പിതാവേ ഉള്ളൂ. അതു ദൈവമാണ്. നിങ്ങൾ എല്ലാവരും സഹോദരീസഹോദരന്മാരാണ്" (cf മത്താ 23:8–9). സാഹോദര്യത്തിന്റെ അടിസ്ഥാനം ദൈവത്തിന്റെ പിതൃത്വമാണ്. നാം ഇവിടെ പറയുന്നത് അവ്യക്തവും ചരിത്രപരമായി ഫലശൂന്യവുമായ പൊതുപിതൃത്വത്തെ ക്കുറിച്ചല്ല. പിന്നെയോ ഓരോ പുരുഷനോടും സ്ത്രീയോടും ദൈവത്തിനുള്ള സവിശേഷവും അസാധാരണമാംവിധം വസ്തുനിഷ്ഠവും വ്യക്തിപരവുമായ സ്നേഹത്തെക്കുറിച്ചാണ് (cfമത്താ 6:25–30). അതുകൊണ്ട് കാര്യക്ഷമമായി സാഹോദര്യം സൃഷ്ടിക്കുന്ന ഒരു പിതൃത്വമാണ്. എന്തെന്നാൽ ദൈവസ്നേഹം ഒരിക്കൽ സ്വാഗതം ചെയ്യപ്പെട്ടാൽ അത് പരിവർത്തനത്തിനുള്ള വലിയ മാർഗമായിത്തീരും. അത് നമ്മുടെ ജീവിതത്തെയും മറ്റുള്ളവരുമായുള്ള

ബന്ധങ്ങളെയും, നമ്മെ ഐക്യദാർഢ്യത്തിലേക്കും യഥാർത്ഥമായ പങ്കുവയ്ക്കലിലേക്കും തുറന്നുകൊണ്ട് പരിവർത്തനം ചെയ്യിക്കുന്നു.

ക്രിസ്തു ഒരു പ്രത്യേക വിധത്തിൽ മാനുഷിക സാഹോദര്യത്തെ വീണ്ടും ജനിപ്പിക്കുന്നു. യേശുക്രിസ്തുവിലും യേശുക്രിസ്തുവിനാലും -അവിടുത്തെ മരണോത്ഥാനങ്ങൾ വഴി അതു പുനർജനിപ്പിക്കപ്പെടുന്നു. മനുഷ്യർക്ക് സ്വന്തം പ്രയത്നത്താൽ ജനിപ്പിക്കാനാവാത്ത ആ സാഹോദര്യത്തിന്റെ സുനിശ്ചിതമായ അടിസ്ഥാനം കുരിശാണ്. മനുഷ്യസ്വഭാവത്തെ രക്ഷിക്കാൻ വേണ്ടി മനുഷ്യത്വം സ്വീകരിച്ച യേശുക്രിസ്തു കുരിശിലെ മരണംവരെ പിതാവിനെ സ്നേഹിച്ചുകൊണ്ട് (cf ഫിലി 2:8) തന്റെ ഉത്ഥാനം വഴി സാഹോദര്യത്തിലേക്ക് നമുക്കുള്ള വിളിയുടെ സമ്പൂർണ സാക്ഷാത്കാരമാകുന്ന ദൈവേഷ്ടത്തോടും അവിടുത്തെ പദ്ധതിയോടും പൂർണമായി യോജിക്കുന്ന പുതിയൊരു മനുഷ്യത്വം നമ്മിൽ നിന്നു സൃഷ്ടിച്ചു.

യേശു ആരംഭം മുതൽ പിതാവിന്റെ പദ്ധതി, മറ്റെല്ലാറ്റിനെക്കാളും പ്രാധാന്യം കല്പിച്ചുകൊണ്ട്, സ്വീകരിച്ചു; പിതാവിനോടുള്ള സ്നേഹത്തെപ്രതി സ്വയം മരണത്തിനു സമർപ്പിച്ചുകൊണ്ട് നമ്മെ എല്ലാവരെയും സംബന്ധിച്ച സുനിർണീതവും നവീനവുമായ ഒരു തത്ത്വമായിത്തീർന്നു. നമ്മൾ എല്ലാവരും അവിടുന്നിൽ സഹോദരീ സഹോദരന്മാരായി കരുതണം; ഒരേ പിതാവിന്റെ മക്കളെന്ന നിലയിൽ അങ്ങനെ ചെയ്യണം. അവിടുന്നു തന്നെയാണ് ഉടമ്പടി. ദൈവവുമായും സഹോദരീ സഹോദരന്മാരെന്ന നിലയിൽ പരസ്പരവും അവിടുത്തെ വ്യക്തിത്വത്തിൽ നമ്മൾ അനുരഞ്ജിതരായിരിക്കുന്നു. യേശുവിന്റെ കുരിശുമരണം ജനതകൾ തമ്മിലുള്ള വിഭജനം അവസാനിപ്പിച്ചു. ഉടമ്പടിയുടെ ജനതയും അവിശ്വാസികളും തമ്മിലുള്ള വിഭജനം അവസാനിപ്പിച്ചു. അവിശ്വാസികൾ ആ നിമിഷം വരെ പ്രത്യാശയില്ലാത്ത വരായിരുന്നു. എന്തെന്നാൽ അവർ വാഗ്ദാനത്തിന്റെ ഉടമ്പടികളിൽ കക്ഷി ചേർന്നിരുന്നില്ല. എഫേസോസുകാർക്കുള്ള ലേഖനത്തിൽ നാം വായിക്കുന്നതുപോലെ യേശുക്രിസ്തുവാണ് എല്ലാ ജനതകളെയും തന്നിൽത്തന്നെ അനുരഞ്ജിപ്പിക്കുന്നത്. അവിടുന്ന് സമാധാനമാണ്. എന്തെന്നാൽ അവിടുന്ന് രണ്ടു ജനതകളെ ഒന്നിപ്പിച്ചു. അവരെ വേർതിരിച്ചിരുന്ന മതിൽ, അതായത്, അവർ തമ്മിലുള്ള ശത്രുത, തകർത്തു. അവിടുന്ന് തന്നിൽത്തന്നെ ഒറ്റജനത്തെ, ഒരു പുതിയ മനുഷ്യനെ, ഒരു പുതിയ മനുഷ്യവംശത്തെ സൃഷ്ടിച്ചു (cf 2:14-16).

ക്രിസ്തുവിന്റെ ജീവിതം സ്വീകരിക്കുകയും അവിടുന്നിൽ ജീവിക്കുകയും ചെയ്യുന്നവർ ദൈവത്തെ പിതാവായി അംഗീകരിക്കുകയും സർവോപരി, അവിടുത്തെ സ്നേഹിച്ചുകൊണ്ട് അവിടുത്തേക്ക് തങ്ങളെത്തന്നെ സമർപ്പിക്കുകയും ചെയ്യുന്നു. അനുരഞ്ജിതനായ വ്യക്തി ദൈവത്തിൽ എല്ലാവരുടെയും പിതാവിനെ കാണുന്നു. അതിന്റെ അനന്തരഫലമായി എല്ലാവരോടും തുറവുള്ള സാഹോദര്യത്തിന്റെ ജീവിതം നയിക്കാൻ ഉത്തേജിതനാവുകയും ദൈവത്തിന്റെ പുത്രനോ പുത്രിയോ ആയി സഹോദരനോ സഹോദരിയോ ആയി ക്രിസ്തുവിൽ സ്വാഗതം ചെയ്യപ്പെടുന്നു. അപരിചിതനെപ്പോലെയല്ല, എതിരാളിയെയോ ശത്രുവിനെയോ പോലെയല്ല, സ്വാഗതം ചെയ്യപ്പെടുന്നത്. അവർ ദൈവത്തിന്റെ കുടുംബത്തിൽ ഒരേ പിതാവിന്റെ പുത്രീപുത്രന്മാരാണ്. അവർ ക്രിസ്തുവിനോട് ഒട്ടിക്കപ്പെട്ടവരാകയാൽ, ദൈവപുത്രനിൽ പുത്രീപുത്രന്മാരാകയാൽ "വലിച്ചെറിയാവുന്ന" ജീവിതങ്ങളല്ല. എല്ലാ സ്ത്രീ പുരുഷന്മാരും സമത്വവും അലംഘനീയതയുമുള്ള മഹത്ത്വത്തോടു കൂടിയവരാണ്. എല്ലാവരും ദൈവത്താൽ സ്നേഹിക്കപ്പെടുന്നു. എല്ലാവർക്കും വേണ്ടി കുരിശിൽ മരിക്കുകയും ഉയിർക്കുകയും ചെയ്ത ക്രിസ്തുവിന്റെ രക്തത്താൽ എല്ലാവരും രക്ഷിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ സഹോദരീസഹോദരന്മാരുടെ അവസ്ഥയ്ക്കു മുമ്പിൽ ആർക്കും നിസ്സംഗരായി നില്ക്കാൻ കഴിയാതിരിക്കുന്നതിന്റെ കാരണം ഇതാണ്.

**സാഹോദര്യം, അടിസ്ഥാനവും സമാധാനത്തിലേക്കുള്ള പാതയും**

4. സമാധാനത്തിന്റെ അടിസ്ഥാനവും അതിലേക്കുള്ള മാർഗവും സാഹോദര്യമാണെന്ന് ഇപ്പറഞ്ഞതിൽ നിന്ന് എളുപ്പത്തിൽ മനസ്സിലാക്കാം. എന്റെ മുൻഗാമികൾ എഴുതിയ സാമൂഹിക ചാക്രികലേഖനങ്ങൾ ഈ വിഷയത്തിൽ ഏറെ സഹായകമാണ്. പോൾ 6-ാമൻ എഴുതിയ *ജനതകളുടെ പുരോഗതി,* ജോൺ പോൾ 2-ാമൻ എഴുതിയ *സാമൂഹിക ഔത്സുക്യം* എന്നീ ചാക്രികലേഖനങ്ങളിൽ സമാധാനത്തിനു നല്കിയതായി കാണുന്ന നിർവചനങ്ങൾ ശ്രദ്ധിച്ചാൽ മതിയാകും. ജനതകളുടെ സമഗ്രവിമോചനമെന്നതാണ് സമാധാനത്തിന്റെ പുതിയപേരെന്ന് ആദ്യത്തെ ചാക്രികലേഖനത്തിൽ നാം ഗ്രഹിക്കുന്നു.[3] സമാധാനം ഐക്യദാർഢ്യത്തിന്റെ ധർമ്മമാണെന്ന് രണ്ടാമത്തേതിൽ നിന്നു നാം മനസ്സിലാക്കുന്നു.[4]

വ്യക്തികൾ മാത്രമല്ല ജനതകളും സാഹോദര്യത്തിന്റെ

ചൈതന്യത്തിൽ പരസ്പരം കണ്ടുമുട്ടണമെന്ന് പോൾ 6–ാമൻ പ്രസ്താവിച്ചു. അദ്ദേഹം പറയുന്നതുപോലെ, "നാം ഈ പരസ്പരധാരണയിലും സൗഹൃദത്തിലും, ഈ വിശുദ്ധ സംസർഗത്തിൽ ഒന്നിച്ച് അധ്വാനിക്കുകയും മനുഷ്യവംശത്തിന്റെ പൊതുഭാവി പണിതുയർത്തുകയും വേണം".[5] ഒന്നാമതായി ഈ കടമ ഏറ്റവും വിശേഷാനുകൂല്യമുള്ളവരുടേതാണ്. അവരുടെ കടമകൾ മാനുഷികവും പ്രകൃത്യതീതവുമായ സാഹോദര്യത്തിൽ വേരുറച്ചതാണ്. അത് മൂന്നുവിധത്തിൽ പ്രകാശിതമാകും. 1 ഐക്യദാർഢ്യത്തിനുള്ള കടമ. കൂടുതൽ സമ്പന്നമായ രാഷ്ട്രങ്ങൾ വികസനം കുറഞ്ഞ രാഷ്ട്രങ്ങളെ സഹായിക്കണമെന്ന് ഇത് ആവശ്യപ്പെടുന്നു. 2 സാമൂഹികനീതിയുടെ കടമ. കൂടുതൽ നീതിയുടെ അടിസ്ഥാനത്തിൽ ശക്തരും ദുർബലരും തമ്മിലുള്ള ബന്ധം വീണ്ടും ക്രമവത്കരിക്കണമെന്നാണ് ഈ നീതി ആവശ്യപ്പെടുന്നത്. 3. സാർവത്രിക പരോപകാരത്തിന്റെ കടമ. കൂടുതൽ മാനുഷികതയുള്ള ഒരു ലോകം വളർത്തിയെടുക്കണമെന്ന് ഇത് ആവശ്യപ്പെടുന്നു. ആ ലോകത്തിൽ ഓരോ വ്യക്തിക്കും എന്തെങ്കിലും കൊടുക്കാനും എന്തെങ്കിലും സ്വീകരിക്കാനുമുണ്ടാവും; അപരന്റെ വികസനത്തിനു തടസ്സമായിത്തീരുന്ന വിധത്തിൽ ഒരുവന്റെ പുരോഗതിയുണ്ടാകാതെ നോക്കും.[6]

അപ്പോൾ, സമാധാനത്തെ ഐക്യദാർഢ്യത്തിന്റെ ധർമ്മമായി പരിഗണിച്ചാൽ, അതിന്റെ പ്രധാനപ്പെട്ട അടിസ്ഥാനം സാഹോദര്യമാണെന്ന് അംഗീകരിക്കാതിരിക്കാൻ സാധ്യമല്ല. സമാധാനം വിഭജിക്കാനാവാത്ത ഒരു നന്മയാണെന്ന് ജോൺ പോൾ രണ്ടാമൻ ഉറപ്പിച്ചു പറഞ്ഞു. ഒന്നുകിൽ അത് എല്ലാവരുടെയും നന്മയാണ്, അല്ലെങ്കിൽ ആരുടെയും നന്മയല്ല. "ഓരോ വ്യക്തിയും പൊതുനന്മയ്ക്ക് ദൃഢവും സ്ഥിരോത്സാഹമുള്ളതുമായ നിശ്ചയമെന്ന നിലയിൽ സ്വയം സമർപ്പിക്കുന്നു"[7] എന്ന നിലയിലുള്ള ഐക്യദാർഢ്യത്താൽ നയിക്കപ്പെടണം. എങ്കിൽ മാത്രമേ ജീവിതത്തിന്റെ ഏറ്റവും ഉന്നതമായ ഗുണവും കൂടുതൽ മാനുഷികവും സുസ്ഥിരവുമായ വികസനവുമെന്ന നിലയിൽ സമാധാനം സമ്പാദിക്കാനും ആസ്വദിക്കാനും കഴിയുകയുള്ളൂ. "ലാഭത്തിനുവേണ്ടിയുള്ള ആഗ്രഹ"ത്താലോ "അധികാരത്തിനു വേണ്ടിയുള്ള ദാഹ"ത്താലോ നയിക്കപ്പെടണമെന്നല്ല അതിന്റെ അർത്ഥം. മറ്റുള്ളവരെ ചൂഷണം ചെയ്യുന്നതിനു പകരം അവർക്കുവേണ്ടി "സ്വയം നഷ്ടപ്പെടുക", സ്വന്തം ലാഭത്തിനുവേണ്ടി

മറ്റുള്ളവരെ പീഡിപ്പിക്കു ന്നതിനു പകരം" "അവർക്കു സേവനം ചെയ്യുക". ഇതിനൊക്കെയും സന്നദ്ധതയാണ് ആവശ്യമായിരിക്കുന്നത്. "അപരനെ-വ്യക്തിയായാലും ജനമായാലും രാഷ്ട്രമായാലും-ഒരു ഉപകരണമായി കാണാൻ പാടില്ല. തൊഴിൽശേഷിയും ശാരീരിക ശക്തിയുമുള്ളവനെ ചെറിയ കൂലികൊടുത്ത് ചൂഷണം ചെയ്യപ്പെടാവുന്നവനും ഉപയോഗശൂന്യനാകുമ്പോൾ ഉപേക്ഷിക്കാനുള്ള വനുമായ ഉപകരണമായി കാണാൻ പാടില്ല. പിന്നെയോ 'അയൽക്കാര'നും 'സഹായി'യുമായി കാണണം."[8]

നമ്മുടെ അയൽക്കാരനെ മനുഷ്യനായി മാത്രമല്ല ഒരു സഹോദരനായും സ്നേഹിക്കണമെന്ന് ക്രൈസ്തവ സ്നേഹം ഉദ്ദേശിക്കുന്നു. "സ്വന്തം അവകാശങ്ങളും മറ്റുള്ള ആരെയുംപോലെ മൗലികസമത്വവുമുള്ള മനുഷ്യജീവിയായിട്ടു മാത്രമല്ല, പിതാവായ ദൈവത്തിന്റെ സജീവപ്രതിഛായയായി, യേശുക്രിസ്തുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ടവനായി, പരിശുദ്ധാത്മാവിന്റെ സ്ഥിരപ്രവർത്തനത്തിൻ കീഴിൽ സ്ഥാപിക്കപ്പെട്ടവനായി സ്നേഹിക്കണമെന്നും"[9] ഉദ്ദേശിക്കുന്നു. ജോൺ പോൾ 2-ാമൻ വീക്ഷിക്കുന്നു: "ആ വിഷയത്തിൽ ദൈവത്തിന്റെ പൊതുപിതൃത്വം, ക്രിസ്തുവിൽ എല്ലാവരുടെയും സാഹോദര്യം - ദൈവപുത്രനിലുള്ള മക്കൾ - പരിശുദ്ധാത്മാവിന്റെ ജീവദായസാന്നിധ്യം എന്നിവയെക്കുറിച്ചുള്ള ബോധമുണ്ടായിരിക്കണം. അത് ലോകത്തെ വ്യാഖ്യാനിക്കാനും (പരിവർത്തനം ചെയ്യിക്കാനും) വേണ്ടി പുതിയ സൃഷ്ടിയെന്ന ലോകവീക്ഷണം നല്കും."[10]

**സാഹോദര്യം ദാരിദ്ര്യത്തിനെതിരേ നടത്തുന്ന സമരത്തിനുള്ള മുൻവ്യവസ്ഥ**

ജനതകൾ തമ്മിലും സ്ത്രീപുരുഷന്മാർ തമ്മിലും സാഹോദര്യമില്ലാത്ത അവസ്ഥ ദാരിദ്ര്യത്തിന്റെ ഒരു പ്രധാന കാരണമാണെന്ന് എന്റെ മുൻഗാമി "സത്യത്തിൽ സ്നേഹം" എന്ന ചാക്രികലേഖനത്തിൽ ലോകത്തെ ഓർമ്മിപ്പിച്ചു.[11] അനേകം സമൂഹങ്ങളിൽ ബന്ധങ്ങളുടെ അഗാധമായ ദാരിദ്ര്യം നമ്മൾ അനുഭവിക്കുന്നുണ്ട്. ദൃഢമായ കുടുംബബന്ധങ്ങളും സമൂഹബന്ധങ്ങളും ഇല്ലെന്നതാണ് അതിന്റെ കാരണം. ഇന്നു വർധിച്ചുവരുന്നതായി കാണുന്ന ക്ലേശം, പാർശ്വവത്കരണം, ഒറ്റപ്പെടൽ, വിവിധതരത്തിലുള്ള മനഃശാസ്ത്ര പരമായ പരാശ്രയം എന്നിവ നമ്മിൽ ഉത്കണ്ഠ ഉളവാക്കുന്നു. കുടുംബങ്ങളുടെയും സമൂഹങ്ങളുടെയും ഹൃദയങ്ങളിൽ സാഹോദര്യപരമായ ബന്ധങ്ങളുടെ വീണ്ടും കണ്ടെത്തലും

വിലമതിക്കലും കൊണ്ടുമാത്രമേ ഇത്തരത്തിലുള്ള ദാരിദ്ര്യം കീഴടക്കാനാവുകയുള്ളൂ. മനുഷ്യജീവിതത്തിന്റെ ഭാഗങ്ങളായിരിക്കുന്ന സന്തോഷങ്ങളും ദുഃഖങ്ങളും ക്ലേശങ്ങളും വിജയങ്ങളും പങ്കുവയ്ക്കുന്നതിലൂടെ അതു സാധിക്കും.

കൂടാതെ, ഒരു വശത്ത് നാം തികഞ്ഞ ദാരിദ്ര്യത്തിന്റെ ലഘൂകരണം കാണുന്നുണ്ടെങ്കിൽ മറുവശത്ത് ആപേക്ഷിക ദാരിദ്ര്യത്തിന്റെ ഗൗരവതരമായ വർധനയുണ്ടെന്ന് നാം കാണുന്നു. അതായത്, ചില പ്രത്യേക പ്രദേശങ്ങളിൽ അല്ലെങ്കിൽ നിശ്ചിതമായ ചരിത്രപരവും സാംസ്കാരികവുമായ സാഹചര്യത്തിൽ ഒന്നിച്ചു ജീവിക്കുന്ന ജനങ്ങളുടെയും ഗ്രൂപ്പുകളുടെയും മധ്യത്തിൽ അസമത്വത്തിന്റെ സംഭവങ്ങൾ വർധിച്ചുവരുന്നു. ഈ അർത്ഥത്തിൽ സാഹോദര്യത്തിന്റെ തത്ത്വത്തെ വളർത്താൻ കാര്യക്ഷമമായ നയങ്ങൾ ആവശ്യമാണ്. മഹത്ത്വത്തിലും മൗലികാവകാശങ്ങളിലും തുല്യതയുള്ള ജനങ്ങൾക്ക് മൂലധനം, സേവനങ്ങൾ, വിദ്യാഭ്യാസ സ്രോതസ്സുകൾ, ആരോഗ്യപാലനം, സാങ്കേതികവിദ്യ എന്നിവയിലേക്കുള്ള പ്രവേശനം ഉറപ്പുവരുത്തിക്കൊണ്ട് ആ തത്ത്വം നടപ്പിലാക്കണം. ഓരോ വ്യക്തിക്കും തന്റെ ജീവിതപദ്ധതി പ്രകാശിപ്പിക്കാനും സാക്ഷാത്കരിക്കാനും വ്യക്തിയെന്ന നിലയിൽ പൂർണമായി വികസിക്കാനും കഴിയുന്നതിനു വേണ്ടിയാണത്.

വരുമാനങ്ങൾ തമ്മിലുള്ള മിതമായ അസന്തുലിതാവസ്ഥ ലഘൂകരിക്കാനുള്ള നയങ്ങളും ആവശ്യമാണ്. "സാമൂഹിക പണയ"ത്തെ ക്കുറിച്ചുള്ള സഭയുടെ പ്രബോധനം നമുക്കു മറക്കാനാവുകയില്ല. ആ പ്രബോധനം ഇങ്ങനെ പറയുന്നു: വിശുദ്ധ തോമസ് അക്വീനാസു പറയുന്നതുപോലെ "ജനങ്ങൾക്ക് സ്വത്തുക്കളുടെമേൽ ഉടമസ്ഥത ഉണ്ടായിരിക്കുക"[12] നിയമാനുസൃതമാണ്. യഥാർത്ഥത്തിൽ ആവശ്യവുമാണ്. എന്നാൽ അവയുടെ ഉപയോഗത്തെ സംബന്ധിച്ചിടത്തോളം "അവർ അവ സ്വന്തമെന്ന നിലയിൽ കൈവശംവയ്ക്കുന്നില്ല. മറ്റുള്ളവരുടേതുമായിട്ടാണ് കൈവശം വയ്ക്കുന്നത്. അവർക്ക് എന്ന പോലെ തന്നെ മറ്റുള്ളവർക്കും അവ ഉപകാരപ്പെടണമെന്ന അർത്ഥത്തിലാണത്".[13]

അവസാനമായി, സാഹോദര്യം വളർത്താനും അങ്ങനെ ദാരിദ്ര്യത്തെ കീഴടക്കാനും മറ്റൊരു വഴികൂടിയുണ്ട്. അത് മറ്റുള്ള എല്ലാറ്റിന്റെയും അടിസ്ഥാനമായിരിക്കണം. മിതവും സാരാംശപരവുമായ ജീവിതശൈലി തിരഞ്ഞെടുക്കുന്നവരുടെ ആസക്തിയില്ലായ്മയാണത്,

സ്വന്തം സമ്പത്ത് പങ്കുവയ്ക്കുകയും അങ്ങനെ മറ്റുള്ളവരുമായുള്ള സഹോദരപരമായ സംസർഗം അനുഭവിക്കുകയും ചെയ്യുന്നവരുടെ ആസക്തി രാഹിത്യമാണത്. ഇത് ക്രിസ്തുവിനെ അനുഗമിക്കുന്നതിന്റെയും യഥാർത്ഥ ക്രൈസ്തവനായിരി ക്കുന്നതിന്റെയും അടിസ്ഥാനപരമായ കാര്യമാണ്. ദാരിദ്ര്യ വ്രതമെടുത്ത സമർപ്പിതരുടെ മാത്രം കാര്യമല്ലിത്; അയൽക്കാരുമായിട്ടുള്ള സഹോദരപരമായ ബന്ധമാണ് ഏറ്റവും വിലപ്പെട്ട നന്മയെന്നു ദൃഢമായി വിശ്വസിക്കുന്ന അനേകം കുടുംബങ്ങളുടെയും ഉത്തരവാദിത്വബോധമുള്ള പൗരന്മാരുടെയും കാര്യവുമാണത്.

**സാമ്പത്തികതയിൽ സാഹോദര്യം വീണ്ടും കണ്ടെത്തൽ**

6. ഇന്ന് പണപരവും സാമ്പത്തികവുമായ ഗൗരവമുള്ള വിഷമസ്ഥിതികളുണ്ട്. ദൈവത്തിൽ നിന്നും അയൽക്കാരനിൽ നിന്നും വർധമാനമായ തോതിൽ അകന്നുകൊണ്ടിരിക്കുന്നു എന്നതാണ് അതിന്റെ ഉദ്ഭവകാരണം. ഒരുവശത്ത് ഭൗതിക വസ്തുക്കൾക്കുവേണ്ടി അത്യാഗ്രഹത്തോടെ പരിശ്രമിക്കുന്നു. മറുവശത്ത് വ്യക്ത്യന്തര ബന്ധങ്ങളെയും സമൂഹപരമായ ബന്ധങ്ങളെയും ദരിദ്രമാക്കിക്കൊണ്ടിരിക്കുന്നു. ഇത് സംതൃപ്തിയും സന്തോഷവും സുരക്ഷിതത്വവും ഉപഭോഗത്തിലും സമ്പാദിക്കലിലും അന്വേഷിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു. ഗുണകരമായ സാമ്പത്തികതയുടെ എല്ലാ തത്ത്വങ്ങളെയും അതിക്രമിച്ച് അപ്രകാരം ചെയ്യുന്നു. ജോൺ പോൾ 2-ാമൻ മാർപാപ്പാ "യഥാർത്ഥവും വ്യക്തവുമായ ഒരപകടത്തിലേക്ക്" ശ്രദ്ധ ക്ഷണിച്ചു. "അതായത്, ലോകവസ്തുക്കളിൻമേലുള്ള മനുഷ്യന്റെ ആധിപത്യം അളവറ്റ മുന്നേറ്റം സൃഷ്ടിക്കുന്നു. അതേസമയം, അവന്റെ ആധിപത്യത്തിന്റെ സാരാംശപരമായ ചരടുകൾ അഴിയുന്നു. വിവിധ രീതികളിൽ അവന്റെ മനുഷ്യത്വത്തെ ലോകത്തിന് അടിമയാക്കുന്നു; പലതരത്തിലുള്ള ദുർവിനിയോഗങ്ങൾക്കുള്ള ഒരു വസ്തുവായിത്തീരുന്നു. ദുരുപയോഗം മിക്കപ്പോഴും നേരിട്ടു കാണാനാവുന്നതല്ലെങ്കിലും അങ്ങനെ സംഭവിക്കുന്നു. സമൂഹജീവിതത്തിന്റെ മുഴുവൻ സംഘാടനത്തിലൂടെയും ഉത്പാദനസമ്പ്രദായത്തിലൂടെയും സാമൂഹികസമ്പർക്കമാധ്യമങ്ങളിൽ നിന്നുള്ള സമ്മർദ്ദത്തിലൂടെയും അങ്ങനെ സംഭവിക്കുന്നു".[14]

സാമ്പത്തികവിഷമസ്ഥിതികളുടെ തുടർച്ച കാലിക പ്രസക്തിയുള്ള ഒരു പുനർവിചാരത്തിലേക്കു നമ്മെ നയിക്കണം. സാമ്പത്തിക വികസനത്തിന്റെ മാതൃകകളെക്കുറിച്ചും

ജീവിതശൈലിയുടെ മാറ്റത്തെക്കുറിച്ചുമുള്ള പുനർവിചിന്തനം തന്നെ. ഇന്നത്തെ സാമ്പത്തിക വിഷമസ്ഥിതി ജനങ്ങളുടെ ജീവിതത്തെ ഗൗരവമുള്ള രീതിയിൽ ബാധിക്കുന്നുണ്ട്. എന്നാലും ചില പുണ്യങ്ങളെ വീണ്ടും കണ്ടെത്താനുള്ള ഫലപ്രദമായ അവസരം നല്കാൻ അതു സഹായിക്കുന്നുമുണ്ട്. വിവേകം, മിതത്വം, നീതി, ശക്തി എന്നിവയാണ് ആ പുണ്യങ്ങൾ. പ്രയാസമുള്ള നിമിഷങ്ങളെ കീഴടക്കാനും നമ്മെ പരസ്പരം ബന്ധിപ്പിക്കുന്ന സാഹോദര്യം കണ്ടെത്താനും അവ സഹായിക്കും. വ്യക്തിപരമായ താത്പര്യത്തെ അങ്ങേയറ്റം വലുതാക്കുന്നതിനെക്കാൾ വലുതായ ഒന്നുണ്ടെന്നും അതു മനുഷ്യന് ആവശ്യമാണെന്നും അതു നേടാൻ അവനു കഴിയുമെന്നുമുള്ള അഗാധമായ ആത്മവിശ്വാസത്തോടെ അതു കണ്ടെത്താൻ സഹായിക്കും. സർവോപരി, മനുഷ്യമഹത്ത്വത്തിനുചേർന്ന വിധത്തിൽ സമൂഹത്തെ പടുത്തുയർത്താനും സംരക്ഷിക്കാനും അത്യാവശ്യമാണ് ആ സദ്ഗുണങ്ങൾ.

**സാഹോദര്യം യുദ്ധങ്ങളെ ഇല്ലായ്മ ചെയ്യുന്നു**

7. കഴിഞ്ഞവർഷം നമ്മുടെ അനേകം സഹോദരീ സഹോദരന്മാർക്ക് യുദ്ധത്തിന്റെ നാശകരമായ അനുഭവമുണ്ടായി. അതു സാഹോദര്യത്തിൻ മേൽ ഗൗരവപൂർണവും അഗാധവുമായ മുറിവ് ഏല്പിച്ചു. പൊതുവായിരിക്കുന്ന നിസ്സംഗതയുടെ ഇടയിൽ അനേകം സംഘട്ടനങ്ങൾ നടക്കുന്നുണ്ട്. ആയുധങ്ങൾ ഭീതിയും നാശവും വിതയ്ക്കുന്ന പ്രദേശങ്ങളിലുള്ള എല്ലാവർക്കും എന്റെയും മുഴുവൻ സഭയുടെയും അടുപ്പത്തെക്കുറിച്ച് ഞാൻ ഉറപ്പുനല്കുന്നു. വിസ്മരിക്കപ്പെട്ട യുദ്ധങ്ങളുടെ അരക്ഷിതരായ ഇരകൾക്ക് ക്രിസ്തുവിന്റെ സ്നേഹം പ്രദാനം ചെയ്യുകയെന്നതാണ് സഭയുടെ ദൗത്യം. സമാധാനത്തിനുവേണ്ടിയുള്ള പ്രാർത്ഥനകളിലൂടെയും മുറിവേറ്റവർക്കും പട്ടിണിയനുഭവിക്കുന്നവർക്കും അഭയാർത്ഥികൾക്കും സ്ഥാനചലനമുണ്ടായവർക്കും ഭീതിയിൽ കഴിയുന്ന സകലർക്കും നല്കുന്ന, സേവനത്തിലൂടെ സഭ അങ്ങനെ ചെയ്യുന്നു. വേദനിക്കുന്നവരുടെ കരച്ചിൽ കേൾക്കാനും എല്ലാത്തരം ശത്രുതയും ദുരുപയോഗവും മൗലികമനുഷ്യാവകാശങ്ങളുടെ ലംഘനവും അവസാനിപ്പിക്കാനും നേതാക്കളോട് സഭ ഉറക്കെപ്പറയുന്നുണ്ട്.[15]

ഇതിനുവേണ്ടി, ആയുധബലംകൊണ്ട് അക്രമവും മരണവും വിതയ്ക്കുന്നവരോട് ഞാൻ ശക്തിയുക്തം അഭ്യർത്ഥിക്കുന്നു: കീഴ്പ്പെടുത്തേണ്ട ശത്രുവായി ഇന്നു നിങ്ങൾ കാണുന്ന വ്യക്തിയിൽ

നിങ്ങളുടെ സഹോദരനെയോ സഹോദരിയെയോ കണ്ടുമുട്ടുക. പിൻവലിക്കുക! ആയുധങ്ങൾ ഉപേക്ഷിക്കുക. സംവാദത്തിൽ കണ്ടുമുട്ടാൻ പുറപ്പെടുക. നിങ്ങളുടെ ചുറ്റും നീതിയും വിശ്വാസവും പ്രത്യാശയും വീണ്ടും സൃഷ്ടിക്കാൻ തന്നെ! "ഈ നിലപാടിൽ നിന്ന് നോക്കുമ്പോൾ ഒരു വസ്തുത വ്യക്തമാണ്: ലോകജനതകളെ സംബന്ധിച്ചിടത്തോളം സായുധസംഘട്ടനം എപ്പോഴും അന്താരാഷ്ട്രസമന്വയത്തെ മനഃപൂർവം നിഷേധിക്കലാണ്. അഗാധമായ വിഭജനവും ആഴമുള്ള മുറിവുകളും സൃഷ്ടിക്കലാണ്. അവ സുഖപ്പെടാൻ അനേകം വർഷങ്ങൾ വേണ്ടിവരും. അന്താരാഷ്ട്ര സമൂഹം ലക്ഷ്യം വയ്ക്കുന്ന മഹത്തായ സാമ്പത്തിക -സാമൂഹിക ലക്ഷ്യങ്ങൾക്കായുള്ള പരിശ്രമത്തിന്റെ വസ്തുനിഷ്ഠമായ നിഷേധിക്കലാണു യുദ്ധങ്ങൾ.[16]

എന്നിരുന്നാലും ഇന്ന് വളരെയേറെ ആയുധങ്ങളുടെ വില്പനയും വാങ്ങിക്കലും നടക്കുന്നതുകൊണ്ട് ശത്രുതകൾ ആരംഭിക്കാനുള്ള മുടക്കുന്യായങ്ങൾ എപ്പോഴും കണ്ടെത്താൻ കഴിയും. ഇക്കാരണത്താൽ എന്റെ മുൻഗാമികൾ നടത്തിയ അഭ്യർത്ഥന ഞാൻ സ്വന്തമാക്കുക യാണ്. അതായത്, ആയുധനിർമ്മാണം നിറുത്തണമെന്നും എല്ലാ കക്ഷികളും നിരായുധരാക്കണമെന്നും ന്യൂക്ലിയർ ആയുധങ്ങളും രാസായുധങ്ങളും മുതൽ എല്ലാ ആയുധങ്ങളും നിരോധിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

സായുധസംഘട്ടനത്തിന്റെ അപകടസാധ്യതയിൽ നിന്ന് മനുഷ്യവംശത്തെ രക്ഷിക്കാൻ അന്താരാഷ്ട്ര ഉടമ്പടികളോ ദേശീയനിയമങ്ങളോ-അവ അത്യാവശ്യവും അത്യന്തം അഭിലഷണീയവു മാണെങ്കിലും-മതിയാവുകയില്ലെന്ന് നിരീക്ഷിക്കുന്ന തിൽ പരാജയപ്പെടാനാ വുകയില്ല. ഒരു ഹൃദയപരിവർത്തനം ആവശ്യമാണ്. മറ്റുള്ളവരിൽ സംരക്ഷിക്കേണ്ട സഹോദരീ സഹോദരന്മാരെ കാണാനും അവരോടൊപ്പം അധ്വാനിക്കാനും എല്ലാവർക്കും ജീവിതസാക്ഷാത്കാരം ലഭ്യമാക്കാനും അത് അനുവദിക്കും. സമാധാനം വളർത്തുന്നതിനുവേണ്ടി സിവിൾ സമൂഹത്തിൽ, മതസംഘടനകൾ ഉൾപ്പെടെ പല സംരംഭങ്ങളും തുടങ്ങാൻ പ്രചോദിപ്പിച്ചിട്ടുള്ളത് ഈ ചൈതന്യമാണ്. എല്ലാവരുടെയും അനുദിനസമർപ്പണം തുടർന്നും ഫലങ്ങൾ പുറപ്പെടുത്തിക്കൊണ്ടിരി ക്കുമെന്നും ഞാൻ പ്രത്യാശിക്കുന്നു. മറ്റുള്ള എത് അവകാശ ത്തിന്റെയും അവശ്യമുൻവ്യവസ്ഥയെന്ന നിലയിലും മാനുഷിക

മൗലികാവകാശമെന്ന നിലയിലും സമാധാനത്തിനുള്ള അവകാശം അന്താരാഷ്ട്രനിയമത്തിൽ ഉൾപ്പെടുത്തുമെന്നും ഞാൻ പ്രത്യാശിക്കുന്നു.

**അഴിമതിയും സംഘടിത കുറ്റകൃത്യങ്ങളും സാഹോദര്യത്തെ ഭീഷണിപ്പെടുത്തുന്നു**

8. ഓരോ സ്ത്രീക്കും പുരുഷനും ജീവിത സാക്ഷാത്കാരം ആവശ്യമാണ്. ഈ ആവശ്യത്തോട് സാഹോദര്യത്തിന്റെ ചക്രവാളത്തിനു ബന്ധമുണ്ട്. ജനങ്ങളുടെ നിയമാനുസൃതമായ ആഗ്രഹങ്ങൾ-പ്രത്യേകിച്ച് ചെറുപ്രായക്കാരുടെ ആഗ്രഹങ്ങൾ - തടയുകയോ അവയെ ദ്രോഹിക്കുകയോ ചെയ്യരുത്. അവ യാഥാർത്ഥ്യമാക്കാമെന്ന ജനങ്ങളുടെ പ്രതീക്ഷയെ അപഹരിക്കരുത്. എന്നിരുന്നാലും ആഗ്രഹത്തെ അധികാര ദുരുപയോഗവുമായി ക്കൂട്ടിക്കുഴയ്ക്കരുത്. മറിച്ച്, ജനങ്ങൾ പരസ്പരം വിലമതിക്കുന്നതിൽ മത്സരിക്കണം (cf റോമാ 12:10). ജീവിതത്തിന്റെ ഒഴിവാക്കാനാവാത്ത ഒരു ഭാഗമായ വിസമ്മതിക്കലുകളിലും നമ്മൾ എപ്പോഴും ഓർമ്മിക്കേണ്ട കാര്യമിതാണ്: നമ്മൾ സഹോദരീ സഹോദരന്മാരാണ്; അതുകൊണ്ട് നമ്മുടെ അയൽക്കാരൻ ശത്രുവോ ഒഴിവാക്കപ്പെടേണ്ട എതിരാളിയോ അല്ലെന്നു നാം തന്നെ പഠിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യണം.

സാഹോദര്യം സാമൂഹിക സമാധാനം സൃഷ്ടിക്കും. എന്തെന്നാൽ അത് സ്വാതന്ത്ര്യവും നീതിയും തമ്മിലും വ്യക്തിപരമായ ഉത്തരവാദിത്വവും ഐക്യദാർഢ്യവും തമ്മിലും വ്യക്തിയുടെ നന്മയും പൊതുനന്മയും തമ്മിലും സന്തുലിതാവസ്ഥ സൃഷ്ടിക്കുന്നു. അതുകൊണ്ട് രാഷ്ട്രീയ സമൂഹം ഇതിനെയെല്ലാം അനുകൂലിക്കാൻ സുതാര്യവും ഉത്തരവാദിത്വ പൂർണവുമായ രീതിയിൽ പ്രവർത്തിക്കണം. തങ്ങളുടെ സ്വാതന്ത്രത്തിനു വേണ്ടി പൊതു അധികാരികൾ തങ്ങളുടെ പ്രതിനിധികളായിരിക്കുന്നുവെന്ന് പൗരന്മാർക്കു തോന്നണം. എന്നാലും പലപ്പോഴും പക്ഷപാതപരമായ താത്പര്യം പൗരന്മാർക്കും സ്ഥാപനങ്ങൾക്കുമിടയിൽ പൂളുവയ്ക്കുന്നു. അത് ആ ബന്ധത്തെ, സ്ഥിരസംഘർഷത്തിന്റെ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട്, വികലമാക്കും.

സ്വാതന്ത്ര്യത്തോടും സമന്വയത്തോടും കൂടി ജീവിക്കാനുള്ള ജനങ്ങളുടെ കഴിവുമായി സംഘടനമുണ്ടാക്കുന്ന വൈയക്തിക സ്വാർത്ഥതയെ സാഹോദര്യത്തിന്റെ യഥാർത്ഥ ചൈതന്യം

കീഴടക്കുന്നു. അത്തരം സ്വാർത്ഥത ഇന്ന് സാമൂഹികമായി വികസിക്കുന്നുണ്ട്. ഇന്ന് ഏറെ വ്യാപകമായിരിക്കുന്ന അഴിമതിയുടെ വിവിധരൂപങ്ങളുടെ അനേകം രൂപങ്ങളിലും, കുറ്റകൃത്യങ്ങൾക്കുള്ള സംഘടനകളുടെ രൂപീകരണത്തിലും അതു വികസിക്കുന്നു. അത്തരം സംഘടനകൾ ചെറുഗ്രൂപ്പുകളായിട്ടും ആഗോളതലത്തിലും രൂപീകരിക്കപ്പെടുന്നുണ്ട്. ആ ഗ്രൂപ്പുകൾ വ്യക്തിമഹത്ത്വത്തിന്റെ കേന്ദ്രത്തെത്തന്നെ തകർത്തുകൊണ്ട് നിയമ വ്യവസ്ഥയും നീതിയും തകർക്കുകയാണ്. ഈ സംഘടനകൾ ഗൗരവതരമായ വിധത്തിൽ ദൈവദ്രോഹപരമാണ്. അവ മറ്റുള്ളവരെ ദ്രോഹിക്കുന്നു, സൃഷ്ടിയെ ദ്രോഹിക്കുന്നു. അവയ്ക്ക് മതപരമായ അമിതാർത്ഥങ്ങളുണ്ടെങ്കിൽ കൂടുതലായി അങ്ങനെ ചെയ്യും.

മയക്കുമരുന്നുകളുടെ ദുരുപയോഗമാകുന്ന ഹൃദയഭേദകമായ നാടകത്തെക്കുറിച്ചും ഞാൻ ഓർമ്മിക്കുന്നു. ധാർമ്മികനിയമങ്ങളോടും സിവിൽ നിയമങ്ങളോടുമുള്ള അവജ്ഞയിൽ നിന്ന് അതു ലാഭം കൊയ്യുന്നു. പ്രകൃതിവിഭവങ്ങളുടെ നശീകരണം, വർധിച്ചുവരുന്ന മലിനീകരണം, തൊഴിൽ രംഗത്തെ ചൂഷണമെന്ന ദുരന്തം എന്നിവയെക്കുറിച്ചും ഞാൻ ചിന്തിക്കുന്നു. നിമയവിരുദ്ധമായ പണം കടത്തലിനെയും പണപരമായ ഊഹക്കച്ചവടത്തെയും ഞാൻ ഓർമ്മിക്കുന്നു. സാമ്പത്തികവും സാമൂഹികവുമായ എല്ലാ വ്യവസ്ഥിതികളെയും അവ കൊള്ളയടിക്കുകയും ദ്രോഹിക്കുകയും ചെയ്യുന്നു. ദശലക്ഷക്കണക്കിനു മനുഷ്യരെ ദരിദ്രരാക്കിക്കൊണ്ട്, അപ്രകാരം ചെയ്യുന്നു. നിഷ്കളങ്കരായ ഇരകളെ, പ്രത്യേകിച്ച് യുവജനത്തെ, അവരുടെ ഭാവിയെ കൊള്ളയടിച്ചുകൊണ്ട് അനുദിനം കൊയ്തെടുക്കുന്ന വേശ്യാവൃത്തിയെപ്പറ്റി ഞാൻ ഓർക്കുന്നു. മനുഷ്യക്കടത്തിനെക്കുറിച്ചും പ്രായപൂർത്തിയാകാത്തവർക്കെതിരേയുള്ള ദുരുപയോഗങ്ങളെക്കുറിച്ചും ലോകത്തിന്റെ പലഭാഗത്തുനിന്നും ഇന്നും നിലനില്ക്കുന്ന അടിമത്തത്തെക്കുറിച്ചും ഞാൻ ഓർമ്മിക്കുന്നു. കുടിയേറ്റക്കാരുടെ, മിക്കപ്പോഴും അവഗണിക്കപ്പെടുന്ന ദുരന്തത്തെക്കുറിച്ചും ഞാൻ ഓർമ്മിക്കുന്നു. കുടിയേറ്റക്കാർ മിക്കപ്പോഴും അപമാനകരവും നിയമവിരുദ്ധവുമായ ദുരുപയോഗത്തിന്റെ ഇരകളായിത്തീരുകയാണ്. ജോൺ പോൾ 2-ാമൻ മാർപാപ്പാ എഴുതിയതുപോലെ "അധികാരത്തിന്റെ ബന്ധത്തെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്ന ഒരു സമൂഹത്തിൽ മാനുഷികമായ യാതൊന്നുമില്ല. ജനതകളുടെ വളർച്ചയും പൂർണതയും നേടാനാണ്

അതു പ്രോത്സാഹിപ്പിക്കേണ്ടത്. അതാകട്ടെ അങ്ങനെ ചെയ്യുന്നതിനുപകരം പീഡനാത്മകമായിത്തീരുന്നു. ജനങ്ങളുടെ സ്വാതന്ത്ര്യം അതു വെട്ടിച്ചുരുക്കുന്നു".[17] എന്നാലും മനുഷ്യന് മാനസാന്തരത്തിന്റെ അനുഭവമുണ്ടാകാൻ സാധിക്കും. ജീവിതത്തിനു മാറ്റം വരുത്താൻ കഴിയുകയില്ലെന്നോർത്ത് അവർ ഒരിക്കലും നിരാശപ്പെടേണ്ടാ. എല്ലാവർക്കും പ്രത്യാശയുടെയും ആത്മവിശ്വാസ ത്തിന്റെയും ഒരു സന്ദേശമായിരിക്കട്ടെ ഇതെന്ന് ഞാൻ ആശിക്കുന്നു. മൃഗീയമായ കുറ്റങ്ങൾ ചെയ്തവർക്കുപോലും ഇത് അപ്രകാരമായിരിക്കട്ടെ. എന്തെന്നാൽ ദൈവം പാപിയുടെ മരണം ആഗ്രഹിക്കുന്നില്ല. പിന്നെയോ അവൻ മാനസാന്തരപ്പെട്ടു ജീവിക്കണമെന്നാണ് ആഗ്രഹിക്കുന്നത് (cf എസ. 18:23).

മാനുഷികബന്ധങ്ങളുടെ വിശാലമായ സാഹചര്യത്തിൽ കുറ്റകൃത്യങ്ങളെയും ശിക്ഷയെയും പറ്റി ചിന്തിക്കുമ്പോൾ, അനേകം ജയിലുകളിലുള്ള മനുഷ്യത്വരഹിതമായ അവസ്ഥകളെക്കുറിച്ച് ചിന്തിക്കാതിരിക്കാൻ സാധ്യമല്ല. അവിടങ്ങളിൽ കസ്റ്റഡിയിലുള്ളവരെ മിക്കപ്പോഴും മനുഷ്യത്വരഹിതമായ അവസ്ഥയിലേക്കു താഴ്ത്തുന്നു. അവരുടെ മാനുഷിക മഹത്ത്വത്തെ ലംഘിച്ചുകൊണ്ട് അങ്ങനെ ചെയ്യുന്നു. പുനരധിവാസം സംബന്ധിച്ച പ്രത്യാശയെയും ആഗ്രഹത്തെയും ഞെട്ടിപ്പിക്കുന്നു. സഭ ഈ സാഹചര്യങ്ങളിൽ വളരെയേറെ സഹായം ചെയ്യുന്നുണ്ട്. മിക്കപ്പോഴും നിശ്ശബ്ദ സേവനമാണു ചെയ്യുന്നത്. കൂടുതൽ സേവനം ചെയ്യാൻ ഞാൻ ഓരോ വ്യക്തിയെയും ആഹ്വാനം ചെയ്യുന്നു, പ്രോത്സാഹിപ്പിക്കുന്നു. ഈ മണ്ഡലത്തിൽ ധീരതയുള്ള സ്ത്രീപുരുഷന്മാർ ചെയ്യുന്ന പരിശ്രമങ്ങളെ സിവിൽ അധികാരികൾ സത്യസന്ധതയോടും മാന്യതയോടും കൂടി വർധമാനമായ തോതിൽ പിന്താങ്ങുമെന്ന പ്രത്യാശയോടെയാണ് ഞാൻ അങ്ങനെ ചെയ്യുന്നത്.

**പ്രകൃതിയെ സംരക്ഷിക്കാനും വളർത്താനും സാഹോദര്യം സഹായിക്കും**

9. മനുഷ്യകുടുംബം സ്രഷ്ടാവിൽ നിന്ന് പൊതുദാനമായി പ്രകൃതിയെ സ്വീകരിച്ചു. സൃഷ്ടിയെ സംബന്ധിച്ച ക്രൈസ്തവ വീക്ഷണത്തിൽ പ്രകൃതിയുടെ മേൽ നടത്തുന്ന ഇടപെടലുകളുടെ നിയമാനുസൃതത്വത്തെക്കുറിച്ച് ഭാവാത്മകമായ ഒരു വിധിത്തീർപ്പാണു ള്ളത് – ആ ഇടപെടലുകൾ ഉപകാരപ്രദമായിരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതും ഉത്തരവാദിത്വബോധത്തോടെ നടത്തുന്നതുമാണെങ്കിൽ അത്തരം

ഇടപെടലുകൾ പ്രകൃതിയിൽ ആലേഖനം ചെയ്തിട്ടുള്ള "വ്യാകരണ"ത്തെ അംഗീകരിക്കുന്നതായിരിക്കണം. എല്ലാവരുടെയും ഉപകാരത്തിനായി ഉറവിടങ്ങൾ ജ്ഞാനപൂർവം ഉപയോഗിക്കണം. പരിസ്ഥിതി വ്യവസ്ഥയിൽ ഓരോ ജീവിക്കുമുള്ള ഉപയുക്തതയും ലക്ഷ്യവും സൗന്ദര്യവും ആദരിക്കപ്പെടണം. ഒറ്റവാക്കിൽ പറഞ്ഞാൽ പ്രകൃതി നമ്മുടെ കൈവശമാണ്. അതിൻമേൽ ഉത്തരവാദിത്വ പൂർണമായ സൂക്ഷിപ്പുനടത്താൻ നാം വിളിക്കപ്പെട്ടിരിക്കുകയും ചെയ്യുന്നു. എന്നാലും നമ്മൾ പലപ്പോഴും അത്യാഗ്രഹത്താലും അധീശത്വത്തിന്റെ ധിക്കാരത്താലും സമ്പാദനത്താലും ദുരുപയോഗത്താലും ചൂഷണത്താലും നയിക്കപ്പെടുന്നു; നാം പ്രകൃതിയെ സംരക്ഷിക്കാതിരിക്കുന്നു; ആദരിക്കാതിരിക്കുന്നു. നമ്മൾ സംരക്ഷിക്കുകയും വരും തലമുറകൾ ഉൾപ്പെടെയുള്ള നമ്മുടെ സഹോദരീ സഹോദരന്മാർക്കുള്ള സേവനത്തിനായി മാറ്റിവയ്ക്കുകയും ചെയ്യേണ്ട അനുഗ്രഹപൂർണമായ ദാനമായി അതിനെ കരുതാതിരിക്കുന്നു.

കാർഷികമേഖല പ്രത്യേകമാംവിധം പ്രാഥമിക ഉത്പാദക മേഖലയാണ്. കൃഷിചെയ്യാനും മനുഷ്യവംശത്തെ തീറ്റിപ്പോറ്റാൻ വേണ്ടി പ്രകൃതിവിഭവങ്ങളെ സംരക്ഷിക്കാനുമുള്ള നിർണായകമായ വിളിയോടു കൂടിയതാണത്. ഈ വിഷയത്തിൽ ലോകത്തിലെ വിശപ്പിന്റെ തുടർന്നുകൊണ്ടിരിക്കുന്ന അപമാനത്തെ സംബന്ധിച്ച് ഒരു ചോദ്യം നിങ്ങളോടു പങ്കുവയ്ക്കാൻ ഞാൻ പ്രേരിതനാകുന്നു: നാം ഭൂമിയിലെ വിഭവങ്ങൾ എങ്ങനെയാണ് ഉപയോഗിക്കുന്നത്? ഉത്പാദനം ലക്ഷ്യം വയ്ക്കുന്ന മുൻഗണനകളുടെ ഹൈരാർക്കിയെക്കുറിച്ച് സമകാലീന സമൂഹങ്ങൾ ചിന്തിക്കണം. എല്ലാവരും വിശപ്പിൽ നിന്ന് സ്വതന്ത്രരാകത്തക്ക വിധം ഭൂമിയിലെ വിഭവങ്ങൾ ഉപയോഗിക്കുക യഥാർത്ഥത്തിൽ ഒരു അടിയന്തിര കടമയാണ്. സംരംഭങ്ങളും സാധ്യമായ പരിഹാരമാർഗങ്ങളും ധാരാളമുണ്ട്. അവ ഉത്പാദനത്തിന്റെ വർധനയിൽ മാത്രം പരിമിതപ്പെടുത്തിയിട്ടുള്ളവയല്ല. ഇന്നത്തെ ഉത്പാദനം മതിയാകുന്നതാണെന്നതു സുപ്രസിദ്ധമാണ്. എന്നിട്ട് ദശലക്ഷക്കണക്കിനു മനുഷ്യർ വിശപ്പ് അനുഭവിക്കുകയും മരിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. ഇത് യഥാർത്ഥ ഉതപ്പാണ്. അതുകൊണ്ട് ഭൂമിയിലെ ഫലങ്ങൾ എല്ലാവർക്കും ഉപകാരപ്പെടാനുള്ള വഴികൾ നമ്മൾ കണ്ടെത്തണം. കൂടുതലുള്ളവരും അപ്പക്കഷണങ്ങൾ കൊണ്ടു മാത്രം തൃപ്തിപ്പെടേണ്ടവരും തമ്മിലുള്ള വിടവ്

വർധിക്കാതിരി ക്കാൻ വേണ്ടി മാത്രമല്ല അങ്ങനെ ചെയ്യുന്നത്. പിന്നെയോ ഇത് സർവോപരി നീതിയുടെയും സമത്വത്തിന്റെയും ഓരോ മനുഷ്യജീവിയോടുമുള്ള ആദരവിന്റെയും പ്രശ്നമായതുകൊണ്ടു കൂടിയാണ്. ഈ വിഷയത്തിൽ എല്ലാ വസ്തുക്കൾക്കും അത്യാവശ്യമായ സാർവത്രിക ലക്ഷ്യത്തെപ്പറ്റി എല്ലാവരെയും ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സഭയുടെ സമൂഹിക പ്രബോധനത്തിൽ ഒരു മൗലികതത്ത്വമാണത്. ഈ തത്ത്വത്തോടുള്ള ആദരം സാരാംശപരമായിട്ടുള്ള ഒരു വ്യവസ്ഥയാണ്. ഓരോ വ്യക്തിക്കും ആവശ്യമുള്ളതും ലഭിക്കാൻ അവകാശമുള്ളതുമായ സാരാംശപരവും പ്രാഥമികവുമായ വസ്തുക്കൾ കാര്യക്ഷമമായും നീതിപൂർവകമായും ലഭിക്കാൻ എളുപ്പമാക്കുകയെന്നതാണ് ആ വ്യവസ്ഥ.

**ഉപസംഹാരം**

10. സാഹോദര്യം നാം കണ്ടെത്തുകയും സ്നേഹിക്കുകയും അനുഭവിക്കുകയും പ്രഘോഷിക്കുകയും അതിനു സാക്ഷ്യം വഹിക്കുകയും വേണം. എന്നാൽ ദൈവത്തിൽ നിന്ന് ദാനമായി കിട്ടിയിട്ടുള്ള സ്നേഹം മാത്രമേ സാഹോദര്യം സ്വീകരിക്കാനും പൂർണമായി അനുഭവിക്കാനും നമ്മെ കഴിവുള്ളവരാക്കുകയുള്ളൂ.

രാഷ്ട്രീയത്തിനും സാമ്പത്തികതയ്ക്കും അത്യാവശ്യമായിരിക്കുന്ന യഥാർത്ഥവാദത്തെ, ആദർശങ്ങളില്ലാത്തതും മനുഷ്യന്റെ പ്രകൃത്യതീത മാനത്തെ ആദരിക്കാത്തതുമായ കേവലം സാങ്കേതിക വൈദഗ്ധ്യമായി ചുരുക്കൻ പാടില്ല. ദൈവത്തോടുള്ള ഈ തുറവ് ഇല്ലാതിരിക്കുമ്പോൾ ഓരോ മാനുഷികപ്രവൃത്തിയും ദരിദ്രമാക്കപ്പെടും; വ്യക്തികൾ ചൂഷണം ചെയ്യപ്പെടാവുന്ന വസ്തുക്കളായി മാറും. ഓരോ സ്ത്രീയെയും പുരുഷനെയും സ്നേഹിക്കുന്ന ദൈവത്താൽ ഉറപ്പാക്കപ്പെട്ട വിസ്തൃതസ്ഥലത്ത് ചലിക്കാൻ തുറവുള്ളതായിരിക്കണം രാഷ്ട്രീയവും സാമ്പത്തികതയും. എങ്കിൽ മാത്രമേ സാഹോദര്യ പരമായ സ്നേഹത്തിന്റെ യഥാർത്ഥ ചൈതന്യത്തിൽ അടിസ്ഥാനപ്പെടുത്തിയ ഒരു ക്രമം അവയ്ക്കു നേടാൻ കഴിയൂ; സമഗ്രമായ മനുഷികവികസനത്തിന്റെയും സമാധാനത്തിന്റെയും കാര്യക്ഷമതയുള്ള ഉപകരണങ്ങളാകാൻ കഴിയൂ.

സഭയിൽ നമ്മൾ എല്ലാവരും ഒറ്റ ശരീരത്തിന്റെ അവയവങ്ങളാണെന്നും പരസ്പരം ആവശ്യമുള്ളവരാണെന്നും ക്രൈസ്തവരായ

നമ്മൾ വിശ്വസിക്കുന്നു. എന്തെന്നാൽ പൊതുനന്മയ്ക്കുവേണ്ടി ക്രിസ്തുവിന്റെ ദാനത്തിന്റെ അളവനുസരിച്ച് ഓരോ വ്യക്തിക്കും ഒരു കൃപ നല്കപ്പെട്ടിട്ടുണ്ട് (Cf എഫേ 4:7,25, 1 കോറി 12:7). നമുക്കു ദൈവിക കൃപ നല്കാൻ വേണ്ടി, അതായത്, അവിടുത്തെ ജീവിതത്തിൽ പങ്കുചേരാനുള്ള സാധ്യത നല്കാൻ വേണ്ടി, ക്രിസ്തു വന്നു. സാഹോദര്യപരമായ ബന്ധങ്ങളുടെ ഒരു ഫാബ്രിക് നെയ്തെടുക്കണം. അത് പാരസ്പര്യം, ക്ഷമിക്കൽ, സമ്പൂർണമായ ആത്മദാനം എന്നിവയാൽ മുദ്രിതമായിരിക്കണം. എല്ലാവരെയും തന്നിലേക്ക് ആകർഷിക്കുന്ന ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിൽ മനുഷ്യവംശത്തിനു നല്കപ്പെട്ട ദൈവത്തിന്റെ സ്നേഹത്തിനുള്ള വീതിയും ആഴവുമനുസരിച്ചായിരിക്കണം അങ്ങനെ ചെയ്യുന്നത്: "ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ 13:34-35). ഇതാണ് സദ്വാർത്ത. ഓരോരുത്തനിൽ നിന്നും ഇത് ഒരു കാര്യം ആവശ്യപ്പെടുന്നു: ഒരടി മുന്നോട്ടു നീങ്ങുക, സഹാനുഭൂതിയുടെ ശാശ്വതാഭ്യാസനമായി, മറ്റുള്ളവരുടെ, എന്നിൽ നിന്ന് ഏററവും അകന്നിരിക്കുന്നവരുടെയും, സഹനവും പ്രത്യാശകളും ശ്രദ്ധിക്കുന്നതിൽ ഒരടി മുന്നോട്ടുവയ്ക്കുക. നമ്മുടെ എല്ലാ സഹോദരീ സഹോദരന്മാരുടെയും നന്മയ്ക്കായി തന്നെത്തന്നെ സ്വതന്ത്രമായി നല്കുന്നതും ചെലവിടുന്നതും എങ്ങനെയെന്നറിയുന്ന ആ സ്നേഹത്തിന്റെ നർബന്ധപൂർവകമായ വഴിയിലൂടെ നടന്നുകൊണ്ട് അങ്ങനെ ചെയ്യുക.

ക്രിസ്തു മനുഷ്യവംശത്തെ മുഴുവനും ആശ്ലേഷിക്കുന്നു; ആരും നഷ്ടപ്പെടരുതെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു: "ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചത് ലോകത്തെ ശിക്ഷയ്ക്ക് വിധിക്കാനല്ല, പ്രത്യുത അവൻ വഴി ലോകം രക്ഷപ്രാപിക്കാനാണ്" (യോഹ 3:17). ഹൃദയത്തിന്റെയും മനസ്സിന്റെയും വാതിലുകൾ തനിക്കായി തുറന്നു തരാൻ ആരെയും പീഡിപ്പിക്കാതെയും ഞെരുക്കാതെയുമാണ് അവിടുന്ന് ആവശ്യപ്പെടുന്നത്. ക്രിസ്തു പറയുന്നു: "നിങ്ങളിൽ ഏറ്റവും വലിയവൻ ഏറ്റവും ചെറിയവനെപ്പോലെയും അധികാരമുള്ളവൻ ശുശ്രൂഷകനെ

പ്പോലെയും ആയിരിക്കണം... ഞാൻ നിങ്ങളുടെയിടയിൽ പരിചരിക്കുന്നവനെപ്പോലെയാണ്"(ലൂക്കാ 22:26–27). അതുകൊണ്ട് ഓരോ പ്രവർത്തനവും വ്യക്തികൾക്കുള്ള പ്രത്യേകിച്ച്, ഏറ്റവും അകലെയുള്ളവരും അല്പം മാത്രം അറിയുന്നവരുമായ വ്യക്തികൾക്കുള്ള, സേവനത്തിന്റെ മനോഭാവത്താൽ വിശിഷ്ടമാക്കപ്പെട്ടിരിക്കണം. സമാധാനം പടുത്തുയർത്തുന്ന ആ സാഹോദര്യത്തിന്റെ ആത്മാവ് സേവനമാണ്.

യേശുവിന്റെ അമ്മയായ മറിയം അവളുടെ പുത്രന്റെ ഹൃദയത്തിൽ നിന്നു പൊട്ടിപ്പുറപ്പെടുന്ന സാഹോദര്യം മനസ്സിലാക്കാനും അതനുസരിച്ചു ജീവിക്കാനും നമ്മെ സഹായിക്കട്ടെ. അങ്ങനെ നമ്മുടെ പ്രിയപ്പെട്ട ഈ ഭൂമിയിൽ ഓരോ വ്യക്തിക്കും സമാധാനം ലഭിക്കുമാറാകട്ടെ.

വത്തിക്കാനിൽ നിന്ന്, 8 ഡിസംബർ 2013

**ഫ്രാൻസിസ് മാർപാപ്പാ**

# Kerala Catholic Bishops' Council New Office Bearers

The KCBC meeting held from 10 to 12 December 2013 at the POC elected the following bishops as the Office Bearers, Commission Chairmen and Vice Chairmen.

| Sl. No | Commissions | Designation | Names |
|---|---|---|---|
| | KCBC Office Bearers | President | His Eminence Baselios Cardinal Cleemis Catholicos |
| | | Vice President | Abp. Joseph Perumthottam |
| | | Secretary General | Bp. Joseph Kariyil |
| 1 | POC Commission | Chairman | His Eminence Baselios Cardinal Cleemis Catholicos |
| | | Vice Chairman | Abp. Joseph Perumthottam |
| | | Vice Chairman | Bp. Joseph Kariyil |
| 2 | Religious Commission & KCMS | Chairman | Abp. Joseph Perumthottam |
| | | Vice Chairman | Abp. Francis Kallarakal |
| | | Vice Chairman | Bp. Yoohanon Mar Chrysostom |
| 3 | Bible Commission & Kerala Catholic Bible Society | Chairman | Abp. Maria Callist Soosa Pakiam |
| | | Vice Chairman | Bp. Joseph Kallarangatt |
| | | Vice Chairman | Bp. Samuel Mar Irenios |
| 4 | Media Commission & Vatican Radio | Chairman | Bp. Sebastian Thekethecheril |
| | | Vice Chairman | Bp. Joseph Mar Thomas |
| | | Vice Chairman | Bp. Jose Puthenveettil |
| 5 | Family Commission | Chairman | Bp. Sebastian Adayanthrath |
| | | Vice Chairman | Bp. Varghese Chakkalakal |
| | | Vice Chairman | Bp. Philipos Mar Stephanos |
| 6 | Laity Commission & KCF | Chairman | Bp. Varghese Chakkalakal |
| | | Vice Chairman | Bp. Joseph Mar Thomas |
| | | Vice Chairman | Bp. Bosco Puthur |
| 7 | Women's Commission | Chairman | Bp. Joseph Mar Thomas |
| | | Vice Chairman | Bp. Varghese Chakkalakal |
| | | Vice Chairman | Bp. Mathew Anikuzhikattil |
| 8 | Education Commission & KCSL | Chairman | Abp. Andrews Thazhath |
| | | Vice Chairman | Bp. Samuel Mar Irenios |
| | | Vice Chairman | Bp. Vincent Samuel |

| | | | |
|---|---|---|---|
| 9 | Social Harmony & Vigilance Commission, Human Rights Desk | Chairman | Bp. Joshua Mar Ignathios |
| | | Vice Chairman | Bp. Bosco Puthur |
| | | Vice Chairman | Bp. Stanley Roman |
| 10 | Youth Commission, KCYM & CLC | Chairman | Bp. Joseph Pandarasseril |
| | | Vice Chairman | Bp. Thomas Mar Anthonios |
| | | Vice Chairman | Bp. Vincent Samuel |
| 11 | Labour Commission, KLM & KCITIMA | Chairman | Bp. Jose Porunnedom |
| | | Vice Chairman | Bp. Stanley Roman |
| | | Vice Chairman | Bp. Yoohanon Mar Chrysostom |
| 12 | Justice, Peace & Development Commission KSS Forum, Sarathi, Jesus Fraternity, Care Homes, Special Schools & Ecological Mission | Chairman | Abp. Thomas Mar Koorilos |
| | | Vice Chairman | Bp. Selvister Ponnumuthan |
| | | Vice Chairman | Bp. George Madathikandathil |
| | | Episcopal Advisor for Ecological Mission | Bp. Abraham Mar Julios |
| 13 | Commission for SC/ST/BC | Chairman | Bp. Selvister Ponnumuthan |
| | | Vice Chairman | Bp. Philipos Mar Stephanos |
| | | Vice Chairman | Bp. Mar Jacob Muricken |
| 14 | Temperance Commission | Chairman | Bp. Remigiose Inchananiyil |
| | | Vice Chairman | Bp. Joshua Mar Ignathios |
| | | Vice Chairman | Bp. Joseph Karikkassery |
| 15 | Theology Commission | Chairman | Bp. Abraham Mar Julios |
| | | Vice Chairman | Bp. Vincent Samuel |
| | | Vice Chairman | Bp. Pauli Kannukkadan |
| 16 | Health Commission | Chairman | Bp. Jacob Manathodath |
| | | Vice Chairman | Bp. Philipos Mar Stephanos |
| | | Vice Chairman | Bp. Joseph Karikkassery |
| 17 | Vocation Commission & CML | Chairman | Bp. Vincent Samuel |
| | | Vice Chairman | Bp. Yoohanon Mar Chrysostom |
| | | Vice Chairman | Bp. Jacob Muricken |
| 18 | Charismatic Movement Commission & K.S.T | Chairman | Bp. Raphael Thattil |
| | | Vice Chairman | Bp. Samuel Mar Irenios |
| | | Vice Chairman | Bp. Joseph Karikkassery |
| 19 | Ecumenism & Inter-Religious Dialogue Commission | Chairman | Abp. Mathew Moolakkatt |
| | | Vice Chairman | Bp. Selvister Ponnumuthan |
| | | Vice Chairman | Bp. Thomas Mar Antonios |
| 20 | INFAM | Episcopal Advisor | Bp. Mathew Arackal |

# രൂപതാകച്ചേരി വാർത്തകൾ

**മദ്യവിരുദ്ധ ഞായർ ജനുവരി 26**

മദ്യസംസ്കാരം വളർന്നു വരുന്ന ഒരു കാലഘട്ടത്തിലാണല്ലോ നാം ജീവിക്കുന്നത്. കുടുംബ ബന്ധങ്ങളെയും വ്യക്തി ബന്ധങ്ങളെയും വളരെ ദോഷകരമായി ബാധിക്കുന്ന ഒരു വലിയ വിപത്താണല്ലോ മദ്യപാനം. സമൂഹത്തിന്റെയും കുടുംബത്തിന്റെയും വ്യക്തികളുടെയും നല്ല ഭാവി സ്വപ്നം കാണുന്നവർക്കും സാമൂഹ്യപ്രതിബദ്ധതയുള്ളവർക്കും മദ്യസംസ്കാരത്തോട് പ്രതികരിക്കാതിരിക്കാൻ കഴിയില്ല. മദ്യത്തിനെതിരായ ബോധവൽക്കരണം, പ്രതിഷേധം, പ്രാർത്ഥന, മദ്യവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ വഴി മദ്യസംസ്കാരത്തിനെതിരെ പ്രതികരിക്കാൻ നമുക്കു കഴിയണം. അതിനാൽ എല്ലാ ഇടവകകളിലും മദ്യവിരുദ്ധ ബോധവൽക്കരണവും, മദ്യസംസ്കാരത്തിനെതിരായ പ്രതിഷേധവും മദ്യത്തിന്റെ പിടിയിൽ തകർന്നവർക്കു മോചനവും നൽകുന്നതിനുള്ള പ്രവർത്തനങ്ങളുമെല്ലാമായി ആ ദിനം സമുചിതമായി ആചരിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ എല്ലാ ബഹു. വികാരിമാരോടും സ്ഥാപന, സംഘടനാ നേതൃത്വത്തിലുള്ളവരോടും പ്രത്യേകം ആഹ്വാനം ചെയ്യുന്നു. കൂടാതെ അന്ന് പ്രത്യേക സ്തോത്രക്കാഴ്ച എടുത്ത് മദ്യവിരുദ്ധ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി രൂപതാ കേന്ദ്രത്തിൽ എത്തിച്ചു തരുവാനും പ്രത്യേകം അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയിലെ മദ്യവിരുദ്ധ

പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ബഹു. തോമസ് കുറ്റിക്കാട്ടുകുന്നേലച്ചനെയും അച്ചനോട് ത്യാഗപൂർവ്വം സഹകരിച്ച് പ്രവർത്തിക്കുന്ന എല്ലാവരേയും നന്ദിയോടെ ഓർക്കുകയും ദയാപൂർവ്വം അനുമോദിക്കുകയും ചെയ്യുന്നു. അവരുടെ പ്രവർത്തനങ്ങളോട് ആത്മാർത്ഥമായി സഹകരിക്കാൻ നമുക്കും പരിശ്രമിക്കാം.

**വിവാഹത്തിനൊരുക്കമായ കോഴ്സ്**

ഇക്കഴിഞ്ഞ ഓഗസ്റ്റ് മാസത്തിൽ ചേർന്ന മെത്രാൻ സിനഡിൽ തീരുമാനിച്ചതനുസരിച്ച് സതേൺ & നോർതേൺ അറേബ്യൻ വികാരിയാത്തുകൾ നടത്തുന്ന വിവാഹ ഒരുക്ക കോഴ്സുകൾ കൂടി സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർക്ക് വിവാഹത്തിനൊരുക്കമായി മറ്റ് കോഴ്സുകൾ കൂടണമെന്നില്ല.

## Young Priests' Course

മുൻകൂട്ടി അറിയിച്ചിരുന്നതുപോലെ യുവവൈദികർക്കുവേണ്ടിയുള്ള കോഴ്സ് 2014 ഫെബ്രുവരി 24-ാം തീയതി വൈകുന്നേരം 7 മുതൽ 27-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് 1 മണി വരെയായിരിക്കും. 2003 ഡിസംബറിൽ പട്ടം സ്വീകരിച്ചവർ തുടങ്ങിയുള്ള എല്ലാ യുവവൈദികരും നിർബന്ധമായും കോഴ്സിൽ സംബന്ധിക്കേണ്ടതാണ്. കോഴ്സിൽ പങ്കെടുക്കുന്നതിൽ നിന്ന് ആർക്കും ഒഴിവ് അനുവദിക്കുന്നതല്ല. അതിനാൽ വ്യക്തിപരമായ കാര്യങ്ങളോ, ഇടവകയിലെയോ, സ്ഥാപനത്തിലേയോ സംഘടനയിലേയോ കാര്യങ്ങളോ മുൻകൂട്ടി ക്രമീകരിച്ച് കോഴ്സിൽ സംബന്ധിക്കേണ്ടതാണ്. കോഴ്സിന് വരുമ്പോൾ 2007-ൽ പ്രസിദ്ധീകരിച്ച രൂപതാ നിയമാവലിയും മാനന്തവാടി രൂപതാ നിയമാവലി പ്രസിദ്ധീകരിച്ചതിനുശേഷം വന്ന ഭേദഗതികളും (കാലാകാലങ്ങളിൽ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിട്ടുള്ളവ) പഠിക്കേണ്ടതാണ്. കോഴ്സിന്റെ ഇടയിൽ നിയമാവലിയെക്കുറിച്ച് പരീക്ഷയും ഉണ്ടായിരിക്കുന്നതാണ്.

## YOUNG PRIESTS COURSE - PARTICIPANTS LIST

| SN | Rev Frs. |
|---|---|
| 1 | Chettiyassery Joseph |
| 2 | Kavumkal Joseph |
| 3 | Moolayil Thomas |
| 4 | Mukkattukavunkal Thomas |
| 5 | Kassamkuttiyil Sebastian |
| 6 | Kattamkottil Joseph |
| 7 | Karukapally Joseph |
| 8 | Painumkal George |
| 9 | Changanamthundathil George |
| 10 | Padinjarayil Mathew |
| 11 | Poothakkuzhy Jacob |
| 12 | Poovathinkal Peter |
| 13 | Vattakkatt Paul |
| 14 | Thondiparambil Sebastian |
| 15 | Kallumgatharayil Agustine |
| 16 | Puthenpurayil Joseph |
| 17 | Vadayaparambil Sony |
| 18 | Karuthedath Mathew |
| 19 | Vathelil Abraham |
| 20 | Aikkarathazhath Joseph |
| 21 | Thumbiamkuzhy Joseph |
| 22 | Kalambukattu Joseph |
| 23 | Palathadathil George |
| 24 | Punnakkapadavil Sebastian |
| 25 | Pullankunnel Chacko |
| 26 | Kizhakkanputhupally Varghese |

| | |
|---|---|
| 27 | Puthukattil Mathew |
| 28 | Kavalakkadan Varghese |
| 29 | Madathil Sebastian |
| 30 | Kattamkottil Thomas |
| 31 | Kalliyatt Devassia |
| 32 | Iykkarakkanayil Thomas |
| 33 | Kattath Thomas |
| 34 | Mekkatt Philip |
| 35 | Ambalathinkal Francis |

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# Presbyteral Council Meeting - Report

A meeting of the presbyteral council was held on 16th December 2013 at Bishop's House. The meeting began at 10.30 am with the prayer led by Rev. Fr. Manoj Ambalathinkal. Protosyncellus Msgr Mathew Madappallikunnel welcomed the participants. His Excellency Bishop Jose Porunnedom gave the introductory talk. He exhorted that the exemplary life of priests and religious is the most important witnesses and the most important means of faith formation. He pointed out the importance of a permanent committee in order to enquire and give suggestions to the diocesan bishop in disciplinary cases against priests.

In the meeting the following priests were elected to the above mentioned committee. Rev. Fr. George Myladoor (Convenor), Rev. Fr Thomas Thykunnumpuram, Rev. Fr. James Kulathinal, Rev. Fr. Augustine Nilackappillil, Rev. Fr. Joseph Nedumkallel and Rev. Fr. Thomas Kachirayil.

There was discussion about the proposed *Madhyavimuktha Varsham*.The protosyncellus briefed the proposals of Pastoral Council, approval given by curia and the College of consultors and the discussions done in the standing committee of the pastoral council with regard to the same. It was decided to begin celebration on 1st March 2014, on the foundation day of Mananthavady diocese and the year is to be organized by the pastoral council with the active participation of the KCBC Madhya virudhtha samathi in the diocese.

There was discussion about the issues related to the Gadgil and Kasturirangan reports. It was decided to print a prayer and gave directions to recite it in all churches and families. Corner meetings, discussion in panchayat gramma sabha meetings, circulation of video clippings and other means of conscientization are also proposed.

There was discussion about the necessity to support lay association such as AKCC and Media like Deepika News paper. Fr. Joseph Paruvummel the secretary proposed the vote of thanks and the meeting came to an end at 01. 30 pm.

**Fr. Joseph Paruvummel**
Secretary, Presbyteral Council

# മദ്യാസക്തിയുടെ വിനകൾ

ദൈവത്തിന്റെ സ്വന്തം നാട് ഇന്ന് മദ്യത്തിന്റെ ഉന്മാദലഹരിയിലാണ്. സാക്ഷരകേരളം രാക്ഷസകേരളമായി മാറുകയാണ്. കുരുന്നുകളും മുതിർന്നവരും അതിവേഗം മദ്യത്തിനും മറ്റു ലഹരി വസ്തുക്കൾക്കും അടിമകളാകുന്നു. കുടുംബങ്ങൾ തകരുകയാണ്. ഭാവിതലമുറ ഭ്രാന്ത് കണക്കെ പാഴ്ജന്മങ്ങളായി മാറുന്നു. കേരളം മദ്യലഹരിയിലാണെന്ന് കേരള സന്ദർശനവേളയിൽ മുൻ രാഷ്ട്രപതി പ്രതിഭാപട്ടേലും ഇതു "മദ്യപസർക്കാരാ"ണെന്ന് ജസ്റ്റിസ് വി. ആർ കൃഷ്ണയ്യരും അഭിപ്രായപ്പെട്ടു. കേരളം കുടിച്ചു മുടിയുകയാണ്.

2013 ജൂലൈ 22 തിങ്കളാഴ്ചയിലെ മനോരമപത്രത്തിൽ "നല്ല പാഠം" ഫോൺ കൗൺസലിംഗ് പരിപാടിയുടെ ഭാഗമായി നടത്തിയ സർവ്വേയിൽ കുട്ടികൾ ഭയക്കുന്ന 10 കാര്യങ്ങളിൽ ഒന്നാമത്തേത് അച്ഛന്റെ മദ്യപാനമാണ്. രണ്ട്, അച്ഛനും അമ്മയും തമ്മിലുള്ള വഴക്കാണ്. കുടുംബഭദ്രത തകരുമ്പോൾ മക്കളുടെ ഭാവിയും ഇരുളടഞ്ഞതാകും. അത്തരം ഒരു തകർച്ചയുടെ വക്കിലാണ് കേരളം. ആത്മീയതയുടെയും ധാർമ്മികതയുടെയും സനാതനമൂല്യങ്ങളുടെയും പാവനമായ ബന്ധങ്ങളുടെയും വിളനിലങ്ങളിൽ വരൾച്ച ബാധിച്ചുകഴിഞ്ഞു. കുടിക്കുന്നവരും കുടിക്കാത്തവരും സ്വയം ചോദിക്കുക. ഈ ദുരന്തത്തിൽ നിന്ന് കരകയറാൻ എന്താണ് വഴി? ഓരോ പിതാവും സഹോദരനും സ്വയം ചോദിക്കുക, എന്റെ മദ്യപാനം കുടുംബ-സാമൂഹ്യബന്ധങ്ങളിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നില്ലേ? സ്വയം തിരുത്താനും മറ്റുള്ളവരെ തിരുത്തി, ചികിത്സിച്ച് നന്മയിലേക്ക് കൊണ്ടുപോകാനും ഇന്നുതന്നെ തീരുമാനമെടുക്കുക.

ദൈവത്തിന്റെ സ്വന്തം നാട്, മാനവവിഭവശേഷിയുടെ നാട് മദ്യത്തിന്റെ പിടിയിലമർന്ന വാർത്തയാണ് 2013 ജൂൺ 10 തിങ്കളാഴ്ച ബഹു. എക്സൈസ് മന്ത്രി കേരള നിയമസഭയിൽ അവതരിപ്പിച്ചത്. സ്ഥിതി വിവരക്കണക്കുകൾ ഇതാണ്: ഇന്ത്യയിൽ ഏറ്റവുമധികം മദ്യം ഉപയോഗിക്കുന്നവർ കേരളീയരാണ്. രാജ്യത്തെ ജനസംഖ്യയുടെ നാല് ശതമാനത്തിൽ താഴെ മാത്രമേ കേരളത്തിലുള്ളൂവെങ്കിലും മദ്യവിൽപന

യുടെ 16 ശതമാനവും ഇവിടെയാണ്. ദേശീയ ശരാശരിയുടെ മൂന്നിരട്ടി മദ്യമാണ് മലയാളികൾ ഉപയോഗിക്കുന്നത്. ആളോഹരി മദ്യപാനത്തിൽ ഒന്നാം സ്ഥാനത്തുണ്ടായിരുന്ന പഞ്ചാബിനെ പിന്തള്ളി 8.3 ലിറ്ററുമായി കേരളം ഇപ്പോൾ ഒന്നാം സ്ഥാനത്താണ്. മുമ്പ് 300 പേരിൽ ഒരാൾ മദ്യ പിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 20 പേരിൽ ഒരാൾ മദ്യപിക്കുന്നു. ജന സംഖ്യയിൽ അഞ്ചു ശതമാനം പൂർണമായും മദ്യത്തിന് അടിമകളായി മാറി. 1980 ൽ മദ്യ ഉപഭോക്താക്കളുടെ കുറഞ്ഞ പ്രായം 18 വയസായി രുന്നു. ഇപ്പോഴത് 12-13 വയസിലെത്തി നിൽക്കുന്നു.

കേരള സ്റ്റേറ്റ് ബീവറേജ് കോർപ്പറേഷന്റെ വിറ്റുവരവ് 11 വർഷ ത്തിനുള്ളിൽ 420 ശതമാനം വർദ്ധിച്ചു. 2001-02 ൽ 1694 കോടി രൂപ യുടെ മദ്യം വിറ്റ സ്ഥാനത്ത് 2012-13 ൽ ഇത് 8,816.16 കോടി രൂപയായി. 1984 ൽ സംസ്ഥാനത്ത് ബിവറേജ് രൂപംകൊണ്ട വർഷം 55.5 കോടി പ്രതിവർഷ വരുമാനത്തിൽ തുടങ്ങിയ മദ്യവിൽപ്പനയാണ് ഇന്ന് 8,818.18 കോടിയായി മാറിയിട്ടുള്ളത്. കേരളത്തിൽ ഏറ്റവും ലാഭമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനം ബിവറേജ് കോർപ്പറേഷനാണ്.

സംസ്ഥാനത്ത് 1981 ൽ 144 ബാർ ഉണ്ടായിരുന്ന സ്ഥാനത്ത് 10 വർഷം കഴഞ്ഞപ്പോൾ 742 എണ്ണമായി. കഴിഞ്ഞ 25 വർഷത്തിനുള്ളിൽ കേരളത്തിലെ മദ്യവിൽപ്പന ഭീതിജനകമായ രീതിയിൽ വർദ്ധിക്കുന്നു. ഇക്കാലയളവിൽ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പനയിൽ സംസ്ഥാനത്ത് 2.32 കോടി കെയ്സിന്റെ വർദ്ധനവുണ്ടായി. 1988 ൽ 5.16 ലക്ഷം കെയ്സ് വിദേശമദ്യം വിറ്റിരുന്ന സ്ഥാനത്ത് 2012 ആയ പ്പോൾ 1.02 കോടി കെയ്സ് (21,69,87,637.18 ലിറ്റർ) ആയി കുതിച്ചുയർന്നു. ബിയർ വിൽപ്പന 2012 ൽ 7,63,20,385.17 ലിറ്ററാണ്.

ഖജനാവ് തടിച്ചുകൊഴുക്കുമ്പോൾ, മദ്യത്തിന്റെ കുലംകുത്തി യുള്ള ഒഴുക്കിൽ തകർന്നടിയുന്നത് കേരളത്തിന്റെ ധാർമ്മിക-സാംസ്കാ രിക-സനാതന-കുടുംബ മൂല്യങ്ങളാണ്. നാടുമുടിഞ്ഞാലും സമൂഹം നശിച്ചാലും ആത്മഹത്യകൾ പെരുകിയാലും പണം മാത്രം മതി എന്ന നിലപാട് ഒരു ജനാധിപത്യസർക്കാരിന് ഭൂഷണമല്ല. മദ്യത്തിൽ നിന്നുള്ള വരുമാനത്തേക്കാളേറെ തുക അതുവഴിയുണ്ടാകുന്ന കെടുതികളെ നേരി ടാൻ സർക്കാരിന് ചിലവ് വരുന്നുണ്ട്. 2004 ലെ ഔദ്യോഗിക കണക്ക് പ്രകാരം ഇന്ത്യയിലെ സംസ്ഥാന സർക്കാരുകളുടെ മദ്യവരുമാനം 21,600 കോടിയാണ്. ചെലവ് 24,400 കോടി. മദ്യം നിരോധിച്ചാൽ ലാഭം 2800 കോടിയാണ്. മദ്യം നിരോധിക്കൂ; രാജ്യത്തെ രക്ഷിക്കൂ.

2010 മാർച്ച് 12 വെള്ളിയാഴ്ച 5.30 നുള്ള ബി.ബി.സി. ന്യൂസ് "കേരളാസ് ലൗ അഫെയർ വിത്ത് ആൽക്കഹോൾ" എന്ന തലക്കെട്ടിൽ പുറത്തുവിട്ട വാർത്തയിലൂടെ മലയാളിയുടെ മദ്യപാനാസക്തി കുതിച്ചുയരുന്ന കണക്കുകളാണ് ലോകം ദർശിച്ചത്. കേരളത്തിലെ ബീവറേജ് ഷോപ്പുകളിൽ ദിവസവും 9.5 ലക്ഷം പേർ അച്ചടക്കത്തോടെ മദ്യം വാങ്ങാൻ ക്യൂ നിൽക്കുന്നു. ബീവറേജിന്റെ 338 ഷോപ്പുകളിലൂടെ പ്രതിമാസം 500 കോടിയിലേറെ രൂപയുടെ മദ്യം വിറ്റുപോകുന്നു. ബീവറേജിന്റെ ഷോപ്പുകൾ കൂടാതെ 742 ബാറുകളും 383 ഔട്ട്ലറ്റുകളും 5029 കള്ളുഷാപ്പുകളും കേരളത്തിലുണ്ട്. ഇവ കൂടാതെ ആർമി ക്വാട്ടാ, വിദേശത്തുനിന്നും കൊണ്ടുവരുന്നത്, വ്യാജവാറ്റ്, വ്യാജസ്പിരിറ്റ് തുടങ്ങിയവ കൂടി ചേർത്താൽ ഏകദേശം 20,000 കോടി രൂപയുടെ മദ്യം ഒരു വർഷം കേരളത്തിൽ വിറ്റഴിക്കുന്നതായിട്ടാണ് അനൗദ്യോഗിക കണക്ക്.

കേരളത്തിലെ ജനസംഖ്യയിൽ 17.20% പേർ മദ്യപരാണ്. 47 ലക്ഷം പേർ മദ്യപിക്കുന്നു. 17 ലക്ഷം പേർ ദിവസവും മദ്യപിക്കുന്നു. യുവജനങ്ങളുടെ ഇടയിൽ 60% പേർ ഏതെങ്കിലും ലഹരിപദാർത്ഥം ഉപയോഗിച്ചിട്ടുള്ളവരാണ്. കേരളത്തിലെ മദ്യപരിൽ ഏറ്റവും കൂടുതൽ 21 നും 40 നും മധ്യേ പ്രായമുള്ളവരാണ്. ഇവരാണ് ഏറ്റവും കൂടുതൽ ആത്മഹത്യചെയ്യുന്നവർ. കേരളത്തിലെ സ്ത്രീകളിൽ 3–5% ലഹരിശീലക്കാരാണ്. മദ്യപിക്കുന്ന സ്ത്രീകളുടെ എണ്ണത്തിൽ 10 വർഷത്തിനിടയിൽ നാലിരട്ടി വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മദ്യപാനംമൂലം കേരളത്തിൽ എട്ടു ലക്ഷം പേർ കരൾ രോഗികളായി മാറി. 2015 ആകുമ്പോഴേക്കും ഹൃദ്രോഗികളുടെ എണ്ണം 50 ശതമാനം വർദ്ധിക്കും. വാഹനാപകടങ്ങളിൽ 85% മദ്യപാനംമൂലമാണ്. കുറ്റകൃത്യങ്ങളുടെ ഇന്ത്യൻ ശരാശരി 175.6 ആണെങ്കിൽ കേരളത്തിൽ 306.5 ആണ്. ക്രിമിനൽ കുറ്റകൃത്യങ്ങളിൽ 87 ശതമാനത്തിനും പിന്നിൽ മദ്യവും മയക്കുമരുന്നുകളുമാണ്.

ഭാര്യമാരെ ഉപദ്രവിക്കുന്ന ഭർത്താക്കന്മാരിൽ 85 % മദ്യപാനികളാണ്. ഗാർഹിക അതിക്രമ കേസുകളിൽ പ്രധാന പ്രതി മദ്യമാണ്. കുടുംബ ബഡ്ജറ്റിന്റെ 60–70% വരെ മദ്യപാനത്തിന് ചിലവിടുന്നു. തലയ്ക്ക് പരിക്കേറ്റ് ആശുപത്രികളിൽ എത്തുന്നവരിൽ 37% മദ്യപരാണ്. മനോരോഗങ്ങൾക്ക് 17.6% കാരണം മദ്യമാണ്. ജനസംഖ്യയുടെ 3.1% മാത്രമുള്ള കേരളത്തിലാണ് ഇന്ത്യയിലെ ആത്മഹത്യയുടെ 10% നടക്കുന്നത്. ഒരു ലക്ഷത്തിൽ 25.3 പേർ കേരളത്തിൽ ആത്മഹത്യ ചെയ്യുന്നു. കുടുംബആത്മഹത്യയ്ക്കു പിന്നിലും മദ്യമാണ്. ആത്മഹ

ത്യയ്ക്ക് ശ്രമിച്ചവരിൽ 34% പേർ മദ്യപരാണ്. 85% കുടുംബ കലഹ ങ്ങൾക്കും കാരണം മദ്യമാണ്.

അനധികൃതമായി ജോലിക്ക് ഹാജരാകാത്തവർ 40% മദ്യപാന ശീലക്കാരാണ്. ഒരു ദിവസം 170 വിവാഹമോചന കേസുകൾ വരെ കേരളത്തിൽ ഫയൽ ചെയ്യപ്പെടുന്നു. ഇതിൽ 80 ശതമാനത്തിനും കാരണം മദ്യപാനമാണ്. 100 മദ്യപരിൽ 18 പേർക്ക് ഏതെങ്കിലും തരത്തി ലുള്ള മനോരോഗം ബാധിക്കുന്നു. 100 മദ്യപരുടെ കുടുംബം എടുത്താൽ അതിൽ 7 കുടുംബങ്ങളിലും മനോവൈകല്യമുള്ളവർ ജനിക്കുന്നു. ഒരു കൊല്ലം കേരളം കുടിച്ചുതീർക്കുന്ന മദ്യത്തിന്റെ അളവ് ഏകദേശം 26.56 കോടി ലിറ്ററാണ്. ബിയർ ഉൾപ്പെടെ ഇത് 29.3 കോടി ലിറ്ററാണ്. അരി വാങ്ങാൻ ചെലവാക്കുന്നതിന്റെ മൂന്നിരട്ടിയാണ് മദ്യത്തിനുവേണ്ടി മല യാളി ചെലവാക്കുന്നത്.

Associated Chambers of Commerce & Industry of India യുടെ സോഷ്യൽ ഡവലപ്മെന്റ് ഫൗണ്ടേഷൻ മെട്രോ നഗരങ്ങളിൽ നടത്തിയ സർവ്വേ പ്രകാരം 45% പ്ലസ്ടു വിദ്യാർത്ഥികളും മദ്യം ഉപയോഗിക്കു ന്നു. ഏറ്റവും കൂടുതൽ കുട്ടികൾ മദ്യം ഉപയോഗിക്കുന്നത് ഡൽഹി യിലും മുംബൈയിലും ചണ്ഡിഗഢിലും ഹൈദരാബാദിലുമാണെ ങ്കിലും അടുത്ത സ്ഥാനം കൊച്ചിക്കാണ്. പുതിയ തലമുറ മദ്യാസക്ത രായി മാറുകയാണ്. ലഹരിവസ്തുക്കളുടെ ഉപയോഗവും കുട്ടികളിൽ വർദ്ധിക്കുകയാണ്. മദ്യാസക്തരുടെ മക്കൾ മദ്യപരാകാനുള്ള സാധ്യത 60 ശതമാനമാണ്. ഇവരുടെ കുറ്റവാസന നിരക്ക് 62.5 ശതമാനമാണ്. മദ്യപിക്കുന്ന 10 പേരിൽ 2 പേർ മദ്യാസക്തരാകുന്നു. ചെറുപ്രായത്തിലെ മദ്യപാനം ഓർമ്മശക്തി ഗണ്യമായി കുറയ്ക്കും. വിവിധ മാനസിക രോഗങ്ങൾക്കും കാരണമാകും. മദ്യപാനികളുടെ ഭാര്യമാരിൽ 62 ശത മാനവും ശാരീരികവും മാനസികവുമായ പലവിധ പീഡനങ്ങൾ സഹി ക്കുന്നവരാണ്.

പഠനഗവേഷണ സ്ഥാപനമായ രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡവലപ്മെന്റ് സ്റ്റഡീസിന്റെ 12-ാം പഞ്ചവത്സരപദ്ധതി സമീപന രേഖ യിൽ കേരളത്തിലെ ദാരിദ്ര്യത്തിന്റെ ഒന്നാമത്തെ കാരണം മദ്യപാന മാണ്. 3.33 കോടി ജനങ്ങളുള്ള കേരളത്തിൽ ഒരു കോടി മദ്യപാനിക ളുണ്ടെന്നാണ് പുതിയ പഠനങ്ങൾ പറയുന്നത്. മദ്യപാനികളിൽ 20 ശത മാനം മദ്യാസക്തരായി മാറാം. എങ്കിൽ കേരളത്തിൽ 20 ലക്ഷത്തോളം മദ്യാസക്തരുണ്ടാകും. കേരളത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള

കുടുംബങ്ങളും 20 ലക്ഷത്തോളം വരും. ദാരിദ്ര്യത്തിന് മുഖ്യകാരണം കുടുംബനാഥന്റെ മദ്യാസക്തിയാണെന്ന വാദം ഈ കണക്കുകൾ ശരി വയ്ക്കുന്നു.

2012 മെയ് 19 ന് കൊച്ചിയിൽ നടന്ന ലൈംഗിക ശാസ്ത്രവിദഗ്ധരുടെ സമ്മേളനം "സെക്സ്മെഡ് - 2012" 40 ശതമാനം വിവാഹ ബന്ധങ്ങളുടെയും തകർച്ചയ്ക്ക് കാരണം ലൈംഗികപ്രശ്നങ്ങളാണെന്നും ഇതിനു കാരണം മദ്യാസക്തിയാണെന്നും അഭിപ്രായപ്പെട്ടു. രാജ്യത്ത് ഏറ്റവും കൂടുതൽ ലൈംഗിക ഉത്തേജക ഔഷധങ്ങൾ വിൽക്കുന്നത് കേരളത്തിലാണ്.

1995 നുശേഷം ജനിച്ച 14,000 കുട്ടികളിൽ മാനിറ്റോബ സർവകലാശാല നടത്തിയ ഗവേഷണപ്രകാരം 7 വയസ്സുവരെ അമ്മമാർ അനുഭവിക്കുന്ന സംഘർഷം കുട്ടികളെ ബാധിക്കുമെന്ന് കണ്ടെത്തി. മദ്യപന്റെ ഭാര്യ നിരന്തര സംഘർഷത്തിലായിരിക്കും. ഈ സംഘർഷങ്ങൾ അമ്മയുടെ ശരീരത്തിൽ രാസമാറ്റങ്ങളുണ്ടാക്കും. ഇത് കുട്ടിയെ ബാധിക്കും. ഗർഭകാലത്ത് അമ്മ കുടിച്ചാൽ കുഞ്ഞിന് പ്രശ്നങ്ങൾ ഉണ്ടാകും. ഇതിനെ Fetal Alcholic Spectrum Disorders (FASD) എന്നു പറയുന്നു. സ്ഥിരമായി മദ്യപിക്കുന്നവരിൽ ഭാര്യയുടെ ചാരിത്ര്യശുദ്ധിയെ സംശയിക്കുന്ന ആൽക്കഹോളിക് ജലസ്ഹസ്ബന്റ് സിൻഡ്രോം (Alcholic Jealous husband syndrome) എന്ന രോഗം വളരെ കൂടുതലാണ്.

ഒന്നോ രണ്ടോ സ്മാൾ കഴിക്കുന്നത് ഹാർട്ടിന് നല്ലതാണെന്ന വാദം തെറ്റാണെന്ന് കാനഡയിലെ ഒന്റാറിയോയിലുള്ള മക്മാസ്റ്റർ യൂണിവേഴ്സിറ്റിയിലെ ചാൻ ലിയാങ്ങിന്റെയും സംഘത്തിന്റെയും പഠനം ഉറപ്പിക്കുന്നു. മിതമായ മദ്യപാനംപോലും ഹൃദയതാളം തെറ്റിച്ചുകൊണ്ട് മാരകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് അവർ തെളിയിച്ചു. "നിരവധി ഹൃദ്രോഗാവസ്ഥകൾക്ക് കാരണക്കാരനായ മദ്യത്തെ യാതൊരു കാരണവശാലും ഹൃദയസംരക്ഷകനായി മുദ്രകുത്തരുതെന്ന്" ഗവേഷകർ പറഞ്ഞു.

ലോകത്തിലെ ഏതൊരു ഭരണകൂടവും പാലിക്കേണ്ട മൗലിക തത്വം പാവങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും നന്നാക്കുകയും ചെയ്യുക എന്നതാണ്. അതിനു തക്കതായ നയങ്ങളാണ് സർക്കാർ ആവിഷ്കരിക്കേണ്ടത്. കേരളത്തിന്റെ മദ്യപാനത്തിന്റെ ഗ്രാഫ് ഉയരുന്നതിന്റെ സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക-ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് സർക്കാരും ജനങ്ങളും കൂടുതൽ ജാഗ്രത പുലർത്തണം.

മദ്യമെന്ന മരണസംസ്കാരം കേരളത്തെ പിടിമുറുക്കുന്നതിന്റെ സാഹ ചര്യം ശാസ്ത്രീയമായി പഠനവിധേയമാക്കണം, പരിഹാരം കണ്ടെ ത്തണം.

മദ്യത്തിനെതിരെ ശ്രദ്ധേയമായ ബോധവത്ക്കരണ ശ്രമങ്ങൾ/ നടപടികൾ സർക്കാർ ചെയ്യുന്നുണ്ട്. സർക്കാരിന്റെയും വിവിധ മദ്യവി രുദ്ധ പ്രസ്ഥാനങ്ങളുടെയും മദ്യവിരുദ്ധ ബോധവൽക്കരണ ഫലമായും കഴിഞ്ഞ ഓണക്കാലത്തെ മദ്യവില്പനയിൽ 5 ശതമാനം കുറവുവന്നി ട്ടുണ്ട്. ഇത് ഒരു ശുഭലക്ഷണമാണ്. പക്ഷേ അതുപോരാ. സുപ്രീം കോടതി അഭിപ്രായം മാനിച്ച് മദ്യലഭ്യത കുറയ്ക്കാൻ നടപടി സ്വീകരി ക്കണം. മദ്യവിൽപ്പനയ്ക്കായി സൂപ്പർമാർക്കറ്റുകൾ ആരംഭിക്കുന്ന നയം തിരുത്തണം. പകൽ മദ്യനിരോധനമെന്ന കേരള ഹൈക്കോടതി നിർദ്ദേശം സജീവമായി പരിഗണിക്കണം. മദ്യത്തിന്റെ അനിയന്ത്രിത മായ ലഭ്യത കർശനമായി തടയണം, പുതിയ മദ്യശാലകൾ ഇനി തുറക്കരുത്. പുതിയ മദ്യശാലകൾ മാത്രമല്ല നിലവിൽ ഉള്ളവയ്ക്കും ലൈസൻസ് നൽകുവാനുള്ള എൻ.ഒ.സി. തദ്ദേശ സ്വയംഭരണ സ്ഥാപ നങ്ങൾക്ക് നൽകണം. ജനഹിതം മാനിച്ചാണോ എൻ.ഒ.സി. നൽകുന്ന തെന്ന് ഉറപ്പുവരുത്തണം. അബ്കാരി നിയമങ്ങൾ ലംഘിക്കുന്നവർക്ക് കടുത്ത ശിക്ഷ നൽകണം. കള്ളുവ്യവസായം നിറുത്തലാക്കി നീര കോർപ്പറേഷൻ രൂപീകരിച്ച് നീര പാർലറുകൾ ആരംഭിക്കണം. ദേശീയ റോഡ് സുരക്ഷാ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് നാഷണൽ ഹൈവേ കളിൽ പ്രവർത്തിക്കുന്ന മദ്യശാലകൾ നിറുത്തലാക്കണം. റിട്ടയർ ചെയ്ത പട്ടാളക്കാർക്കും അവരുടെ വിധവകൾക്കും നൽകിവരുന്ന മദ്യ ക്വോട്ട നിറുത്തലാക്കി പകരം അതിന്റെ വില നൽകണം. ഘട്ടംഘട്ടമായി സമ്പൂർണ മദ്യനിരോധനം നടപ്പിലാക്കണം. സ്പോർട്സ് ക്ലബ്ബുകൾക്കു പോലും മദ്യം വിൽക്കാൻ ലൈസൻസ് നൽകുന്ന, മദ്യത്തിന് സൂപ്പർമാർക്കറ്റ് അനുവദിക്കുന്ന സർക്കാർ രാജ്യദ്രോഹമാണ് ചെയ്യു ന്നത്.

മനുഷ്യനെ മദ്യപാനാസക്തിയിൽ നിന്ന് രക്ഷിക്കണമെങ്കിൽ ആദ്യം ചെയ്യേണ്ടത് അതിന്റെ ലഭ്യത കുറയ്ക്കുകയാണ്. മദ്യോപഭോ ഗത്തിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്ന കേരളത്തിൽ മദ്യവിൽപ്പന- നിയന്ത്രണ-നിരോധന നടപടികളാണ് ആവശ്യം. മനുഷ്യനന്മയാണ് സർക്കാർ ലക്ഷ്യം വയ്ക്കേണ്ടത്.

മദ്യാസക്തിക്കെതിരെ രാഷ്ട്രീയ-സാമൂഹിക-ജാതി-മത-ചിന്തകൾക്കതീതമായി ജനമുണരാൻ സമയമായി. ലഹരിക്കെതിരായ പോരാട്ടത്തിൽ നാം കാണിക്കുന്ന അലസതയ്ക്കും പ്രതികരണമില്ലായ്മയ്ക്കും വലിയ വില കൊടുക്കേണ്ടിവരും. വലിയ നിലവിളികൾക്കു മുന്നിൽ നിസഹായരായി നിൽക്കേണ്ടിവരും. മാരകമായ തെറ്റുകൾക്കുമുന്നിൽ നിശബ്ദരാകേണ്ടിവരും. തലമുറകൾ ശാപഗ്രസ്തമായി, ഒരു സമൂഹം മുഴുവൻ നാശത്തിലേയ്ക്ക് വീഴുമ്പോൾ നിഷ്ക്രിയമായി പോകുന്ന ദുരവസ്ഥ നമുക്കുണ്ടാകരുത്. ജനമുണർന്ന് ചോദിച്ചാൽ ഉത്തരമുണ്ടാകും. ആരും മാറി നിൽക്കാതെ പരസ്പരം പഴിചാരാതെ ഒന്നിച്ച് പ്രവർത്തിക്കുക. ഇനി ഒരാൾപോലും ലഹരിയുടെ മോഹവലയത്തിൽ പെടാൻ അനുവദിച്ചുകൂടാ. ഭാവിപ്രതീക്ഷകൾക്കുമേൽ കരിനിഴൽ വീഴ്ത്തി നിൽക്കുന്ന ലഹരിവാഴ്ചക്കെതിരെ നമുക്ക് കൈകൾ കോർക്കാം....സംഘടിക്കാം (9847034600)

**ചാർളി പോൾ M.A, LLB.DSS**

(സംസ്ഥാന സെക്രട്ടറി, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

# കല്പറ്റ ഫൊറോനയിലെ വൈദികരുടെ മാസധ്യാനം

നവംബർ 6-ാം തീയതി കൂടിയ മാസധ്യാനത്തിൽ 9 വൈദികർ പങ്കെടുത്തു. റിപ്പൺ വികാരിയച്ചൻ ഫാ. ഫ്രാൻസീസ് കുത്തുകല്ലുങ്കലിന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി കർണ്ണാടകയിൽ മണ്ഡ്യ ബിഷപ്സ്ഹൗസിലാണ് മാസധ്യാനത്തിനായി പോയത്. ബിഷപ്സ് ഹൗസിൽ വളരെ ഊഷ്മളമായ സ്വീകരണമായിരുന്നു ഞങ്ങൾക്കായി ഒരുക്കിയിരുന്നത്.

ഡിസംബറിലെ മാസധ്യാനം കൽപ്പറ്റ ഡി പോൾ പള്ളിയിൽ കൂടുവാൻ തീരുമാനിച്ചു. അൾത്താരശുശ്രൂഷികളായ കപ്യാർമാർക്കായി (വൈദികരുടെ വാർഷികധ്യാനം പോലെ) ധ്യാനപ്രോഗ്രാം രൂപതാതലത്തിൽ നടത്തുന്നത് നല്ലതാണെന്ന് എല്ലാ അച്ചന്മാരും അഭിപ്രായപ്പെട്ടു. ഡിസംബർ 10-ാം തീയതി കൽപ്പറ്റ ഡി പോൾ പള്ളിയിൽ കൂടിയ മാസധ്യാനത്തിൽ 13 വൈദികർ പങ്കെടുത്തു. ഫാ. ജോസ് ഞാവള്ളി സി.എം.ഐ. ആയിരുന്നു ധ്യാനചിന്തകൾ അവതരിപ്പിച്ചത്.

വിൻസെന്റ് ഡി പോൾ രൂപതാ ഭാരവാഹികൾ നടവയലിലെ ഓസാനാം ഭവന്റെ നിർമ്മാണഫണ്ട് രൂപീകരണത്തിനായി വികാരിയച്ചന്മാരുടെ പിന്തുണ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും, ശക്തമായ പിന്തുമ ഉണ്ടായിരിക്കുമെന്ന് അച്ചന്മാർ അറിയിക്കുകയും ചെയ്തു. നിർദ്ധനരെയും നിരാലമ്പരെയും വിൻസെന്റ് ഡി പോൾ അംഗങ്ങൾ സന്ദർശിക്കാൻ പോകുമ്പോൾ, സൺഡേസ്കൂളിലെ IX, X, XI, XII ക്ലാസുകളിലെ കുട്ടികളെയും പങ്കെടുപ്പിക്കുന്നത് ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനമായിരിക്കും.

പ്രേമബന്ധങ്ങളിൽ കുടുങ്ങി ചതികുഴികളിൽ പെൺകുട്ടികൾ കുടുങ്ങാതിരിക്കാൻ, വികാരിയച്ചന്മാർ ഇടവക സമൂഹത്തെ ഉത്ബോധിപ്പിക്കണമെന്നും, കരുതലുള്ളവരായിരിക്കണമെന്നും എല്ലാവരും ഒന്നായി ഉന്നയിച്ചു. കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ യുവജനങ്ങൾക്ക് കളർഫുൾ കലാമത്സരങ്ങൾ 3-വർഷത്തിലൊരിക്കൽമാത്രം നടത്തുന്നതാണ് നല്ലതെന്നും ഒന്ന്, രണ്ട് വർഷങ്ങളിൽ സംഘടനാ ശാക്തീകരണത്തിൽ ശ്രദ്ധിക്കണമെന്നും അച്ചന്മാർ അഭിപ്രായപ്പെട്ടു.

അടുത്തമാസധ്യാനം 2014 ജനുവരി 7-ന് കുളവയലിൽ കണ്ടുമുട്ടാമെന്ന് തീരുമാനിച്ചു. ഫൊറോനാ വികാരി ഫാ. ജോസ് കൊച്ചറയ്ക്കലിന്റെ ആതിഥേയം വളരെ ഹൃദ്യമായിരുന്നു.

**ഫാ. ഫ്രാൻസീസ് കുത്തുകല്ലുങ്കൽ** - സെക്രട്ടറി

# മതബോധനരംഗം

മുൻകൂട്ടി അറിയിച്ചതുപോലെ ജനുവരി 11 ന് ശനിയാഴ്ച രാവിലെ 10.00 മണി മുതൽ ഉച്ചകഴിഞ്ഞ് 2.00 മണി വരെ ബഹു. വികാരിയച്ചന്മാരുടെയും പ്രധാനാദ്ധ്യാപകരുടെയും സംയുക്ത സമ്മേളനം ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കുന്നു. കൃത്യസമയത്ത് എല്ലാവരും എത്തിച്ചേരുമല്ലോ.

**ഫൊറോന സെക്രട്ടറിമാരുടെ സമ്മേളനം**

ജനുവരി 11 ന് ശനിയാഴ്ച പ്രധാനാധ്യാപക സമ്മേളനത്തിനു ശേഷം ഫൊറോന സെക്രട്ടറിമാരുടെ സമ്മേളനം ഉണ്ടായിരിക്കും. സെക്രട്ടറിമാർ ശ്രദ്ധിക്കുമല്ലോ.

**HCC (+1, +2) പരീക്ഷ ഫെബ്രുവരി 9 ന്**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ചെയർ ഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസ് നടത്തുന്ന HCC (+1, +2) പരീക്ഷകൾ ഫെബ്രുവരി 9 ന് ഞായറാഴ്ച രാവിലെ 10.00 മണി മുതൽ 1.00 മണി വരെ നടത്തുന്നതാണ്. HM, PP സമ്മേളനത്തിന് വരുമ്പോൾ രൂപതാ ഓഫീസിൽ നിന്നും പരീക്ഷ എഴുതുവാൻ യോഗ്യരായ കുട്ടികളുടെ ഹാൾടിക്കറ്റ് പ്രധാനാധ്യാപകർ വാങ്ങേണ്ടതാണ്. പരീക്ഷയ്ക്കുവേണ്ട സഹായവും ക്രമീകരണങ്ങളും പരീക്ഷാ കേന്ദ്രത്തിലെ ബഹു. വികാരിയച്ചനും, ഫൊറോന ഡയറക്ടറും ഫൊറോന ടീം അംഗങ്ങളുമാണ് ഒരുക്കുന്നത്.

**പരീക്ഷാ സെന്ററുകൾ**

1. ബത്തേരി ഫൊറോന - ബത്തേരി
2. ചുങ്കക്കുന്ന് ഫൊറോന - കൊട്ടിയൂർ
3. നീലഗിരി റീജിയൻ - അരുൾ നിലയം
4. കല്ലോടി ഫൊറോന - കല്ലോടി, ദ്വാരക, മക്കിയാട്

(ഈ സെന്ററുകളിൽ എത്തേണ്ട ഇടവകകൾ ഏതെന്ന് HM സമ്മേളനത്തിൽ അറിയിക്കും.)

5. കല്പ്പറ്റ ഫൊറോന - കല്പ്പറ്റ
6. മാനന്തവാടി ഫൊറോന - മാനന്തവാടി കത്തീഡ്രൽ

7. മണിമൂളി ഫൊറോന - മണിമൂളി
8. മുള്ളൻകൊല്ലി ഫൊറോന - മുള്ളൻകൊല്ലി
9. നടവയൽ ഫൊറോന - നടവയൽ, ചുണ്ടക്കര

( ഈ സെന്ററുകളിൽ എത്തേണ്ട ഇടവകകൾ ഏതെന്ന് HM സമ്മേളനത്തിൽ അറിയിക്കും.)

10. നിലമ്പൂർ ഫൊറോന - നിലമ്പൂർ
11. പയ്യമ്പള്ളി ഫൊറോന - പയ്യമ്പള്ളി
12. തരിയോട് ഫൊറോന - തരിയോട്

**പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച്**

1) പരീക്ഷാ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം ഫൊറോന ഡയറക്ടർമാരുടെ നേതൃത്വത്തിൽ ഫൊറോന ടീം അംഗങ്ങൾക്കായിരിക്കും. പരീക്ഷാ സെന്ററിലെ ബഹു. വികാരിയച്ചനുമായി ആലോചിച്ച് ആവശ്യമായ ഒരുക്കങ്ങൾ ചെയ്യേണ്ടതാണ്.
2. പരീക്ഷാ സമയത്തിന് മുമ്പ് കുട്ടികളുടെ രജിസ്റ്റർ നമ്പർ എഴുതി പരീക്ഷാ ഹാൾ ക്രമീകരിക്കേണ്ടതാണ്.
3. പരീക്ഷാ സമയം കൃത്യമായി പാലിക്കേണ്ടതാണ്. പരീക്ഷ തുടങ്ങി അരമണിക്കൂർ കഴിഞ്ഞുവരുന്ന പരീക്ഷാർത്ഥികളെ പരീക്ഷ എഴുതാൻ അനുവദിക്കേണ്ടതില്ല. അതുപോലെതന്നെ പരീക്ഷാ സമയം തീരുന്നതിന് അരമണിക്കൂർ മുമ്പ് ഹാളിന് പുറത്തുപോകുവാൻ അനുവദിക്കേണ്ടതില്ല.
4. പരീക്ഷ കഴിഞ്ഞ്, ഫൊറോന ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ ഉത്തരക്കടലാസുകൾ എണ്ണിത്തിട്ടപ്പെടുത്തി, രജിസ്റ്റർ നമ്പറിന്റെ ക്രമപ്രകാരം അടുക്കി പായ്ക്ക് ചെയ്ത് രൂപതാ മതബോധന കേന്ദ്രത്തിൽ എത്തിക്കണം.
5. പരീക്ഷാർത്ഥിയുടെ കൈവശം ഹാൾടിക്കറ്റ് ഉണ്ടായിരിക്കണം. ഹാൾടിക്കറ്റ് ഇല്ലാത്തവരെ പരീക്ഷ എഴുതാൻ അനുവദിക്കേണ്ടതില്ല.
6. പരീക്ഷ എഴുതുവാനുള്ള Answer Book, Additional sheet തുടങ്ങിയവ യൂണിവേഴ്സിറ്റി സീലോടുകൂടി നൽകുന്നതാണ്. സീലില്ലാത്ത പേപ്പറുകൾ മൂല്യനിർണ്ണയം ചെയ്യുന്നതല്ല.

**HDC പരീക്ഷകൾ**

HDC എഴുത്തുപരീക്ഷ ഫെബ്രുവരി 8-ാം തീയതി രാവിലെ 10.00 മണി മുതൽ ഉച്ചകഴിഞ്ഞ് 1.00 മണി വരെ രൂപതാ മതബോധന കേന്ദ്രത്തിൽ നടത്തുന്നതാണ്. HDC വാചാ പരീക്ഷ ഫെബ്രുവരി 22, 23, മാർച്ച് 1 തീയതികളിൽ ദ്വാരകയിൽ നടത്തുന്നു.

**ഫാ. റോയി വട്ടക്കാട്ട്** - രൂപതാ മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

## സബ്സിഡി നിരക്കിൽ ബൈബിൾ

KCBC Bible Commission നൽകുന്ന സബ്സിഡി നിരക്കിലുള്ള സമ്പൂർണ്ണ Bible -ന്റെ ഏതാനും കോപ്പികൾ 95/- രൂപയ്ക്കും, 85/- രൂപയ്ക്കും രൂപതാ ബൈബിൾ അപ്പോസ്തലേറ്റ് ഓഫീസിൽ ലഭ്യമാണ്. ഇടവകകളിൽ സാമ്പത്തിക പ്രയാസമുള്ളവർക്കാണ് സൗജന്യ നിരക്കിലുള്ള ബൈബിൾ നൽകുക. ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

## ലോഗോസ് 2013 സംസ്ഥാനതല പരീക്ഷ.

ഇത്തവണ ലോഗോസ് സംസ്ഥാനതല പരീക്ഷയിൽ രൂപതയിൽ നിന്നും C Group ൽ സി. അന്ന എസ്.സി.വി. 3 -ാം സ്ഥാനവും, B Group -ൽ ക്രിസ്റ്റീന ആഞ്ചേരിയിൽ 4-ാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

## ലോഗോസ് ക്വിസ് 2013 -ൽ ഏറ്റവും കൂടുതൽ മാർക്ക് നേടി സമ്മാനാർഹരായ മാതൃസംഘാംഗങ്ങൾ

**D Group**

ഷൈല മുഞ്ഞനാട്ട് - പഴൂർ - I, ഗ്രേസി വല്ലപ്രായിൽ - പഴൂർ - II
ടെസ്സി പാലനിൽക്കുംതൊട്ടി - വാഴവറ്റ - III

**E Group**

മേരി ബേബി പുതിയിടത്ത് - നടവയൽ - I, വൽസമ്മ മഠത്തിൽ - മീനങ്ങാടി - II
ഗ്രേസി വലിയമറ്റം - ചുങ്കകുന്ന് - II, ലിസിദാസ് പൊന്നിയത്ത് - നടവയൽ - III

**F Group**

റീത്ത പാലക്കത്തടത്തിൽ - പഴൂർ - I, അച്ചാമ്മ കുന്നങ്കരിയിൽ - ഞാറപ്പാടം - II
അന്നമ്മ പുതിയകുന്നേൽ - വൈത്തിരി - III

**കുടുംബം**

മാത്യു ഞൊണ്ടൻമാക്കൽ & ഫാമിലി - കബനിഗിരി - I, ജയിംസ് കൊച്ചുമീംപള്ളി & ഫാമിലി - പനവല്ലി - II, ജോസ് കുറ്റിയാനിക്കൽ & ഫാമിലി - കുറുമ്പാല - III

**ഫാ. മാത്യു പെരിയപ്പുറം - ഡയറക്ടർ, ബൈബിൾ അപ്പോസ്തലേറ്റ്**

# ചെറുപുഷ്പ മിഷൻലീഗ്

എല്ലാവർക്കും സമാഗതമായ പുതുവർഷത്തിന്റെ മംഗളങ്ങളും, പ്രാർത്ഥനകളും ആശംസിക്കുന്നു.

മിഷൻലീഗ് അംഗങ്ങളായ നമ്മെ സംബന്ധിച്ചിടത്തോളം വലിയ സന്തോഷത്തിന്റെയും അഭിമാനത്തിന്റെയും ഒരുവർഷമാണ് കടന്നു പോകുന്നത്. സംസ്ഥാനതലത്തിൽ നമ്മുടെ രൂപത മികച്ച രൂപതയായി 10–ാം വർഷവും തിരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാന മത്സരത്തിൽ തുടർച്ച യായ ഒമ്പതാംവർഷവും നമ്മൾ ഒന്നാംസ്ഥാനം കരസ്ഥമാക്കി. ബത്തേരി മേഖല സംസ്ഥാനത്തെ മികച്ച രണ്ടാമത്തെ മേഖലയായി തിരഞ്ഞെടുക്കപ്പെട്ടു. തെനേരിശാഖ സംസ്ഥാനത്തെ മികച്ച 10 ശാഖ കളിൽ ഉൾപ്പെട്ടു. രൂപത, മേഖല, ശാഖ ഭാരവാഹികളെ സ്നേഹപൂർവ്വം അഭിനന്ദിക്കുന്നു. ബഹു. അച്ചന്മാരുടെയും, സിസ്റ്റേഴ്സിന്റെയും സഹ കരണത്തിനും, പ്രോത്സാഹനത്തിനും ഒത്തിരി നന്ദി പറയുന്നു. പുതു വർഷത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ തുടർന്നും സഹകരണം പ്രതീ ക്ഷിക്കുന്നു.

ഇപ്രാവശ്യത്തെ സംസ്ഥാനവാർഷികം നമ്മുടെ രൂപതാ വാർഷി കത്തോട് ചേർന്ന് സെന്റ് പാട്രിക് സ്കൂളിൽ ജനുവരി 11 ശനിയാഴ്ച ക്രമീകരിച്ചിരിക്കുകയാണ്. രാവിലെ 9 മണിക്ക് ഒണ്ടയങ്ങാടി പള്ളിയിൽ നിന്ന് ആരംഭിക്കുന്ന റാലിയോടുകൂടി വാർഷികാഘോഷങ്ങൾ ആരം ഭിക്കും. ഒരു ഇടവകയിൽ നിന്നും 15 അംഗങ്ങളെങ്കിലും പങ്കെടുക്കാൻ ശ്രദ്ധിക്കണെ. പ്രിയ അച്ചന്മാരെയും, സിസ്റ്റേഴ്സിനെയും വാർഷികാ ഘോഷങ്ങളിലേയ്ക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

ഒത്തിരി സ്നേഹത്തോടെ,

**സോണിയച്ചൻ**

## സംസ്ഥാന രൂപതാവാർഷികം

സംസ്ഥാന രൂപതാവാർഷികം ജനുവരി 11 ശനിയാഴ്ച മാനന്ത വാടി സെന്റ് പാട്രിക് സ്കൂളിൽ വെച്ച് നടത്തപ്പെടുന്നു. വാർഷികം

അഭിവന്ദ്യ പുത്തൂർ രൂപതാദ്ധ്യക്ഷൻ ഗീവർഗീസ് മാർ ദിവന്നാസിയോസ് പിതാവ് ഉദ്ഘാടനം ചെയ്യും. മാനന്തവാടി രൂപത വികാരിജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ മുഖ്യസന്ദേശം നൽകും. ഒണ്ടയങ്ങാടി മാർട്ടിൻ നഗർ പള്ളിയിൽ നിന്നും രാവിലെ 9 മണിക്ക് തുടങ്ങുന്ന റാലിയോടുകൂടി വാർഷികാഘോഷങ്ങൾക്ക് തുടക്കം കുറിക്കും. ഒരു ശാഖയിൽ നിന്നും 15 അംഗങ്ങളെയെങ്കിലും പറഞ്ഞുവിടാൻ ശാഖ നേതൃത്വം ശ്രദ്ധിക്കുമല്ലോ. വാർഷികത്തിൽ സംസ്ഥാനതല മത്സരവിജയികൾക്കും, ബെസ്റ്റ് മേഖല, ശാഖ, കയ്യെഴുത്തുമാസിക, മിഷൻമാസാചരണം, അധ്യാപകർക്കുവേണ്ടി നടത്തിയ ഉപന്യാസമത്സരം, ബൈബിൾവാക്യ മത്സരം എന്നിവയുടെ സമ്മാനങ്ങളും വിതരണം ചെയ്യുന്നതാണ്.

## രൂപത കൊളാഷ് മത്സരം ജനുവരി 11 ന്

ചെറുപുഷ്പ മിഷൻലീഗ് വാർഷികാഘോഷത്തോടനുബന്ധിച്ച് കൊളാഷ് മത്സരവും പ്രദർശനവും നടത്തപ്പെടുന്നു. ഒരു ശാഖയ്ക്ക് ഒരു കൊളാഷ് മുൻകൂട്ടി തയ്യാറാക്കി കൊണ്ടുവന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കാം. വിജയികൾക്ക് ട്രോഫി നൽകുന്നതാണ്.

**വിഷയം :** ലഹരിക്കെതിരെ

**നിബന്ധനകൾ:**

1) കൊളാഷിന് നിശ്ചിത ആകൃതി ഉണ്ടായിരിക്കേണ്ടതാണ്.
2) വിഷയത്തേക്കുറിച്ച് കിട്ടാവുന്നത്ര ചിത്രങ്ങൾ പത്രക്കുറിപ്പുകൾ ഇതര മാധ്യമങ്ങളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ ഒട്ടിച്ചുചേർക്കുക.
3) കൊളാഷിന് പേര് നൽകാവുന്നതാണ്.
4) ഒരു ശാഖയ്ക്ക് ഒരു കൊളാഷ് മാത്രമേ അനുവദിക്കുകയുള്ളൂ.
5) കൊളാഷ് നേരത്തെ തയ്യാറാക്കി ജനുവരി 11-ന് രാവിലെ 9.30 ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്.
6) വിഷയത്തിന്റെ കഥാപരമായ അവതരണം കൂടി പരിഗണിക്കേണ്ടതാണ്.
7) 2 സാധാരണ ചാർട്ട് പേപ്പറിന്റെ വലിപ്പത്തിൽ കൂടുവാൻ പാടില്ല.
8) വിഷയം മനോഹരമായി ചിത്രീകരിക്കുക.

## അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി

പ്രവർത്തനവർഷത്തെ അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി രൂപത പ്രസിഡണ്ട് ജോയി മേപ്പാടത്ത് അധ്യക്ഷതവഹിച്ച മീറ്റിംഗിൽ രൂപതാ ഡയറക്ടർ റവ.ഫാ.സോണി വടയാപറമ്പിൽ സ്വാഗതമാശം

സിച്ചു. രൂപത ജനറൽ സെക്രട്ടറി രംഞ്ജിത്ത് മുതുപ്ലാക്കൽ റിപ്പോർട്ടും ബിനീഷ് തുമ്പിയാംകുഴി കണക്കും അവതരിപ്പിച്ചു. കഴിഞ്ഞ ആറുമാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കുകയും ചെയ്തു. മീറ്റിംഗിന് ജനറൽ ഓർഗനൈസർ ബിനു മാങ്കൂട്ടത്തിൽ നന്ദി പറഞ്ഞു.

**മിഷൻവോയ്സ് ടെലി ക്വിസ് ഫോൺ ഇൻ പ്രോഗ്രാം വിജയികൾ**

അൻസു വല്യായത്ത് ധർമ്മഗിരി, നീതു കുന്നേൽ ധർമ്മഗിരി, നീനു വെള്ളാരംകുന്നേൽ ധർമ്മഗിരി, ആഷ്‌ലി കണ്ടത്തിക്കുടി ദീപ്തിഗിരി. വിജയികൾക്ക് സമ്മാനം വാർഷികത്തിന് വിതരണം ചെയ്യുന്നതാണ്.

**സംസ്ഥാനതല അംഗീകാരം - രൂപത**

സംസ്ഥാനത്തെ ഏറ്റവും മികച്ച രൂപതയായി 10-ാം വർഷവും മാനന്തവാടി രൂപതയെ തെരഞ്ഞെടുത്തു. നേതൃത്വം കൊടുത്ത രൂപതാ ഡയറക്ടർ റവ.ഫാ. സോണി വടയാപറമ്പിൽ, ജോ.ഡയറക്ടർ റവ. സി. ലിസ അലക്സ് എസ്.കെ.ഡി., രൂപതാ പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ, സെക്രട്ടറി ബിനു മാങ്കൂട്ടം, ഓഫീസ് സെക്രട്ടറി സി. ഫൗസ്റ്റ സി.എം.സി., മറ്റു എക്സിക്യൂട്ടീവ് അംഗങ്ങളുടെയും, ശാഖ-മേഖല നേതൃത്വത്തിനെയും നന്ദിയോടെ ഓർക്കുന്നു.

**സംസ്ഥാനതല അംഗീകാരം - മേഖല**

സംസ്ഥാനത്തെ ഏറ്റവും മികച്ച മേഖലകളിൽ ബത്തേരി മേഖല 2-ാം സ്ഥാനത്ത്. ബത്തേരി മേഖല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഡയറക്ടർ റവ.ഫാ. ബിജു തുരുത്തേൽ, ജോ.ഡയറക്ടർ റവ.സി. ആഷ്‌ലി സി.എം.സി., പ്രസിഡന്റ് ടോം ജോസ് പൂവക്കുന്നേൽ, എക്സിക്യൂട്ടീവംഗങ്ങളായ വിപിൻ കിടങ്ങുകാരൻ, നീനു മാങ്കൂട്ടത്തിൽ, എൽസാ മാങ്ങൻ, അനീഷ് മടലാങ്കൽ, ബിജിത്ത് വടക്കേക്കര എന്നിവർക്കും ബത്തേരി മേഖലയിലെ ശാഖാ നേതൃത്വങ്ങൾക്കും രൂപതയുടെ അഭിനന്ദനങ്ങൾ.

**സംസ്ഥാനതല അംഗീകാരം - ശാഖ**

സംസ്ഥാനത്ത് 1750 ശാഖകളിലെ പ്രവർത്തന മികവിൽ ആദ്യ പത്ത് ശാഖകളിൽ തെനേരി ശാഖ ഉൾപ്പെട്ടു. തെനേരി ശാഖയ്ക്ക് മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങൾ. തെനേരി ശാഖ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ശാഖാഡയറക്ടർ ഫാ. സജി കോട്ടായിൽ, ജോ.ഡയറക്ടർ റവ.സി. മെർലിൻ എസ്.എ.ബി.എസ്., എക്സിക്യൂട്ടീവ് അംഗങ്ങളായ ലിജോ മടുക്കയിൽ, ജോസ്‌ലിൻ കരിമാലിൽ,

റോഷിൻ മരിയ ചിറക്കടവിൽ, അമൽ പുളിമൂട്ടിൽ, നവീൻ കണ്ണംകുന്നേൽ, ആഷ്‌ലി കരിമാലിൽ മറ്റു ശാഖാംഗങ്ങളെയും ഇടവകാംഗങ്ങളെയും നന്ദിയോടെ രൂപത സമിതി ഓർക്കുന്നു. ബഹു. സജി കോട്ടായിലച്ചൻ ശാഖ ഡയറക്ടർ ആയിരിക്കുന്ന ഇടവകകളിൽ 9-ാം തവണയാണ് സംസ്ഥാന സമിതി ബെസ്റ്റ് ശാഖാ സന്ദർശനത്തിന് വരുന്നത്. സജിയച്ചന്റെ മിഷൻലീഗിനോടുള്ള താൽപര്യവും നേതൃത്വപാടവും ഇതിലൂടെ ശ്രദ്ധിക്കപ്പെടുന്നു. ഒരിക്കൽകൂടി സജി കോട്ടായിലച്ചനെയും ശാഖ എക്സിക്യൂട്ടീവ് അംഗങ്ങളെയും നന്ദിയോടെ ഓർക്കുകയും അഭിനന്ദനങ്ങൾ നേരുകയും ചെയ്യുന്നു.

**നവവൈദികർക്ക് ആശംസകൾ**

ഈവർഷം വൈദിക ജീവിതത്തിലേയ്ക്ക് പ്രവേശിച്ച ഫാ. ജിനോ മേക്കാട്ട്, ഫാ. തോമസ് കാട്ടാത്ത്, ഫാ. ഫ്രാൻസീസ് അമ്പലത്തറ എന്നീ വൈദികർക്ക് മിഷൻലീഗ് മാനന്തവാടി രൂപതയുടെ പ്രാർത്ഥനാമംഗളങ്ങൾ.

**ശാഖാ വാർത്തകൾ**

*കല്ലോടി :-* മാന്നാനം, ഭരണങ്ങാനം, മലയാറ്റൂർ തീർത്ഥാടനം നടത്തി.
*റൂബിനഗർ :-* ലിറ്റർജി പരിശീലനം നൽകി.
*ഒറ്റപ്ലാവ് :-* രോഗീസന്ദർശനം നടത്തി.
*പ്രശാന്തഗിരി :-* ജാഗരണ പ്രാർത്ഥന നടത്തി.
*കുറുമ്പാല :-* സി.എം.എൽ. അംഗങ്ങൾ പൂന്തോട്ടം നിർമ്മിച്ചു.
*ആറാട്ടുതറ :-* സിമിത്തേരി സന്ദർശനം നടത്തി.
*വഞ്ഞോട് :-* മാനന്തവാടി ഗവ.ഹോസ്പിറ്റൽ സന്ദർശിച്ച് ഭക്ഷണം നൽകി.
*ബത്തേരി :-* കൊളാഷ് മത്സരം മുദ്രാവാക്യ മത്സരം നടത്തി.
*പോരൂർ :-* വിശ്വാസവർഷ എക്സിബിഷനും, ജപമാല റാലിയും നടത്തി.
*മംഗലശേരി :-* ഇടവകയിൽ നിന്നും ദൈവവിളി ഉണ്ടാക്കുന്നതിനായി ആരാധന നടത്തി.
*മച്ചിക്കൊല്ലി :-* സിമിത്തേരി സന്ദർശിച്ചു.
*മംഗളം :-* ഭവനസന്ദർശനം, രോഗീസന്ദർശനം നടത്തി.
*യവനാർകുളം :-* വിശ്വാസവർഷ ക്വിസ് നടത്തി.
*പാലാങ്കര :-* ആരാധന നടത്തി.
*പന്തിപോയിൽ :-* രോഗീസന്ദർശനം നടത്തി.
*വെള്ളൂന്നി :-* കസ്തൂരിരംഗൻ റിപ്പോർട്ടിനെതിരെയുള്ള പദയാത്രയിൽ പങ്കെടുത്തു.

*പഴൂർ :–* ശിശുദിനം ആഘോഷിച്ച് കുട്ടികൾക്ക് പായസം നൽകി.
*മഞ്ഞൂറ :–* ആരാധന നടത്തി. കുട്ടികൾക്ക് വിശ്വാസത്തെക്കുറിച്ച് ക്ലാസുകൾ നൽകി.
*അപ്പപ്പാറ :– പച്ചക്കറിത്തോട്ടം നിർമ്മിച്ചു.*
*പുതുശ്ശേരിക്കടവ് :–* സെമിനാർ നടത്തി.
*ധർമ്മഗിരി :–* സമാധരം നടത്തി. ഗൂഡല്ലൂർ ഗവ.ഹോസ്പിറ്റൽ സന്ദർശിക്കുകയും ശുചീകരണം നടത്തുകയും ചെയ്തു.
*കൽപ്പ :–* Love Shore, Pazhoor Oldage Home, Sober Village ഇവ സന്ദർശിക്കുകയും ശുശ്രൂഷകൾ ചെയ്യുകയും ചെയ്തു.
*പുതുശ്ശേരി :–* വചനാധിഷ്ഠിത പൊതുവിജ്ഞാന ക്വിസ് മത്സരം നടത്തി. പ്രതിഷേധറാലി നടത്തി (കസ്തൂരിരംഗൻ).
*ഒലിവുമല :–* വിശ്വാസപ്രതിഭ, വിശ്വാസതിലകം – തിരഞ്ഞെടുത്തു.
*ചാരിറ്റി :–* വിശ്വാസറാലി നടത്തി.
*വാഴവറ്റ :–* ദൈവവിളിദിനാചരണ സെമിനാർ നടത്തി.
*പട്ടാണികൂപ്പ് :–* പ്രായമായ മാതാപിതാക്കളെ സന്ദർശിച്ച് ജപമാല സൈന്യങ്ങൾ പ്രാർത്ഥിച്ച് ജപമാല നൽകി.
*അമരക്കുനി :–* കൊന്ത നിർമ്മിക്കുകയും, പച്ചക്കറി നടുകയും ചെയ്തു.
*വിളമ്പുകണ്ടം :–* സെമിത്തേരി സന്ദർശനം നടത്തി. ലഹരിവിരുദ്ധ സെമിനാർ നടത്തി.
*പൂളപ്പാടം :–* വിശ്വാസവർഷ മിഷൻ എക്സ്പോ നടത്തി.
*നെയ്കുപ്പ :–* ഭവനസന്ദർശനം നടത്തി.
*അമ്പലവയൽ :–* ഇടവകയിലെ മദ്യപാനത്തിനടിമകളായവരുടെ വീടുകൾ സന്ദർശിച്ച് മുക്തിസ്ഥാപനത്തിലും ധ്യാനസെന്ററുകളിലും പോകാനുള്ള അവസരങ്ങൾ ഒരുക്കി.
*ജൂഡ്സ്മൗണ്ട് :–* ഫാമിലി ബൈബിൾ ക്വിസ് നടത്തി.
*മൂലേപ്പാടം :–* പരിസര ശുചീകരണം നടത്തി.
*പനംചിറ :–* വൃദ്ധമാതാപിതാക്കളെ സന്ദർശിച്ചു.
*വൈത്തിരി :–* ഹോസ്പിറ്റലിൽ ഭക്ഷണം പാകം ചെയ്ത് വിതരണം ചെയ്തു.
*കാവുംമന്ദം :–* വിശുദ്ധരുടെ ജീവചരിത്രം എഴുതി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചു.
*കരിമ്പിൽ :–* സിമിത്തേരി സന്ദർശനം നടത്തി.
*പയ്യമ്പള്ളി :–* ചിത്രരചനാമത്സരം (ലഹരികുട്ടികളിൽ) നടത്തി.
*മുണ്ടേരി :–* ആരാധനനടത്തി, ലിറ്റർജി പരിശീലനം നടത്തി.

*പുഴമുടി :-* മതാധ്യാപകരുടെ സഹായത്തോടെ പച്ചക്കറിത്തോട്ടം നിർമ്മിച്ചു.
*കൽപ്പറ്റ :-* വചനം എഴുത്ത്, വചനമരം, ചാർട്ട് ഇവ പ്രദർശിപ്പിച്ചു.
*ഇടിവണ്ണ :-* ചികിത്സാ സഹായം 1000 രൂപ നൽകി.
*കൊമ്മയാട് :-* തോണിച്ചാൽ എമ്മാവൂസ് വില്ല സന്ദർശിച്ചു.
*തരിയോട് :-* സിമിത്തേരി സന്ദർശനം നടത്തുകയും വൃത്തിയാക്കുകയും ചെയ്തു.
*നടവയൽ :-* ഓസാനാംഭവൻ സന്ദർശിച്ചു.
*വാളവയൽ :-* സിമിത്തേരി സന്ദർശിച്ചു.
*കമ്മന :-* മാർപ്പാപ്പമാർ, സകലവിശുദ്ധർ, വിശ്വാസവർഷം എന്നിവ അടങ്ങുന്ന 3 ആൽബങ്ങൾ പ്രകാശനം ചെയ്തു.
*പാറത്തോട്ടം :-* ജീവകാരുണ്യ ഫണ്ട് രൂപീകരിച്ചു.
*വാകേരി :-* സിമിത്തേരി വൃത്തിയാക്കി അലങ്കരിച്ചു.
*തവിഞ്ഞാൽ :-* ഫാമിലി ഗാനമത്സവും, ബൈബിൾ ക്വിസും നടത്തി. വിശ്വാസവർഷമരം നട്ടു.
*മാനന്തവാടി ടൗൺ :-* പ്രതിഭ സെമിനാർ നടത്തി.
*കുറുമണി :-* സിമിത്തേരി സന്ദർശനം, രോഗീസന്ദർശനം നടത്തി.
*ശാന്തിഗിരി :-* കൊളാഷ് നിർമ്മിച്ചു. സംഘടനാശാക്തീകരണ സെമിനാർ നടത്തി.
*പാലേമാട് :-* ചോക്കാട് വൃദ്ധമന്ദിരം സന്ദർശിച്ചു.
*എടയൂർകുന്ന് :-* 13 മണി ആരാധന നടത്തി.
*ആടികൊല്ലി :-* വിശ്വാസവചനവൃക്ഷം ഒരുക്കി. ദൈവവിളി സെമിനാർ നടത്തി.
*ചൂരൽമല :-* ആരാധന നടത്തി. സിമിത്തേരി സന്ദർശനം നടത്തി.
*ചുങ്കക്കുന്ന് :-* കസ്തൂരിരംഗൻ റിപ്പോർട്ടിലുള്ള സംഘർഷാവസ്ഥ കുറയ്ക്കുന്നതിനായി ഉപവാസവും, ദിവ്യകാരുണ്യ ആരാധനയും നടത്തി.
*ലക്കിടി :-* രോഗീസഹായമായി 500 രൂപ നൽകി. ഏകദിനസെമിനാർ നടത്തി.
*നെടുമ്പാല :-* സമാധരം നടത്തി. 100 വയസായ അമ്മച്ചിയുടെ അനുഭവങ്ങൾ പങ്കുവച്ചു.

**പലതുള്ളി തന്ന ശാഖകൾ**

കുന്നൂർ-156, പന്തിപോയിൽ-100, കാട്ടിക്കുളം-200, റൂബിനഗർ-100, ചുണ്ടക്കര-600, ചുങ്കക്കുന്ന്-500, മുട്ടിയേൽ-124, വിമലഗിരി-240, ഇടിവണ്ണ-500, മച്ചിക്കൊല്ലി-110, മൊതക്കര-100, വഞ്ഞോട്-200, ഒറ്റപ്ലാവ്-150,

തരിയോട്–200, നെയ്കുപ്പ–100, തെനേരി–500, ശാന്തിഗിരി–150, ലക്കിടി –50, തലഞ്ഞി–510.

**മിഷൻഞായർ വിഹിതം തന്നശാഖകൾ**

കുന്നൂർ–500, പന്തിപോയിൽ––250, കാട്ടികുളം–250, എടയൂർകുന്ന്–50, അപ്പപ്പാറ–200, പനഞ്ചിറ–500, പോരൂർ–600, ചെന്നലോട്–1500, നെടുമ്പാല–1500, ചൂരൽമല–300, മരക്കടവ്–500, മംഗളം–300, പുഴമുടി –200, കൽപ്പറ്റ–2500, ചുങ്കക്കുന്ന്–5000, മുട്ടിയേൽ–200, വിമലഗിരി–300, കുഞ്ഞോം–300, വടക്കനാട്–200, ഇടിവണ്ണ–1900, മച്ചിക്കൊല്ലി–50, നെല്ലിയോടി–800, പഴൂർ–200, വഞ്ഞോട്–500, ഒറ്റപ്ലാവ്–200, കരിമ്പിൽ–350, തരിയോട്–500, നെയ്ക്കുപ്പ–300, നടവയൽ–5000, ചാരിറ്റി–300, മാനന്തവാടി ടൗൺ – 2000, കല്ലുമുക്ക്–100, ബാവലി–120, തെനേരി–4250, വാഴവറ്റ –1500, ശാന്തിഗിരി–500, പുൽപ്പള്ളി–1500, ലക്കിടി–400, തലഞ്ഞി–1000, തവിഞ്ഞാൽ–1000, ബത്തേരി–2000.

**മേഖലാവാർത്തകൾ**

*നടവയൽ :–* മേഖലാ മാനേജിംഗ് കമ്മിറ്റി കൂടി

*ഗൂഡല്ലൂർ :–* എയ്ഞ്ചൽമീറ്റ് മച്ചിക്കൊല്ലി ശാഖയിൽ വച്ച് നടത്തി.

*മാനന്തവാടി :–* എയ്ഞ്ചൽമീറ്റ്, ജപമാല സംഗമം, ജോ.ഡയറക്ടേഴ്സ് സംഗമം എന്നിവ കത്തീഡ്രൽ പള്ളിയിൽ വച്ചു നടത്തി.

*പയ്യമ്പള്ളി :–* എക്സിക്യൂട്ടീവ് കൂടി. ഭവനസന്ദർശനം നടത്തി.

*തരിയോട് :–* അൾത്താരബാലസംഗമം, ഓ! ദിവ്യകാരുണ്യമേ, തിരുബാലസഖ്യം ഇവ കോട്ടത്തറ ശാഖയിൽ വച്ചു നടത്തി.

*പുൽപ്പള്ളി :–* ഓ! ദിവ്യകാരുണ്യമേ, എയ്ഞ്ചൽമീറ്റ് ഇവ നടത്തി. ഡയറക്ടർ ഫാ. സോണി വടയാപറമ്പിൽ വി.ബലിയർപ്പിച്ചു. ഷാജി ചന്ദനപറമ്പിൽ ക്ലാസുകൾ നയിച്ചു.

*നിലമ്പൂർ :–* നമസ്കാര മത്സരം നടത്തി.

*കല്ലോടി :–* തിരുബാലസഖ്യം മത്സരം നടത്തി.

*കൊട്ടിയൂർ :–* എയ്ഞ്ചൽമീറ്റ് നടത്തി. കസ്തൂരിരംഗൻ റിപ്പോർട്ടിനെതിരെ പന്തംകൊളുത്തി പ്രകടനം നടത്തി.

*ബത്തേരി :–* വിശ്വാസവർഷ സമാപനറാലി നടത്തി.

*കൽപ്പറ്റ :–* വിശ്വാസവർഷ സെമിനാർ നടത്തി.

**നന്ദിയുടെ ഒരു വാക്ക്**

ആദ്യമെതന്നെ കഴിഞ്ഞുപോയ ക്രിസ്തുമസിന്റെയും, നവവത്സരത്തിന്റെയും ആശംസകളും മംഗളങ്ങളും നേരട്ടെ. ഈ 2014 വർഷം നമ്മുടെ ജീവിതത്തിൽ പ്രകാശം ചൊരിയുന്ന അഭിമാനങ്ങളുടെ വർഷ

മായിട്ട് മാറുന്നതിന് വേണ്ടി സർവ്വേശ്വരനോട് നമുക്കൊന്നിച്ച് പ്രാർത്ഥിക്കാം.

കഴിഞ്ഞപ്രവർത്തന വർഷവും ചെറുപുഷ്പമിഷൻലീഗ് മാനന്ത വാടി രൂപത പ്രവർത്തനങ്ങളിൽ ഒന്നാമത് എത്തി എന്നതിൽ അഭിനന്ദ നാർഹമാണ്. ഈ സമ്മാനം മാനന്തവാടി രൂപതയിലെ 25000 ത്തോളം വരുന്ന മിഷൻലീഗ് അംഗങ്ങളുടെയും അവർക്ക് നേതൃത്വം കൊടുക്കുന്ന വൈദികർ, സന്യസ്തർ, അൽമായ നേതാക്കന്മാർ, മിഷൻലീഗിനെ സ്നേഹിക്കുകയും മിഷൻലീഗ് പ്രവർത്തനങ്ങളുടെ വിജയത്തിനായി പ്രാർത്ഥിക്കുന്ന എല്ലാവർക്കുംവേണ്ടി രൂപത സമിതി സമർപ്പിക്കുന്നു. രൂപതയ്ക്ക് നേതൃത്വംകൊടുത്ത എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങളെയും ടീം അംഗങ്ങളെയും മേഖല ശാഖ നേതൃത്വങ്ങളെയും നന്ദിയോടെ ഓർക്കുന്നു. ഇനിയും ദൈവസന്നിധിയിൽ ഒത്തിരിവിജയങ്ങൾ നമുക്കൊ ന്നിച്ച് നേടിയെടുക്കേണ്ടതുണ്ട് അതിനായി ഒരുമയോടെ പ്രാർത്ഥിക്കാം, പ്രവർത്തിക്കാം. എന്ന് നിങ്ങളുടെ സ്വന്തം,

**രഞ്ചിത്ത് മുതുപ്ലാക്കൽ**
രൂപതാ ജനറൽ സെക്രട്ടറി

# കെ. സി. വൈ. എം.

2013 നമ്മോട് വിട പറയുന്നു. 2014 നമുക്ക് മുമ്പിൽ പ്രതീക്ഷയുടെയും ഉത്തരവാദിത്വത്തിന്റെയും മിഴികൾ തുറക്കുന്നു. നിരാശയും, സുഖാനുഭവങ്ങളും മിഴികൾ പൂട്ടിയിരിക്കാൻ നമ്മെ നിർബന്ധിക്കുമ്പോൾ 'ലഹരി വിമുക്ത യൗവനം' എന്ന മുദ്രാവാക്യം ഉണർത്തുപാട്ടായി നമ്മുടെ അന്തരാത്മാവിൽ അനുനിമിഷം ആവേശം കൊള്ളിക്കണം.

യുവജനങ്ങൾ നാടിന്റെയും, സഭയുടെയും നന്മയാണ്. നന്മയായ യുവജനങ്ങൾ സ്നേഹത്തിന്റെയും സർഗ്ഗാത്മകതയുടെയും ലഹരിയായി മാറണം. അപ്പോൾ സഭയിലും സഭയിലൂടെയും യേശുവിനെ കണ്ടെത്താൻ യുവജനങ്ങൾക്ക് സാധിക്കും. ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം യുവജനങ്ങളെ ഓർമ്മപ്പെടുത്തുന്നു - "സഭ നിങ്ങൾക്ക് യേശുവിനെ നൽകുന്നു. യേശുവുമായി ഐക്യപ്പെട്ട് അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കാൻ സഭ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. കാരണം യേശുവിൽ ജീവന്റെ ഉറവ മാത്രമല്ല പൂർണ്ണമായ മനുഷ്യജീവിതത്തിന്റെ രൂപവും നിങ്ങൾ കണ്ടെത്തും". ക്രിസ്തുവിനെ കണ്ടെത്തുന്ന യൗവനം പൂർണ്ണതയിലേക്ക് വളരാൻ ആഗ്രഹിക്കുന്ന ഒലിവിന്റെ തളിരിലയാണ്.

ലഹരിയിൽ നുരയുന്ന കേരളം യുവജനങ്ങളെ എല്ലാ രീതിയിലും വശീകരിക്കുന്നു. മനുഷ്യന് ഉൻമാദം ലഭ്യമാക്കാനുപയോഗിക്കുന്ന വസ്തുക്കളാണ് ലഹരി. ഇവ മനുഷ്യന്റെ നൈസർഗ്ഗികമായ ചിന്താശേഷിയെ മരവിപ്പിക്കുകയും ആനന്ദത്തെ കെടുത്തി കളയുകയും ചെയ്യുന്നു. മനുഷ്യൻ കൂടുതൽ ഏകാകിയും വാഷാദരോഗിയുമായി മാറുന്നു. യുവജനങ്ങളുടെ ലഹരികൾ പലവിധമാണ്. മൊബൈൽ, ഇന്റർനെറ്റ്, TV, സെക്സ്, മാഗസിനുകൾ, സംസാരങ്ങൾ, മെസേജുകൾ, ഡ്രഗ്സ്, മദ്യം, പ്രണയം, Cultic worship, സാത്താനിക ആരാധ

നകൾ, അധികാരം, ജിജ്ഞാനോത്സുകങ്ങളും അടിമത്വബോധം നൽകുന്നതുമായ പ്രയോജന രഹിത പ്രവൃത്തികൾ തുടങ്ങിയവ ഏതാനും ഉദാഹരണങ്ങൾ മാത്രം.

ഇതെല്ലാം തന്നെ യുവത്വ കാലഘട്ടത്തിന്റെ സുഖഭോഗങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ഈ വിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന യൗവനം, കടലിൽ കിടക്കുന്ന മത്സ്യം സന്തോഷത്തിനായി കരയിലേക്ക് എടുത്തുചാടി ജീവശ്വാസം കിട്ടാതെ കരയിൽ കിടന്ന് പിടഞ്ഞുമരിക്കുന്നതുപോലെ ദാരുണമായ അന്ത്യത്തിനുവേണ്ടി കാത്തിരിക്കുന്നു. പോൾ ആറാമൻ മാർപാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നു. "മനുഷ്യമഹത്വം തന്നെ അപകടത്തിലായിരിക്കുന്നു. ഇവിടെ ഒരു വ്യക്തി ഇച്ഛയും, ബുദ്ധിയും ഉപയോഗപ്പെടുത്തുന്നതിൽ പരാജയപ്പെടുന്നു." ഇപ്രകാരം ചിന്ത മരിച്ചവർ വിസ്ക്കി കുപ്പി പോലെയാണ്. വയറു മാത്രമാണ് അവർക്ക് ഉള്ളത് തലയോട്ട് ഇല്ലതാനും. ചിന്ത മരിച്ച് ലഹരിക്ക് അടിമകളായി തീറെഴുതിക്കൊടുക്കുന്ന യൗവന കൗമാരങ്ങളെ രക്ഷിക്കാൻ, സാക്ഷരകേരളം രാക്ഷസ കേരളമായി തീരാതിരിക്കണമെങ്കിൽ യുവജനങ്ങൾ ഉണർന്നെഴുന്നേൽക്കണം, മിഴികൾ തുറക്കണം.

ഉത്തമഗീതത്തിൽ പറയുംപോലെ സമയമാകും മുമ്പേ പ്രേമത്തെ ഉണർത്തുന്ന ത്രസിപ്പിക്കുന്ന കാഴ്ചകളാണ് ഓരോ നിശ്ചല സ്ക്രീനുകളിലും. ഈ കാഴ്ചകൾ അപക്വമായ കൗതുകത്തിലേക്കും, മരണതുല്യമായ വേഴ്ചകളുടെ വീഴ്ചകളിലേക്കും യുവജനങ്ങളെ ചുഴറ്റി എറിയുന്നു. കണ്ണിനു കരടായി തീരുന്ന കാഴ്ചകൾ തേനീച്ചക്കൂട്ടം കണക്കെ പാഞ്ഞുവരുമ്പോൾ ആത്മനിയന്ത്രണത്തിന്റെയും പ്രാർത്ഥനയുടെയും ധൂപശകലങ്ങൾ അവയെ ആട്ടിപ്പായിക്കാൻ പര്യാപ്തമാണ്.

ഏലീഷാ പ്രവാചകനെ ദൈവം വിളിക്കുന്ന സംഭവം രാജാക്കന്മാരുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവീകസ്വരത്തിന് പ്രവാചകൻ ഉത്തരം നൽകുന്നത് വളരെ ശ്രദ്ധേയമായ കാര്യങ്ങൾ ചെയ്തുകൊണ്ടാണ്. ഉഴുതുകാരനായ പ്രവാചകൻ ഉഴുതുമറിക്കാൻ ഉപയോഗിക്കുന്ന കലപ്പ ചുട്ടെരിക്കുന്നു. കാളയെക്കൊന്ന് സദ്യ ഒരുക്കുന്നു. പ്രലോഭനങ്ങളുടെ സാധ്യതയെ തന്നെ ഇല്ലായ്മ ചെയ്യുന്ന പ്രവാചകനെപ്പോലെ കാഴ്ച മറയ്ക്കുകയും വീഴ്ചക്ക് കാരണമായി തീരുകയും ചെയ്യുന്ന ലഹരിയെ അഗ്നിക്കിരയാക്കുവാൻ ആത്മനിയന്ത്രണത്തിന്റെ തീപ്പൊരി ഹൃദയത്തിൽ സൂക്ഷിച്ച് വെക്കണം. 2014 ൽ മിഴി തുറക്കാൻ മനസ് മടുപ്പിക്കുന്ന ചാരത്തെ യുവജനങ്ങൾ ഒറ്റക്കെട്ടായി

ഊതിപ്പറത്തി 'ലഹരി വിമുക്ത യൗവനം' എന്ന സ്വപ്നത്തിന് മിഴിവേകാൻ കഴിയട്ടെ എന്നാശംസിക്കുന്നു.

2013 ലെ എല്ലാ രൂപത, മേഖല, യൂണിറ്റ് ഭാരവാഹികൾക്കും, ഡയറക്ടേഴ്സിനും, ആനിമേറ്റേഴ്സിനും പ്രത്യേകമായ അനുമോദനങ്ങളും നന്ദിയും. പുതിയ ഭാരവാഹികൾക്ക് അനുമോദനങ്ങളും ആശംസകളും നേരുന്നു.

സ്നേഹത്തോടെ,

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**

**നന്ദിയോടെ**

2013 വർഷത്തിൽ മാനന്തവാടി രൂപതയിലെ യുവജന പ്രസ്ഥാനമായ KCYM നെ ധീരതയോടെ നയിച്ച സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾക്ക് സ്നേഹപൂർവ്വം നന്ദി. പ്രസ്ഥാനത്തിനുവേണ്ടി സമയവും, സാഹചര്യവും, കഴിവുകളുമെല്ലാം ഇവർ വിനിയോഗിച്ചു. രൂപതാതല പ്രവർത്തനങ്ങൾ ഊർജ്ജസ്വലതയോടെ നിർവ്വഹിച്ച ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, പ്രസിഡന്റ് ജിതേഷ് മുളയ്ക്കക്കുന്നേൽ, വൈസ് പ്രസിഡണ്ട് ഫ്രൻസി മണ്ണിശ്ശേരി, ജന. സെക്രട്ടറി ബിബിൻ ചെമ്പക്കര, സെക്രട്ടറിമാരായ എബിൻ മുട്ടപ്പള്ളി, ഡെൽന പറപ്പിള്ളി, ട്രഷറർ സിബിൻ പാലമൂട്ടിൽ, കോ–ഓർഡിനേറ്റർ വിനു വാണിയപ്പള്ളി, ആനിമേറ്റർ സി. ലിൻസ FCC എന്നിവർക്ക് ഹൃദയപൂർവ്വം നന്ദി.

പ്രാർത്ഥനയും, നിർദ്ദേശങ്ങളും, പ്രോത്സാഹനവും, സാമീപ്യവും നൽകി പ്രവർത്തന വഴികളിൽ കൂടെ നിന്ന അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിനെയും, ബഹു. മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അച്ചനെയും നന്ദിയോടെ സ്മരിക്കുന്നു. 'വിശ്വാസയുവത സമഗ്രപുരോഗതിക്ക്' എന്ന പഠന വിഷയത്തിലൂന്നിയ വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി യൂണിറ്റ്, മേഖല, രൂപത തലങ്ങളിൽ പ്രസ്ഥാനത്തെ നയിച്ച ഓരോ യൂണിറ്റിലെയും വൈദീകർ, ആനിമേറ്റർമാർ, ഭാരവാഹികൾ, മേഖല ഡയറക്ടർമാർ, ആനിമേറ്റർമാർ, ഭാരവാഹികൾ, പ്രസ്ഥാനത്തിലെ മുഴുവൻ അംഗങ്ങൾക്കും എല്ലാവർക്കും നന്ദി. ഒപ്പം പ്രസ്ഥാനത്തിലെ മുൻകാല ഭാരവാഹികളെയും, തിങ്കിംഗ്സെൽ അംഗങ്ങളെയും നന്ദിയോടെ സ്മരിക്കട്ടെ.

**യുവജനസമ്മേളനത്തിന് സംഭാവന തന്ന ഇടവകകൾ**

റിപ്പൺ – 1000, മാനന്തവാടി ടൗൺ ചർച്ച് – 1000, കല്പ്പറ്റ – 1000,

നെടുംമ്പാല – 1000, ഒണ്ടയങ്ങാടി – 500, പനചിറ – 500, തവിഞ്ഞാൽ – 1500, ചെറുകാട്ടൂർ – 1000, പയ്യമ്പള്ളി – 1000, യവനാർകുളം – 500, പുതുശ്ശേരി – 500, തോമാട്ടുചാൽ – 500, പടമല – 500, കരിമാനി – 500, വാഴവറ്റ – 400, പുതിയിടംകുന്ന് – 300, പനവല്ലി – 150, മരക്കടവ് – 500, കാവുംമന്ദം – 500, ആടിക്കൊല്ലി – 300, ചേലൂർ – 200.

മറ്റുള്ള ഇടവകകൾ സംഭാവന തന്ന് സഹകരിക്കുമല്ലോ?

**അനുശോചനം**

മുൻ സംസ്ഥാന സിൻഡിക്കേറ്റംഗം, മുൻ രൂപത പ്രസിഡണ്ട്, ഇപ്പോൾ രൂപത സിൻഡിക്കേറ്റംഗവുമായി പ്രവർത്തിക്കുന്ന ബിനോയ് പാനികുളത്തിന്റെ പിതാവിന്റെ നിര്യാണത്തിൽ KCYM രൂപതാ സമിതിയുടെ അനുശോചനം അറിയിക്കുന്നു.

**അഭിനന്ദനങ്ങൾ**

സെന്റ് പോൾസ് ദിനവുമായി ബന്ധപ്പെട്ട് 'വിശ്വാസ സംരക്ഷകനായ വി. പൗലോസ് ശ്ലീഹ' എന്ന വിഷയത്തിൽ കെ.സി.വൈ.എം. അംഗങ്ങൾക്കായി നടത്തിയ ഉപന്യാസ മത്സരത്തിൽ സമ്മാനാർഹരായവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

ഒന്നാം സ്ഥാനം : മെറിൻ ജോസ് എളമ്പാശ്ശേരി– കല്ലോടി,

രണ്ടാംസ്ഥാനം : സ്മിന്റ പുത്തൻപുരയിൽ – നടവയൽ,

മൂന്നാംസ്ഥാനം : നീന വടക്കേക്കുന്നേൽ – അമരക്കുനി

**യൂണിറ്റ് വാർത്തകൾ**

**കുറ്റിമൂല യൂണിറ്റ്**

വിശ്വാസവർഷ റാലിയിൽ യുവജനങ്ങൾ സജീവമായി പങ്കുചേർന്നു. മേഖല കലാ സാഹിത്യമത്സരത്തിൽ യൂണിറ്റിന് മൂന്നാം സ്ഥാനം ലഭിച്ചു. സമ്മാനാർഹരായ യുവജനങ്ങളെ അനുമോദിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. 2014 വർഷത്തേക്കുള്ള യൂണിറ്റ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു. പ്രസിഡന്റ് സോഹൻ പാറക്കടവിലിനും മറ്റ് ഭാരവാഹികൾക്കും അനുമോദനങ്ങൾ ആശംസിക്കുന്നു.

**കൊട്ടിയൂർ യൂണിറ്റ്**

ബഹു. ജൈനീഷ് അച്ചന്റെയും മറ്റു ഭാരവാഹികളുടെയും നേതൃത്വത്തിൽ യൂണിറ്റിനെ നയിക്കേണ്ട പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു. ലിന്റോ കല്ലോലിക്കുന്നേൽ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. പുതിയ ഭാരവാഹികൾക്ക് എല്ലാ നന്മകളും നേരുന്നു.

**അമരക്കുനി യൂണിറ്റ്**

മേഖല കലാമത്സരത്തിൽ യൂണിറ്റ് അഞ്ചാം സ്ഥാനം കരസ്ഥമാക്കി. ജപമാല സമാപനവും, വി. യൂദാശ്ലീഹായുടെ തിരുനാളും യുവജനങ്ങൾ സമുചിതമായി കൊണ്ടാടി. മാനന്തവാടിയിൽ വച്ച് നടന്ന യുവജന സമ്മേളനത്തിൽ യൂണിറ്റ് ഡയറക്ടർ ബഹു. റോബിനച്ചന്റെയും ആനിമേറ്റർ സി. അനിലിറ്റിന്റെയും നേതൃത്വത്തിൽ യുവജനങ്ങൾ സംബന്ധിച്ചു. സകല വിശുദ്ധരുടെയും തിരുനാൾ, സകല മരിച്ചവരുടെയും ഓർമ്മ എന്നീ ദിനങ്ങളിൽ യുവജനങ്ങൾ വി. കുർബാനയിൽ സംബന്ധിച്ചു. പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു. പ്രസിഡന്റ് ഡെൽവിൻ തോണക്കരയ്ക്കും മറ്റ് ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

**കൊമ്മയാട് യൂണിറ്റ്**

മേഖല രൂപത കലാ സാഹിത്യമത്സര വിജയികൾക്കും, ലോഗോസ് വിജയികൾക്കും യൂണിറ്റ് ഡയറക്ടർ ബഹു. സുനിൽ അച്ചൻ സമ്മാനങ്ങൾ നൽകി. ആനിമേറ്റർ സി. ലൂസി കളപ്പുര അഭിനന്ദനങ്ങൾ അറിയിക്കുകയും യോഗത്തിന് നന്ദിയർപ്പിക്കുകയും ചെയ്തു. പള്ളി പെയിന്റിംഗിന് മുമ്പായി പള്ളിയുടെ ഭിത്തികൾ കഴുകി യുവജന ഐക്യം പ്രകടിപ്പിച്ചു. യുവജന കൂട്ടായ്മയിലെ നവദമ്പതികളെ അഭിനന്ദിക്കുകയും, ആശംസകളർപ്പിക്കുകയും ചെയ്തു. എല്ലാ ഞായറാഴ്ചകളിലും വി. ഗ്രന്ഥ വായനകളും, അൾത്താര ശുശ്രൂഷയും യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തുന്നു.

**ചുങ്കക്കുന്ന് യൂണിറ്റ്**

സകല മരിച്ചവരുടെയും തിരുനാൾ ദിനത്തിൽ എല്ലാ യുവജനങ്ങളും ദിവ്യബലിയിലും സിമിത്തേരി സന്ദർശനത്തിലും പങ്കെടുത്തു. യുവജന സെമിനാർ നടത്തി. യൂണിറ്റ് ഡയറക്ടർ ബഹു. തോമസ് മണക്കുന്നേലച്ചൻ ക്ലാസ്സ് നയിച്ചു. യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികളും അവയെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ എപ്രകാരം നേരിടാമെന്നും അച്ചൻ വ്യക്തമാക്കി. 375 യുവജനങ്ങൾ സംബന്ധിച്ചു. രൂപത കലാമത്സരത്തിൽ വിജയികളായവരെ അഭിനന്ദിച്ചു. ഇടവക തലത്തിൽ നടത്തപ്പെട്ട വിശ്വാസ പ്രഘോഷണ റാലിയുടെ ഒരുക്കത്തിലും, റാലിയിലും യുവജനങ്ങൾ സജീവമായി പങ്കുചേർന്നു. ചുങ്കക്കുന്ന് യൂണിറ്റിന്റെയും മേഖലയുടെയും കോ-ഓർഡിനേറ്ററായ ശ്രീ. ഷിന്റോ നെടിയകാലായുടെ അമ്മയുടെ അകാല വിയോഗത്തിൽ യൂണിറ്റംഗങ്ങൾ അനുശോചനം രേഖപ്പെടുത്തി.

### പുൽപ്പള്ളി യൂണിറ്റ്

സകല മരിച്ചവരുടെയും തിരുനാളിനൊരുക്കമായി അംഗങ്ങൾ സിമിത്തേരി വൃത്തിയാക്കുകയും അലങ്കരിക്കുകയും ചെയ്തു. തിരുനാൾ ദിനത്തിലെ വി. കുർബാന, പ്രദക്ഷിണം ഇവയിൽ സംബന്ധിച്ചു. യൂണിറ്റ് ഡയറക്ടർ ബഹു. ജോൺ പുതുക്കുളത്തിൽ അച്ചന്റെ നേതൃത്വത്തിൽ നവംബർ മാസത്തിൽ എല്ലാ ദിവസവും സിമിത്തേരി സന്ദർശനം നടത്തി. യുവജന സെമിനാർ നടത്തി. ബഹു. ജെയ്സൺ കാഞ്ഞിരംപാറയിലച്ചൻ ക്ലാസ്സ് നയിച്ചു. യുവജനങ്ങളുടെ കാഴ്ചപ്പാടുകളെയും, മൂല്യബോധത്തേയും ക്രിസ്തീയ വീക്ഷണത്തിൽ മനസിലാക്കുവാൻ ക്ലാസ്സ് ഉപകരിച്ചു. തുടർന്ന് ദിവ്യകാരുണ്യ ആരാധനയോടെ സെമിനാർ സമാപിച്ചു. അംഗങ്ങളുടെ നേതൃത്വത്തിൽ തിരുബാലസംഖ്യ ദിനാഘോഷം നടത്തി. തിരുവചന കാർഡുകളും, ബാഡ്ജും കുഞ്ഞുങ്ങൾക്ക് നൽകി. ആശംസാകാർഡിലൂടെ മംഗളങ്ങൾ നേർന്നു. ബഹു. ഡയറക്ടറച്ചൻ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. വിശ്വാസവർഷ സമാപനത്തോടനുബന്ധിച്ച് യുവജനങ്ങളെല്ലാം വെള്ളവസ്ത്രം ധരിച്ച് ദേവാലയത്തിൽ വരുകയും അന്നത്തെ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുകയും, വിശ്വാസവർഷ സന്ദേശങ്ങളും, ആശംസ കാർഡുകളും തയ്യാറാക്കി പ്രദർശിപ്പിക്കുകയും ചെയ്തു.

### ഒണ്ടയങ്ങാടി യൂണിറ്റ്

പുതിയ വർഷത്തിലേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റ് സിബിൻ കൂട്ടുങ്കലിനും മറ്റു ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

### വൈത്തിരി യൂണിറ്റ്

യൂണിറ്റിനെ നയിക്കേണ്ട പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു. പ്രസിഡന്റ് ക്രിസ്റ്റിൻ ജോസഫ് ചെറുപ്ലാവിനും, മറ്റു ഭാരവാഹികൾക്കും പ്രവർത്തനവഴികളിൽ നന്മകൾ നേരുന്നു.

### കല്പ്പറ്റ യൂണിറ്റ്

പുതിയ വർഷത്തിൽ യൂണിറ്റിന്റെ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തി. പ്രസിഡന്റായി ഡിനോ മുണ്ടുപ്ലാക്കലിനെ തെരഞ്ഞെടുത്തു. ഒപ്പം തിരഞ്ഞെടുക്കപ്പെട്ട മറ്റു ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

### പയ്യമ്പള്ളി യൂണിറ്റ്

നവംബർ മാസത്തിൽ യുവജനങ്ങൾ സിമിത്തേരി വൃത്തിയാക്കു

കയും മരിച്ചവർക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു. രൂപത യുവജന സംഗമത്തിൽ പങ്കെടുക്കുകയും 1000 രൂപ സംഭാവന നൽകുകയും ചെയ്തു. കൂടൽക്കടവ് പ്രദേശത്ത് കാട്ടാനയിറങ്ങി കൃഷി നശിപ്പിച്ചതിനെതിരെ യുവജനങ്ങൾ പ്രതിഷേധിച്ചു. ഗാഡ്ഗിൽ, കസ്തൂരി രംഗൻ റിപ്പോർട്ടുകൾക്കെതിരെ പ്രതിഷേധറാലി, പൊതുസമ്മേളനം ഇവ നടത്തി. യൂണിറ്റ് ഡയറക്ടർ ബഹു. ജോസ് മുണ്ടക്കൽ അച്ചൻ, ബഹു. ജോസ് മരിയദാസ് അച്ചൻ, ജോബി നെല്ലിക്കുന്നേൽ, ജോബി ഉള്ളോപ്പള്ളി, ജോബിറ്റ് പുത്തൻപുരയിൽ എന്നിവർ പ്രസംഗിച്ചു. നിർമ്മാണത്തിലിരിക്കുന്ന ഇടവക ദേവാലയത്തിൽ പ്രതിഷ്ഠിക്കുവാനുള്ള യുവജനങ്ങൾ സ്പോൺസർ ചെയ്ത രൂപത്തിനുവേണ്ടി ഫണ്ട് ശേഖരണത്തിനായി നാല് ഘട്ടങ്ങളായി വീടുകൾ കയറിയിറങ്ങി ആക്രിസാധനങ്ങൾ ശേഖരിച്ച് വിറ്റ് സമാഹരിച്ച 1,25000 രൂപ യൂണിറ്റ് വികാരി റവ. ഫാ. ജോസ് മുണ്ടയ്ക്കലിന് ഭാരവാഹികൾ ചേർന്ന് കൈമാറി.

പുതുവൽസരാശംസകളോടെ,

**ബിബിൻ ചെമ്പക്കര**

കെ.സി.വൈ.എം. ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ഡിസംബർ 1 മുതൽ 4 വരെ നടന്ന കോഴ്സിൽ 98 പേരും മണിമൂളിയിൽ ഡിസംബർ 13 മുതൽ 16 വരെ നടന്ന കോഴ്സിൽ 101 പേരും പങ്കെടുത്തു. കോഴ്സുകളുടെ വിജയത്തിനായി സഹായിച്ച എല്ലാ വൈദീകരെയും കുടുംബപ്രേഷിതത്വ ടീം അംങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**2014 – ലെ കോഴ്സുകൾ**

| Month | Date | Starting Time | Closing Time | Venue |
|---|---|---|---|---|
| January | 12-15 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 26-29 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| February | 09-12 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| March | 02-05 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 14-17 | 4.30 pm | 2.30 pm | Manimooly |
| | 28-31 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| April | 12-15 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 25-28 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| May | 11-14 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 30-June 02 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| June | 27-30 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| July | 18-21 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| August | 03-06 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 15-18 | 4.30 pm | 2.30 pm | Manimooly |
| | 22-25 | 9.30 am | 2.00 pm | Pastoral Centre, Dwaraka |

| | | | | |
|---|---|---|---|---|
| September | 08-11 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| October | 10-13 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 26-29 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| November | 09-12 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| December | 07-10 | 9.30 am | 2.00 pm | Pastoral Centre, Dwaraka |
| | 12-15 | 4.30 pm | 2.30 pm | Manimooly |
| | 28-31 | 9.30 am | 2.00 pm | Pastoral Centre, Dwaraka |

**കത്തോലിക്കാ മാതൃസംഘടന**

10-12-2013 ന് രൂപതാ ഡയറക്ടർ മാത്യു പെരിയപ്പുറം അച്ചന്റെ നേതൃത്വത്തിൽ പ്രസിഡന്റ് ശ്രീമതി മോളി കരിമ്പനാക്കുഴിയുടെ അധ്യക്ഷതയിൽ രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. ഡിസംബർ 21 നുള്ള രൂപതാ ജനറൽ ബോഡിയുടെ നടത്തിപ്പിനെക്കുറിച്ചും ശാഖാ ആനിമേറ്റേഴ്സിന്റെ സംഗമത്തെക്കുറിച്ചും വിശദമായി ചർച്ച ചെയ്ത് സുഗമമായ നടത്തിപ്പിനുവേണ്ട തീരുമാനങ്ങൾ എടുത്തു.

**മികച്ച ശാഖ - മേഖല**

രൂപതാ തലത്തിൽ നല്ല പ്രവർത്തനങ്ങൾ നടത്തിയ യൂണിറ്റുകളെയും മേഖലകളെയും കണ്ടെത്തുന്നതിനായി നടത്തിയ വിലയിരുത്തലുകളിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടിയ ഇടവകകളെയും, മേഖലകളെയും പ്രത്യേകം അഭിനന്ദിക്കുന്നു. തുടർന്നും തമ്പുരാന് വേണ്ടി നന്മ ചെയ്യുവാൻ നിങ്ങൾക്ക് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

**ഇടവകകൾ**

1. മണിമൂളി, 2. ചുങ്കക്കുന്ന്, 3. തെനേരി

**മേഖലകൾ**

1. മണിമൂളി, 2. മാനന്തവാടി, 3. നടവയൽ,

**നിലമ്പൂർ മേഖല**

നവംബർ 2-ാം തീയതി ശനിയാഴ്ച 11 മണിക്ക് നിലമ്പൂർ ലിറ്റിൽ ഫ്ളവർ ദേവാലയത്തിൽ വച്ച് ഡയറക്ടർ ഫാ. സജി പുതുക്കുളങ്ങരയുടെ അദ്ധ്യക്ഷതയിൽ മേഖല എക്സിക്യൂട്ടീവ് ചേർന്നു. 2013 നവംബർ 14-ാം തീയതി രൂപതാതല സാഹിത്യമൽസരം നടത്തുവാനും, അന്നുതന്നെ ജനറൽബോഡി ചേരുവാനും തീരുമാനിച്ചു. നിലമ്പൂർ മേഖലയിലെ വിധവകൾക്കായി സഹയാത്രിക നവംബർ 23 -ന് ശനിയാഴ്ച നടത്തുവാൻ തീരുമാനിച്ചു.

2013 നവംബർ 14-ാം തീയതി വ്യാഴാഴ്ച രാവിലെ 9. 30 ന് നിലമ്പൂർ ലിറ്റിൽ ഫ്ളവർ പള്ളിയിൽ വച്ച് രൂപതാതല സാഹിത്യ മൽസരവും, ജനറൽബോഡി യോഗവും നടത്തി. നവംബർ 23-ാം തീയതി സഹയാത്രിക വിധവാസംഗമം നടത്തുന്നതിനെപ്പറ്റി യോഗത്തിൽ വിശദമായി ചർച്ച ചെയ്തു. രൂപതാ നേതൃത്വത്തിൽ ക്ലാസുകൾ എടുക്കുവാനും, സെമിനാറിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണം നല്കുവാനും, ഭക്ഷണം തയ്യാറാക്കുന്നതിനായി എല്ലാ ശാഖകളിൽ നിന്നുമുള്ള എക്സിക്യൂട്ടീവ് അംഗങ്ങൾ എത്തിചേരുവാനും തീരുമാനിച്ചു. ഉച്ചഭക്ഷണത്തിനുശേഷം 2.30 -ന് ദിവ്യബലിയും തുടർന്ന് വിശ്വാസവർഷ റാലിയും നടത്തുന്നതിനും തീരുമാനമായി. ഭക്ഷണത്തിനും മറ്റുമുള്ള ചിലവുകൾക്കായി ഓരോ അംഗത്തിൽ നിന്നും 100 രൂപാവീതം വിഹിതം വാങ്ങുന്നതിനും തീരുമാനിച്ചു. യോഗത്തിൽ മേഖലയിലെ ഒഴിവുള്ള സ്ഥാനങ്ങളിലേക്ക് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. സെക്രട്ടറി ഗ്രേസി തെക്കേത്തെരുവിലിനു പകരമായി ലിസി വിലങ്ങുപാറയെയും (പൂളപ്പാടം) ജോയിന്റ് സെക്രട്ടറി മിനി വടക്കേടത്തിനു പകരമായി ഷൈനി തോട്ടപ്പള്ളിലിനെയും (പൂക്കോട്ടുപാടം) തിരഞ്ഞെടുത്തു.

2013 നവംബർ 23 ശനിയാഴ്ച രാവിലെ 9.30 -ന് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ മാതൃസംഘടനയും, വനിതാകമ്മീഷനും സംയുക്തമായി സഹയാത്രിക വിധവാസംഗമം - മേഖലാ സമ്മേളനം നിലമ്പൂർ ലിറ്റിൽ ഫ്ളവർ പള്ളിയിൽ സംഘടിപ്പിച്ചു. നിലമ്പൂർ ഫൊറോന വികാരി ഫാ. പോൾ കൂട്ടാല അദ്ധ്യക്ഷത വഹിച്ചു. മേഖല ഡയറക്ടർ ഫാ. സജി പുതുകുളങ്ങര സ്വാഗതം ആശംസിച്ചു. രൂപതാഡയറക്ടർ ഫാ. മാത്യു പെരിയപ്പുറം സമ്മേളനം ഉദ്ഘാടനം ചെയ്തു. വിമൻസ് കമ്മീഷൻ രൂപതാസെക്രട്ടറി ജിഷ ഷൈബി, രൂപതാ ആനിമേറ്റർ സി. ആലീസ് SKD, ശ്രീമതി ചിന്നമ്മ റാത്തപ്പിള്ളി എന്നിവർ ക്ലാസുകൾ നയിച്ചു. വിമൻസ് കമ്മീഷൻ മേഖലാ സെക്രട്ടറി ശ്രീമതി ഡെയ്സി ലാൽ ശങ്കരത്തിൽ നന്ദിപ്രകാശനം നടത്തി. വിവിധ ഇടവകകളിൽ നിന്നുമായി 150 -ഓളം സഹയാത്രികർ യോഗത്തിൽ പങ്കെടുത്തു. സെമിനാറിൽ പങ്കെടുത്തവർക്ക് സമ്മാനമായി ജപമാല നല്കി. ഉച്ചഭക്ഷണത്തിനുശേഷം 2.30 -ന് സമൂഹബലിയും തുടർന്ന് വിശ്വാസ റാലിയും നടത്തി.

### കല്പറ്റ മേഖല

മേഖലാ ജനറൽബോഡിയും,അർദ്ധദിന സെമിനാറും 22-11-2013 -ന് തെനേരി ശാഖയിൽ വച്ച് ശാഖാ ഡയറക്ടർ ബഹു. സജി

കോട്ടായിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ നടത്തി. യോഗത്തിൽ രൂപതാ എക്സിക്യൂട്ടീവ് അംഗം റോസമ്മ മാന്ദംകരിയിൽ സ്വാഗതം പറഞ്ഞു. കല്പറ്റ മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങളും മറ്റ് ശാഖകളിലെ പ്രതിനിധികളും പങ്കെടുത്ത യോഗത്തിലും സെമിനാറിലും മേഖലാ ഡയറക്ടർ ബഹു. ജോസഫ് വയലിൽ അച്ചൻ, ആനിമേറ്റർ സി. ട്രീസ എന്നിവർ നേതൃത്വം വഹിച്ചു. സെമിനാറിൽ ബഹു. സി. ടെസീന എസ് എ.ബി.എസ് വിശ്വാസ കൈമാറ്റം കുടുംബങ്ങളിലൂടെ എന്ന വിഷയത്തിൽ അംഗങ്ങൾക്ക് ക്ലാസെടുത്തു. മേഖലാ ജോ. സെക്രട്ടറി ലിസി പാലത്തടത്തിൽ നന്ദി പറഞ്ഞു.

**പയ്യമ്പള്ളി മേഖല**

14-12-2013 ശനിയാഴ്ച്ച തൃശ്ശിലേരി സെന്റ് ജോർജ് ദേവാലയ ത്തിൽ വച്ച് പയ്യമ്പള്ളി മേഖലാ വാർഷികവും ക്രിസ്തുമസ്സ് ആഘോ ഷവും നടത്തി. മേഖല ഡയറക്ടർ ബഹു. ഫാ ചാക്കോ വാഴക്കാല വി.ബലിയർപ്പിച്ചു. 9 ശാഖകളിൽ നിന്നുമായി 125 പേർ പങ്കെടുത്ത വാർഷികത്തിലെ പൊതു സമ്മേളനത്തിൽ. രൂപതാ ആനിമേറ്റർ സി. ടെസ്സീന എസ്.എ.ബി.എസ് അദ്ധ്യക്ഷത വഹിച്ചു. തൃശ്ശിലേരി വികാരി ബഹു.ഫാ. ഷാജി മൂത്തേടത്ത് ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ശ്രീമതി ഫിലോ ചേലയ്ക്കൽ വാർഷിക റിപ്പോർട്ടും, ആനിമേറ്റർ സി. അഞ്ജലി കണക്കും അവതരിപ്പിച്ചു. ഓരോ ശാഖയും വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

സമ്മാനകൂപ്പൺ നറുക്കെടുപ്പിലൂടെ ഭാഗ്യശാലികളെ കണ്ടെത്തി. നറുക്കെടുപ്പിൽ സമ്മാനാർഹരായവർക്കും, ബെസ്റ്റ് ശാഖകൾക്കും, ബൈബിൾ ക്വിസ്സ്, സാഹിത്യ മൽസരവിജയികൾക്കും ബഹു. ഫാ ചാക്കോ വാഴക്കാല സമ്മാനങ്ങൾ വിതരണം ചെയ്തു. ജനുവരി 8 -ന് അടുത്ത മേഖലാ എക്സിക്യുട്ടീവ് ചേരും. മേഖലയിൽ ലോഗോസിന് ഉയർന്ന മാർക്ക് ലഭിച്ചവർ: മേരിക്കുട്ടി കമ്മന, ഫിലോ ചേലയ്ക്കൽ ഒണ്ടയങ്ങാടി, ലിസ്സി പുലിക്കുന്നേൽ പനവല്ലി.

നറുക്കെടുപ്പിൽ സമ്മാനാർഹരായവർ:- 1. മനു ജയമാത - കാട്ടിക്കുളം, 2. സെൽമ പള്ളിത്താഴത്ത് - ഒണ്ടയങ്ങാടി, 3. തങ്കമ്മ ജോൺ പുൽപ റമ്പിൽ - തൃശ്ശിലേരി.

**മച്ചിക്കൊല്ലി**

ദേവാലയ നിർമ്മാണ നിയോഗം സമർപ്പിച്ച് ഓരോ അമ്മമാരും 100 കൊന്ത ചൊല്ലി കാഴ്ചവയ്ക്കാൻ തീരുമാനിച്ചു. എല്ലാ ദിവസവും

കുർബാനയ്ക്ക് മുൻപ് കാഴ്ചസമർപ്പണം നടത്തുന്നു. 3-11-2013-ന് അമ്മമാർ ഒരുമിച്ചു കൂടി. ദിവ്യബലിയുടെ മാഹാത്മ്യത്തെക്കുറിച്ചുള്ള കാര്യങ്ങൾ അച്ചടിച്ച പേപ്പർ എല്ലാ അമ്മമാർക്കും നൽകി. അമ്മമാർ സിമിത്തേരി വൃത്തിയാക്കി. കൊച്ചുത്രേസ്യാ നാമധാരികളെ ആദരിച്ചു. ലോഗോസ് പരീക്ഷ എഴുതിയവർക്കും വിജയികൾക്കും പ്രത്യേക സമ്മാനങ്ങൾ നൽകി. രോഗീസന്ദർശനം നടത്തി.

**കൽപ്ര**

രോഗീ സന്ദർശനം നടത്തി ചികിൽസയ്ക്കായി 2000/- രൂപ നൽകി. സ്വയം തൊഴിൽ കണ്ടെത്തിയ ഒരു കുടുബത്തിന് 10000/- രൂപ ഫണ്ടിൽ നിന്ന് സഹായമായി നൽകി. ബെക്കി അഗതിമന്ദിരം സന്ദർശിച്ച് ഒരു ദിവസം അവരോടൊപ്പം ചിലവഴിച്ചു.

**ചുങ്കക്കുന്ന്**

15-11-2013 -ന് ചേർന്ന ജനറൽബോഡിയോഗത്തിൽ സി. വിനീത എസ്. എച്ച് വിശ്വാസകൈമാറ്റം കുടുബങ്ങളിലൂടെ എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സെടുത്തു. അസ്സി. ഡയറക്ടർ ഫാ. ബിജു അനുരഞ്ജന കൂദാശയുടെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിച്ചു. 26-ന് ഗാഡ്ഗിൽ കസ്തൂരിരംഗൻ റിപ്പോർട്ടിൻ മേലുള്ള സംഘർഷാവസ്ഥ ലഘൂകരിക്കുന്നതിനും സമാധാനം പുനഃസ്ഥാപിക്കുന്നതിനും വേണ്ടി അമ്മമാർ ഉപവസിച്ച് ദിവ്യകാരുണ്യ ആരാധന നടത്തുകയും ജപമാല ചൊല്ലുകയും ചെയ്തു. വിശ്വസ വർഷ സമാപന ദിനത്തിൽ കുടുബത്തിന് ലഭിച്ച വചനം കൈയിലേന്തി കുടുബാംഗങ്ങൾ വിശ്വാസപ്രഘോഷണ റാലിയിൽ പങ്കുചേർന്നു.

**വെള്ളൂന്നി**

മരിച്ചുപോയ സംഘടനാംഗങ്ങൾക്കു വേണ്ടി ദിവ്യബലിയർപ്പിക്കുകയും ഏതാനും അമ്മമാർ മുടങ്ങാതെ സിമിത്തേരി സന്ദർശനം നടത്തുകയും ചെയ്തു. ആനിമേറ്ററുടെ നേതൃത്വത്തിൽ സംഘടനാംഗങ്ങൾ ഭവനങ്ങൾ സന്ദർശിച്ചു. 14-ാം തീയതി കൊട്ടിയൂരിൽ വച്ച് നടത്തിയ സോപ്പുനിർമ്മാണ പരിശീലന പരിപാടിയിൽ 3 പേർ പങ്കെടുത്തു. 22-ാം തീയതി ഫാ. ജേക്കബ്ബ് C.M.I അമ്മമാർക്ക് ക്ലാസ് നൽകി. വിശ്വാസ വർഷ സമാപനത്തോടനുബന്ധിച്ച് 28-ാം തീയതി 5 മണി മുതൽ 9. 30 വരെ ഇടവകയിൽ വച്ച് നടത്തിയ Mercy Night ജാഗരണ പ്രാർത്ഥനയിൽ എല്ലാ അമ്മമാരും സംബന്ധിച്ചു.

**നരിവാലമുണ്ട**

പരി. അമ്മയുടെ ജനന തിരുനാൾ മാതൃദിനമായി ആഘോഷിച്ചു. ജപമാലയും തുടർന്ന് വി. കുർബാനയുടെ ആരംഭത്തിൽ എല്ലാ അമ്മമാരും കാഴ്ചസമർപ്പണവും നടത്തി. 14-10-2013 -ന് ഇടവകയിലെ എല്ലാ സംഘടനകളും സംയുക്തമായി വഴിക്കടവ് പഞ്ചായത്തിലെ ശാരീരിക-മാനസിക വിഷമതകൾ അനുഭവിക്കുന്നവരുടെ ഒരു സംഗമം -സ്നേഹസ്പർശം- നടത്തി. ബഹു. മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് പരിപാടി ഉദ്ഘാടനം ചെയ്തു. ഫാ. സണ്ണി കൊല്ലാർത്തോട്ടം അധ്യക്ഷത വഹിച്ചു. ബ്ലോക്ക്, പഞ്ചായത്ത്, വാർഡ് തലങ്ങളിലെ പ്രതിനിധികൾ പങ്കെടുത്തു. 135 രോഗികൾ ഇതിൽ പങ്കെടുത്തു. അവർക്ക് സമ്മാനങ്ങളും, ഭക്ഷണവും നൽകി. ഭക്ഷണം തയ്യാറാക്കാനും, വോളണ്ടിയേഴ്സായും ധാരാളം അമ്മമാർ ഈ പരിപാടിയിൽ സഹകരിച്ചു. 20.10.2013 ന് മേഖലാ ടീം അംഗങ്ങൾ ശാഖാ സന്ദർശനം നടത്തി. റെക്കോഡുകൾ പരിശോധിച്ച് വിലയിരുത്തി.

**പൂളപ്പാടം**

നവംബർ ഒന്നാം തീയതി മാതൃസംഘാംഗങ്ങൾ സിമിത്തേരി വൃത്തിയാക്കി. 8-11-2013 -ന് ശാഖാ എക്സിക്യൂട്ടീവ് ചേർന്നു. ശാഖാ ഭാരവാഹികളും, വാർഡ് പ്രതിനിധികളും ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ 11-11-2013 -ന് ചോക്കാട് അഗതിമന്ദിരം സന്ദർശിച്ച് അവർക്ക് ഭക്ഷണം, വസ്ത്രം എന്നിവ നൽകി. 14-11-2013 -ന് മേഖലാ ജനറൽ ബോഡിയിൽ എല്ലാവരും സംബന്ധിക്കുകയും മേഖലാ സെക്രട്ടറിയായി ശ്രീമതി ലിസി വിലങ്ങുപാറ തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. രൂപതാ സാഹിത്യമൽസരത്തിൽ ജെറി മാവേലിൽ, സുനി പുന്നോലിക്കുന്നേൽ എന്നിവർ പങ്കെടുത്തു. 23-11-2013 -ന് മേഖലയിൽ വച്ചു നടന്ന സഹയാത്രികയിൽ 16 പേർ പങ്കെടുത്തു. രോഗിയായ വ്യക്തിക്ക് ചികിൽസാർത്ഥം 2500/- രൂപ നൽകി. ഫണ്ട് രൂപീകരിക്കാനായി രണ്ട് ലേലക്കുറികൾ നടത്തിവരുന്നു. എല്ലാ വ്യാഴാഴ്ചയും ദിവ്യബലിയെ തുടർന്ന് മദ്ധ്യസ്ഥപ്രാർത്ഥന, എല്ലാ വെള്ളിയാഴ്ചയും പ്രത്യേക നിയോഗാർത്ഥം ഗ്രോട്ടോയിൽ ജപമാല, എല്ലാ രണ്ടാം വെള്ളിയിലും ദേവാലയശുചീകരണം എന്നിവ അമ്മമാരുടെ നേതൃത്വത്തിൽ നടത്തുന്നു.

**തെനേരി ശാഖ**

കത്തോലിക്കാ മാതൃസംഘടനയുടെ രൂപതാതലത്തിൽ ഏറ്റവും നല്ല ശാഖയെ തിരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി രൂപതാ ടീം 7-12-2013 -ന് തെനേരി ശാഖ സന്ദർശിച്ചു. രൂപതാ ഡയറക്ടർ ബഹു. മാത്യു

പെരിയപ്പുറം അച്ചൻ, രൂപതാ ആനിമേറ്റർ ബഹു. സി.ആൻസി പോൾ S.H, രൂപതാ പ്രസിഡന്റ് ശ്രീമതി മോളി കരിമ്പനാക്കുഴി, രൂപതാ എക്സിക്യൂട്ടീവ് അംഗം ലില്ലി ഇടപ്പുളവിൽ എന്നിവർ പങ്കെടുത്തു. ശാഖാ ഡയറക്ടർ ബഹു. ഫാ. സജി കോട്ടായിൽ അദ്ധ്യക്ഷത വഹിച്ചു.

**നടവയൽ ശാഖ**

കത്തോലിക്ക മാതൃസംഘടനയുടെ രൂപതാതലത്തിൽ ഏറ്റവും നല്ല ശാഖയെ തിരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി രൂപതാ ടീം 4-12-2013 -ന് നടവയൽശാഖ സന്ദർശിച്ചു. രൂപതാ ഡയറക്ടർ ബഹു. മാത്യു പെരിയപ്പുറം അച്ചൻ, രൂപതാ ആനിമേറ്റർ സി. ടെസ്സീന S.A.B.S, രൂപതാ പ്രസിഡന്റ് ശ്രീമതി മോളി കരിമ്പനാക്കുഴി, എക്സിക്യൂട്ടീവ് അംഗം ശ്രീമതി അന്നക്കുട്ടി ഇലഞ്ഞിമറ്റം എന്നിവർ റിപ്പോർട്ടുകൾ വിലയിരുത്തി. മേഖല ഡയറക്ടർ ബഹു. ജോയി പുല്ലംകുന്നേൽ അച്ചൻ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് രൂപതാ ഡയറക്ടർ ബഹു. ഫാ മാത്യു പെരിയപ്പുറം ദിവ്യബലിയർപ്പിച്ചു.

**കേളകം ശാഖ**

നവംബർ 8 ന് മാതൃസംഘാംഗങ്ങൾ ആനിമേറ്റർ സി. ഗ്രേസി SKD യുടെ നേതൃത്വത്തിൽ പ്രസിഡന്റ് ശ്രീമതി കത്രിക്കുട്ടി മണ്ണൂക്കുളത്തിന്റെ അധ്യക്ഷതയിൽ യോഗം ചെർന്നു. അമ്മമാരുടെ നേതൃത്വത്തിലുള്ള വാർഡുപ്രാർത്ഥന നടത്തുക, രോഗിയായ വീട്ടമ്മയ്ക്ക് ഭക്ഷണം, മരുന്ന് ഇവ എത്തിച്ചുകൊടുക്കുക എന്നീ കാര്യങ്ങൾ തീരുമാനിച്ചു. നവംബർ മാസത്തിൽ എല്ലാ ദിവസവും സിമിത്തേരി സന്ദർശിക്കുവാനും പ്രാർത്ഥിക്കാൻ ആരുമില്ലാത്ത മരിച്ച ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും തീരുമാനിച്ചു.

**കുറുമണി ശാഖ**

നവംബർ 17 ന് എക്സിക്യൂട്ടീവ് അംഗങ്ങളും വാർഡു പ്രതിനിധികളും യോഗം ചേർന്നു. ഇടവകയിലെ പൊതു പ്രവർത്തനങ്ങളിൽ അമ്മമാർക്കുള്ള പങ്കിനെക്കുറിച്ച് ആനിമേറ്റർ സിസ്റ്റർ ക്ലാസെടുത്തു. പുതിയ ദേവാലയത്തിലേക്ക് അമ്മമാരുടെ സംഭാവനയായി ക്ലോക്ക് നല്കാൻ തീരുമാനിച്ചു. പുതിയ ദേവാലയത്തിനു ചുറ്റും കത്തിച്ച ദീപവുമായി മുട്ടിന്മേൽ നീന്തി നടത്തിയ പരിഹാര ജപമാല പ്രദക്ഷിണത്തിൽ അമ്മമാർ പങ്കെടുത്തു.

മാതൃസംഘത്തിനുവേണ്ടി നടത്തിയ ജപമാലയിൽ എക്സിക്യൂട്ടീവ് അംഗങ്ങളും, വാർഡുപ്രതിനിധികളും ബഹു. വികാരിയച്ചന്റെ പക്കൽ നിന്ന് കത്തിച്ച ദീപം ഏറ്റുവാങ്ങി

സംഘടനയ്ക്കുവേണ്ടി മാതാവിന്റെ മുൻപിൽ സമർപ്പിച്ച് പ്രാർത്ഥിച്ചു. മാതൃസംഘാംഗങ്ങൾക്കുവേണ്ടി തയ്യൽ പരിശീലനം ആരംഭിച്ചു. 6 പേർ പരിശീലനം നേടിക്കൊണ്ടിരിക്കുന്നു.

എല്ലാ ആഴ്ചയിലും അമ്മമാർ പള്ളിയും പരിസരവും വൃത്തിയാക്കുകയും, ദേവാലയ നിർമ്മിതിക്കുവേണ്ടിയുള്ള പണികളിൽ സഹകരിക്കുകയും, വിറകുശേഖരണം, തോട്ടപ്പണികൾ, ഭക്ഷണം തയ്യാറാക്കൽ എന്നിവയും ചെയ്തുവരുന്നു. രോഗീസന്ദർശനം നടത്തി.

**ആറാട്ടുതറ**

6-12-2013 വെള്ളിയാഴ്ച്ച 3.30 -ന് യോഗം ചേർന്നു. പള്ളി വൃത്തി യാക്കാൻ ഓരോ ആഴ്ചയിലും ശനിയാഴ്ച്ച 3.30 -ന് ഓരോ വാർഡി ലെയും അമ്മമാർ എത്തുവാനും എമ്മാവൂസ് വില്ല സന്ദർശിക്കാനും പുതിയ പള്ളിയിലേക്ക് ഓരോ അമ്മയും ഓരോ കുർബാന പുസ്തകം നൽകാനും തീരുമാനിച്ചു.

**മരിയൻ സിംഗിൽസ്**

രൂപതാ ഡയറക്ടർ ഫാ. മാത്യു പെരിയപ്പുറം, സി. മരീന ജോസ് എസ്.എച്ച്. എന്നിവരുടെ നേതൃത്വത്തിൽ ഏകസ്ഥ കൂട്ടായ്മ നടന്നു. ക്രിസ്മസ് ആശംസകൾ നേർന്നും, സമ്മാനങ്ങൾ കൈമാറിയും, കേക്ക് മുറിച്ചും ക്രിസ്മസ് ആഘോഷം നടത്തി. മിറയക്കുട്ടി വലിയകല്ലുങ്കൽ, വൽസ കടവിത്തറ എന്നിവർ കളമശ്ശേരി എമ്മാവൂസിൽ ഡിസംബർ 5,6,7 തീയതികളിൽ നടന്ന മരിയൻ സിംഗിൾസ് സംസ്ഥാന കൺവെൽഷനിൽ പങ്കെടുത്തു.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ കുടുംബപ്രേഷിതത്വം

# വിമൻസ് കമ്മിഷൻ

**വിമൻസ് കമ്മീഷൻ രൂപതാ എക്സിക്യുട്ടീവ്**

7-12-2013 -ന് വിമൻസ് കമ്മിഷൻ രൂപതാ എക്സിക്യുട്ടിവ് ചേർന്നു. സഹയാത്രിക സംഗമങ്ങളെ വിലയിരുത്തി. Follow up യൂണിറ്റ് തലങ്ങളിൽ നടത്തുന്നതിനെക്കുറിച്ച് യോഗം ചർച്ചചെയ്തു. 2014 ഏപ്രിൽ 23 -ന് വിമൻസ് കമ്മിഷൻ ഇടവക പ്രതിനിധികളുടെ രൂപതാ സംഗമം സംഘടിപ്പിക്കാൻ തീരുമാനിച്ചു.

**സാഹിത്യ മൽസര വിജയികൾ**

രൂപതാ വിമൻസ് കമ്മീഷന്റെ ആഭിമുഖ്യത്തിൽ മാതൃസംഘ ടനയുടെ സഹകരണത്തോടെ വനിതകൾക്കായി നടത്തിയ രചനാ മൽസര വിജയികളുടെ പേരു വിവരങ്ങൾ. മൽസരത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദിയും വിജയികൾക്ക് അഭിനന്ദനങ്ങളും നേരുന്നു.

**ഉപന്യാസം**

1. ജെല്ലി വെള്ളമറ്റത്തിൽ -കല്ലുമുക്ക്, 2. ജെറി മാവേലിൽ -പൂളപ്പാടം 3. ബീന കുരീക്കാട്ടിൽ -കല്ലോടി.

**കവിത**

1. ലിറ്റി വെണ്ടർമ്യാലിൽ -പുതിയിടംകുന്ന്, 2. ബീന കുരീക്കാട്ടിൽ -കല്ലോടി, 3. ജെയ്നി കൊച്ചുവെമ്പിള്ളി -പാൽചുരം.

**കഥ**

1. അഞ്ജലി കറുത്തേടത്ത് -ടൗൺ ചർച്ച് മാനന്തവാടി, 2. ലിസ്സി പന്ത ക്കൽ -കമ്മന, 3. ജെയ്നി കൊച്ചുവെമ്പിള്ളി -പാൽചുരം.

**പയ്യമ്പള്ളി മേഖല**

ഒക്ടോബർ 26 -ന് മാർട്ടിൻ നഗർ പള്ളിയിൽ വച്ച് സഹ യാത്രിക സംഗമം നടത്തി. മേഖല ഡയറക്ടർ ബഹു. ഫാ. ചാക്കോ ച്ചൻ വാഴക്കാല, ഫാ. സിബി ചേലക്കാപള്ളി, ആനിമേറ്റർ സി. അഞ്ജലി എസ്.കെ.ഡി, മേഖലാ സെക്രട്ടറി ശ്രീമതി മാർഗരറ്റ്, ഫിലോ ചേലയ്ക്കൽ എന്നിവർ സംഗമത്തിന് നേതത്വം നൽകി. രൂപതാ ഡയ റക്ടർ ഫാ. മാത്യു പെരിയപ്പുറം സംഗമം ഉദ്ഘാടനം ചെയ്തു. രൂപതാ ആനിമേറ്റർ സി.ആലീസ് എസ്.കെ.ഡി, സെക്രട്ടറി ശ്രീമതി ജിഷ ഷൈബി ചുങ്കക്കുന്ന് മേഖല സെക്രട്ടറി ശ്രീമതി ലിസി ഈറയിൽ എന്നിവർ ക്ലാസുകൾ നയിച്ചു.

**കല്ലോടി മേഖല**

നവംബർ 9 –ന് കല്ലോടി മേഖലയുടെ സഹയാത്രിക സംഗമം ദ്വാരക ദേവാലയത്തിൽ വച്ച് നടത്തി. കല്ലോടി മേഖലാ ഡയറക്ടർ ഫാ. മൈക്കിൾ വടക്കേമുളഞ്ഞനാൽ, ആനിമേറ്റർ സി. സിസിൽ മരിയ എസ്.എച്ച്, ശ്രീമതി മോളി തോപ്പിൽ എന്നിവർ സംഗമത്തിന് നേതൃത്വം നൽകി. രൂപതാ ഡയറക്ടർ ഫാ. മാത്യു പെരിയപ്പുറം സംഗമം ഉദ്ഘാടനം ചെയ്തു. സി.എം.എ രൂപതാ ആനിമേറ്റർ സി.ടെസ്സിന എസ്.എ.ബി.എസ്,രൂപതാ സെക്രട്ടറി ശ്രീമതി ജിഷ ഷൈബി, ശ്രീമതി ലിസി ഈറയിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം വഹിച്ചു.

**നടവയൽ മേഖല**

നടവയൽ മേഖലയുടെ സഹയാത്രിക സംഗമം ചീങ്ങോട് സെന്റ് ജൂഡ്സ് ദേവാലയത്തിൽ വച്ച് നടത്തി. മേഖലാ ഡയറക്ടർ ഫാ.ജോയി പുല്ലൻകുന്നേൽ, മേഖലാ ആനിമേറ്റർ, മേഖലാ സെക്രട്ടറി റീന എന്നിവർ നേതൃത്വം നൽകി. ഫൊറോന വികാരി ഫാ.ഷാജി മുളകുടിയാങ്കൽ ഉദ്ഘാടന കർമ്മം നിർവഹിച്ചു. രൂപതാ ആനിമേറ്റർ സി.ആലീസ് എസ്.കെ.ഡി, ശ്രീമതി ജിഷ ഷൈബി, ലിസി ഈറയിൽ എന്നിവർ നേതൃത്വം നൽകി.

**മണിമൂളി മേഖല**

മണിമൂളി മേഖലയുടെ സഹയാത്രിക സംഗമം മണിമൂളി പാസ്റ്ററൽ സെന്ററിൽ നടത്തി. മേഖലാഡയറക്ടർ ഫാ.സെബാസ്റ്റ്യൻ കീഴേത്ത്, ആനിമേറ്റർ സി.സിസിൽ എഫ്.സി.സി, മേഖലാ സെക്രട്ടറി ശ്രീമതി ജെസ്സി എന്നിവർ നേതൃത്വം നൽകി. മാനന്തവാടി രൂപത സഹ. വികാരി ജനറൽ പെരി.ബഹു.ജെയിംസ് കുറ്റിമാക്കലച്ചൻ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. രൂപതാ ആനിമേറ്റർ സി.ആലീസ് എസ്.കെ.ഡി, ശ്രീമതി ജിഷ ഷൈബി, ബത്തേരി മേഖലാ സെക്രട്ടറി ശ്രീമതി ചിന്നമ്മ റാത്തപ്പിള്ളി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**ജിഷ ഷൈബി**

വിമൻസ് കമ്മിഷൻ, രൂപതാ സെക്രട്ടറി

# സീയോൻ വാർത്തകൾ

**സോണൽ മീറ്റിംഗ്**

"അവിടുന്ന് നമ്മെ രക്ഷിക്കുകയും, വിശുദ്ധമായ വിളിയാൽ നമ്മെ വിളിക്കുകയും ചെയ്തിരിക്കുന്നു" (2 തിമോ 1/9)

ഡിസംബർ 6 ആദ്യവെള്ളി 85 ശുശ്രൂഷകർ പ്രാർത്ഥനയ്ക്കായി ഒത്തുചേർന്നു. 10 മുതൽ 12 വരെ കുരിശിന്റെവഴി, ആരാധന എന്നിവ നടത്തി. 12 മണിക്ക് പാസ്റ്ററൽ സെന്റർ ഡയറക്ടർ ബഹുമാനപ്പെട്ട ജോഷി പെരിയപ്പുറം അച്ചൻ വിശുദ്ധബലിയർപ്പിച്ച് വചനസന്ദേശം നൽകി. 1.30 ന് സീയോൻ ഡയറക്ടർ ബഹുമാനപ്പെട്ട അഗസ്റ്റിൻ താന്നി യിൽ അച്ചന്റെ നേതൃത്വത്തിൽ ടീം മീറ്റിംഗ് നടത്തി. ഓരോ പ്രേഷി തനും ഓരോ നക്ഷത്രമാണ്. നക്ഷത്രം വഴികാട്ടുന്നതുപോലെ ഓരോ പ്രേഷിതനും മറ്റുള്ളവർക്ക് വഴികാട്ടണം എന്ന് അച്ചൻ പറഞ്ഞു. സേവ് എ സോൾ എന്ന ഒരു പുതിയ മിനിസ്ട്രി ആരംഭിച്ചു. സീയോന്റെ ഭാവി ശുശ്രൂഷകളെക്കുറിച്ചും, സാമ്പത്തികകാര്യങ്ങളെക്കുറിച്ചും ചർച്ച ചെയ്തു.

**ജാഗരണപ്രാർത്ഥന 6-12-13**

"കർത്താവിന് നമ്മെക്കുറിച്ച് വിചാരമുണ്ട് അവിടുന്ന് നമ്മെ അനു ഗ്രഹിക്കും" (സങ്കീ. 115/12). 6.30 ന് ജപമാലയോടുകൂടി ജാഗരണ പ്രാർത്ഥന ആരംഭിച്ചു. 7 മണിക്ക് സീയോൻ ഡയറക്ടർ ബഹുമാന പ്പെട്ട അഗസ്റ്റിൻ താന്നിയിൽ അച്ചൻ വി.ബലിയർപ്പിച്ചു. തുടർന്ന് 12 മണി വരെയുള്ള പ്രാർത്ഥനകൾ ബഹുമാനപ്പെട്ട അഗസ്റ്റിനച്ചനും സീയോൻ ടീമും ചേർന്ന് നടത്തി. 12 മണിക്ക് വിശ്രമത്തിനായി പോയി.

**ആദ്യശനി – ഏകദിന കൺവെൻഷൻ**

ശാന്തിയുടെയും സമാധാനത്തിന്റെയും ഒരു ക്രിസ്തുമസ് കാലം കൂടി വന്നുചേരുമ്പോൾ ക്രിസ്തുമസിന് ഒരുക്കമായുള്ള ഏകദിന കൺവെൻഷൻ നടത്തി. 6 മണിക്ക് പതിവുപോലെ സീയോൻ ഡയറ

ക്ടർ ബഹുമാനപ്പെട്ട അഗസ്റ്റിൻ താന്നിയിലച്ചന്റെ നേതൃത്വത്തിൽ ജപമാലപ്രദിക്ഷണം നടത്തി ശുശ്രൂഷകർ പ്രാർത്ഥിച്ചു. 9 മണിക്ക് സപ്ര, ജപമാല, സ്തുതിആരാധന എന്നിവയോടുകൂടി പ്രാർത്ഥനകൾ ആരംഭിച്ചു. സാക്ഷ്യശുശ്രൂഷയ്ക്കുശേഷം 11 മണിക്ക് സീയോൻ അസിസ്റ്റന്റ് ഡയറക്ടർ ബഹു. സോണി വാഴകാട്ട് അച്ചൻ വചനസന്ദേശം നൽകി. മനുഷ്യനെ തേടിവരുന്ന, രാജത്വം വെടിഞ്ഞ് താഴ്ന്നിറങ്ങിവരുന്ന ഉണ്ണിയേശുവിനെക്കുറിച്ച് പറഞ്ഞു. അതിനുശേഷം രൂപതയിലെ നവവൈദികരായ ബഹുമാനപ്പെട്ട ഫാ. ഷിജു ഐക്കരക്കാനാ, ഫാ. ജെയിസൻ കള്ളിയാട്ട്, ഫാ. അനീഷ് കാട്ടാംകോട്ടിൽ, ഫാ. സുനിൽ മഠത്തിൽ, ഫാ. മനോജ് കവളക്കാടൻ എന്നിവർ ചേർന്ന് സമൂഹബലിയർപ്പിച്ചു പ്രാർത്ഥിച്ചു. തുടർന്ന് ഉച്ചഭക്ഷണശേഷം ബഹു. അഗസ്റ്റിൻ താന്നിയിലച്ചന്റെ നേതൃത്വത്തിൽ അഭിഷേക ആരാധന നടത്തി. വളരെയധികം ദൈവമക്കൾ അനുഗ്രഹങ്ങൾ സ്വന്തമാക്കി 3.30 ന് ഭവനങ്ങളിലേക്ക് മടങ്ങി.

**രണ്ടാംശനി – ദമ്പതീകൂട്ടായ്മ 14–12–13**

"ഞാനും എന്റെ കുടുംബവും കർത്താവിനെ സേവിക്കും" (ജോഷ്വാ 24/15). ദമ്പതീകൂട്ടായ്മ 10 മണിക്ക് ജപമാലയോടുകൂടി ആരംഭിച്ചു. ബഹു. സോണിയച്ചൻ ക്ലാസെടുത്തു. കാനായിലെ അത്ഭുതത്തെക്കുറിച്ച് പറഞ്ഞപ്പോൾ വക്കോളം നിറച്ചതിനുശേഷം മാത്രമാണ് ഈശോ അത്ഭുതം പ്രവർത്തിച്ചത്, മനുഷ്യന്റെ സഹകരണം ഈശോ ആഗ്രഹിക്കുന്നു എന്നും അച്ചൻ പറഞ്ഞു. 3.30 ഓടുകൂടെ ശുശ്രൂഷകൾ സമാപിച്ചു.

**പൊതുകൗൺസിലിംഗ് ദിനം**

2–ാം വെള്ളിയാഴ്ച 13 കൗൺസിലേഴ്സ് പ്രാർത്ഥിച്ച് ഒരുങ്ങി ശനിയാഴ്ച 85 മക്കൾക്ക് കൗൺസിലിംഗ് ശുശ്രൂഷ നടത്തി.

**ആന്തരികസൗഖ്യധ്യാനം**

"കർത്താവ് നിങ്ങൾക്കുവേണ്ടി യുദ്ധംചെയ്തുകൊള്ളും നിങ്ങൾ ശാന്തരായിരുന്നാൽ മതി" (പുറ. 14/14). ഡിസംബർ 15–19 വരെ നടന്ന ധ്യാനത്തിൽ 94 ദൈവമക്കൾ പങ്കെടുത്ത് കൃപകൾ സ്വന്തമാക്കി.

**സർവ്വീസ് ടീം മീറ്റിംഗ്**

12–12–13 വ്യാഴാഴ്ച സീയോൻ ഡയറക്ടർ ബഹു. അഗസ്റ്റിൻ താന്നിയിലച്ചൻ, ബഹു. സോണിയച്ചൻ എന്നിവരുടെ നേതൃത്വത്തിൽ സീയോൻ സർവ്വീസ് ടീമംഗങ്ങൾ മീറ്റിംഗ് കൂടുകയും സീയോനിലെ

വിവിധ മിനിസ്ട്രികളെക്കുറിച്ച് സംസാരിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**സീയോൻ ജനുവരി മാസത്തിൽ**

| | | |
|---|---|---|
| 3 ആദ്യവെള്ളി | - | സോണൽ മീറ്റിംഗ്, ജാഗരണപ്രാർത്ഥന |
| 4 ആദ്യശനി | - | ഏകദിന കൺവെൻഷൻ |
| 11 രണ്ടാംശനി | - | യുവജനകൂട്ടായ്മ, ദമ്പതീകൂട്ടായ്മ പൊതുകൗൺസിലിംഗ് ദിനം |
| 17 മൂന്നാംവെള്ളി | - | ജാഗരണപ്രാർത്ഥന |
| 25 നാലാംശനി | - | സൗഖ്യദിനം |
| ജനുവരി 19–23 | - | ആന്തരികസൗഖ്യധ്യാനം |

**ധ്യാനബുക്കിംഗിനായി ബന്ധപ്പെടേണ്ട നമ്പർ :**

**04936–240922, 9495307089**

**ഫാ. അഗസ്റ്റിൻ താന്നിയിൽ**
ഡയറക്ടർ സീയോൻ സി.ആർ.സി.

# ജീസസ് യൂത്ത്

**ജാഗരണ പ്രാർത്ഥന**

രണ്ടാം വെള്ളിയാഴ്ച ജീസസ് യൂത്ത് ലീഡേഴ്സ് ഒരുമിച്ച് ചേർന്ന് 12 മണി വരെ ജാഗരണപ്രാർത്ഥന നടത്തി. ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ നേതൃത്വം നൽകി. വി. കുർബാന, ഷെയറിംഗ് ഇവ ഉണ്ടായിരുന്നു.

**യുവജന ഏകദിന ധ്യാനം**

രണ്ടാം ശനിയാഴ്ച രാവിലെ പ്രാർത്ഥിച്ച് ഒരുങ്ങി 9 മണിക്ക് ശുശ്രൂഷകൾ ആരംഭിച്ചു. 10 മണി മുതൽ 11 മണി വരെ Praise & Worship ന് ഷിജോ നേതൃത്വം നൽകി. ഉണ്ണീശോയെ വരവേൽക്കുവാനായി ഒരുങ്ങുന്ന ഈ നോമ്പുകാലം കൂടുതൽ അർത്ഥവത്താകണമെങ്കിൽ എങ്ങനെ ജീവിക്കണമെന്നുള്ള ചിന്തകൾ സി. നോയൽ മരിയ SABS ക്ലാസിലൂടെ പങ്കുവച്ചു. ദിവ്യകാരുണ്യ ആരാധന ഫാ. ലാൽ ജേക്കബിന്റെ നേതൃത്വത്തിൽ ജീസസ് യൂത്ത് ലീഡേഴ്സ് നടത്തി.

**പേരന്റ്സ് മീറ്റ് 27-12-2013**

ജീസസ് യൂത്ത് ലീഡേഴ്സിന്റെ മാതാപിതാക്കളുടെ മീറ്റിംഗ് പാസ്റ്ററൽ സെന്ററിൽ വച്ച് 27-12-2013 വെള്ളിയാഴ്ച കൂടുന്നു. രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെയാണ് മീറ്റിംഗ് നടക്കുന്നത്. ജീസസ് യൂത്ത് ലീഡേഴ്സിന്റെ മാതാപിതാക്കൾ എല്ലാവരും ഇതിൽ സംബന്ധിക്കണം.

**ക്രിസ്റ്റീൻ ധ്യാനം**

**മാനന്തവാടി രൂപത ക്രിസ്റ്റീൻ ടീമിന്റെ നേതൃത്വത്തിൽ ഇടവകകളിൽ കുട്ടികൾക്കുവേണ്ടി ധ്യാനം നടത്തുന്നു. താൽപര്യമുള്ളവർ നേരത്തേതന്നെ ഡയറക്ടറുമായി ബന്ധപ്പെടേണ്ടതാണ്.**

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
ജീസസ് യൂത്ത് ഡയറക്ടർ

# കെ.സി.ബി.സി.
# മദ്യവിരുദ്ധസമിതി

**മദ്യവിരുദ്ധ ഞായർ – ജനുവരി 26**

കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ ജനുവരി 26 മദ്യവിരുദ്ധ ഞായറായി ആചരിക്കുന്നു. സീറോ മലബാർ, മലങ്കര, ലത്തീൻ റീത്തുകൾ സമുചിതമായി ഈ ദിനം ആചരിക്കുന്നു. മദ്യവിമുക്ത സഭയും സമൂഹവും എന്ന മുദ്രാവാക്യവുമായി കേരള കത്തോലിക്കാ സഭയും മദ്യവിരുദ്ധ–ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ കഴിഞ്ഞ 14 വർഷമായി കേരള സഭയിലും സമൂഹത്തിലും കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നു.

ഇടവകകളിൽ മദ്യവിരുദ്ധ ദിനം സമുചിതമായി ആചരിക്കുവാൻ പരിശ്രമിക്കുമല്ലോ. ഇടവക വികാരിയുടെ നേതൃത്വത്തിൽ ഭക്തസംഘടനകളും പ്രസ്ഥാനങ്ങളും വിവിധ പരിപാടികൾ ഏറ്റെടുക്കണം. മദ്യവിരുദ്ധ റാലികൾ, പ്രഭാഷണങ്ങൾ, മത്സരങ്ങൾ, പ്രാർത്ഥനാകൂട്ടായ്മ, സായാഹ്ന യോഗങ്ങൾ, സെമിനാറുകൾ എന്നിവ നടത്താവുന്നതാണ്.

മദ്യവിപത്തുകൾ ദിനം തോറും വർദ്ധിച്ച് വരികയും കുടുംബബന്ധങ്ങളും ജീവിതവും സമാധാനവും നഷ്ടമാകുകയും യുവജനങ്ങളും വിദ്യാർത്ഥികളും മദ്യാസക്തിയിലേക്ക് അടിമകളാകുകയും ചെയ്യുമ്പോൾ മദ്യവിരുദ്ധ ഞായർ ആചരണത്തിന് വളരെയധികം പ്രസക്തിയുണ്ട്. സാഹചര്യങ്ങളുടെ ഗൗരവം മനസ്സിലാക്കി മദ്യവിരുദ്ധ ഞായർ ആചരണം കാര്യക്ഷമമാക്കുമല്ലോ.

**'കാസ' റീജണൽ സെമിനാറുകൾ**

**മാനന്തവാടി**

കോർപ്പറേറ്റ് വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബായ 'കാസ'യുടെ സ്കൂൾ ഭാരവാഹികൾക്കായുള്ള മാനന്തവാടി റീജണൽ ക്യാമ്പ് ദ്വാരക എ.യു.പി. സ്കൂളിൽ വെച്ച് നവംബർ 23 ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ നടന്നു. സ്കൂൾ പ്രധാനാ

ധ്യാപകൻ ശ്രീ. ജോണി അമ്പാട്ട് സാർ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഇരിട്ടി, മാനന്തവാടി, വൈത്തിരി വിദ്യാഭ്യാസ ഉപജില്ലകളിലുള്ള കോർപ്പറേറ്റ് സ്കൂളുകളിലെ 57 വിദ്യാർത്ഥികൾ പങ്കെടുത്തു. ശ്രീ. ജോസ് പള്ളത്ത് ക്യാമ്പിന് നേതൃത്വം നൽകി. സി. മരിയ CMC, സി. മരീന SH എന്നിവർ സഹകരിച്ചു. വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച അധ്യാപകർക്ക് പ്രത്യേക അഭിനന്ദനങ്ങൾ.

**ബത്തേരി**

'കാസ' ബത്തേരി റീജണിലെ ക്യാമ്പ് ബത്തേരി അസംപ്ഷൻ ഹൈസ്കൂളിൽ വെച്ച് നവംബർ 23 ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ നടന്നു. ബത്തേരി, നിലമ്പൂർ റീജണിലെ 'കാസ' ഭാരവാഹികൾ പങ്കെടുത്തു. സ്കൂൾ സീനിയർ അസിസ്റ്റന്റ് ശ്രീമതി സാലി ടീച്ചർ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ജോൺസൺ തൊഴുത്തുങ്കൽ സെമിനാറിന് നേതൃത്വം നൽകി. ശ്രീ. ഷാജി ചന്ദനപറമ്പിൽ, ശ്രീ. വിൻസെന്റ് E.V എന്നിവർ സഹായിച്ചു. കുട്ടികളെ ക്യാമ്പിൽ പങ്കെടുപ്പിച്ച അധ്യാപകർക്ക് പ്രത്യേക അഭിനന്ദനങ്ങൾ.

**വിദ്യാർത്ഥികൾക്ക് മത്സരങ്ങൾ**

കോർപ്പറേറ്റ് സ്കൂളിലെ വിദ്യാർത്ഥികൾക്കായി ഉപന്യാസം, കവിത, കഥ, കൊളാഷ്, ചിത്രരചന എന്നീ വിഭാഗങ്ങളിൽ മത്സരം നടത്തി.

**ലഹരി വിരുദ്ധ വിദ്യാർത്ഥി സംഗമം**

'കാസ' ലഹരി വിരുദ്ധ ക്ലബ്ബിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ വിദ്യാർത്ഥി സംഗമം 2014 ഫെബ്രുവരി 8 ന് മാനന്തവാടിയിൽ നടക്കും. വിശദവിവരങ്ങൾ അറിയിക്കുന്നതാണ്.

**സെമിനാറുകൾ**

ആനപ്പാറ, അരപ്പറ്റ, പെരിക്കല്ലൂർ എന്നീ വിദ്യാലയങ്ങളിൽ ജില്ല വിദ്യാഭ്യാസ വകുപ്പും ജില്ലാ പഞ്ചായത്തും ചേർന്ന് നടത്തിയ ലഹരി വിരുദ്ധ ബോധവത്ക്കരണ സെമിനാറിൽ രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ്സ് നയിച്ചു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപത പ്രസിഡണ്ട്

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരങ്ങളെ!

"അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം."

നമ്മുടെ രക്ഷകനായ യേശുനാഥന്റെ നാമകരണതിരുനാളിന്റെ ആശംസകളോടൊപ്പം പ്രതീക്ഷയുടേയും പ്രത്യാശകളുടേയും പൂച്ചെണ്ടുമായി സമാഗതമായിരിക്കുന്ന പുതുവർഷ ആശംസകളും ഏവർക്കും ആശംസിക്കുകയാണ്.

പുതുവർഷാരംഭം മുതൽ പുതിയ ആശയങ്ങളും പുതിയ പ്രവർത്തനങ്ങളും കാഴ്ചവെച്ചുകൊണ്ട് പരസ്നേഹ പ്രവർത്തനങ്ങളുടെ മാതൃകയാവുന്നതിനുള്ള കൃപയും അനുഗ്രഹവും പരിശുദ്ധാരൂപിയുടെ നിറവിൽ എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും ലഭിക്കുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

"മനുഷ്യർ നിങ്ങളുടെ സൽപ്രവർത്തികൾകണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ." എന്ന തിരുവചനം നമ്മിലൂടെ പൂർത്തീകരിക്കുന്നതിന് ഒരു മനസ്സോടെ കൈകോർക്കാം.

## സിസി യോഗം

21-12-2013 ന് ശനിയാഴ്ച രാവിലെ 9.30 ന് സിസി പ്രസിഡണ്ട് ബ്രദ. തോമസ് മാങ്ങന്റെ അധ്യക്ഷതയിൽ ഓസാനാം ഭവനിൽ വെച്ച് സിസിയോഗം ചേർന്നു. വിലയേറിയ കാര്യങ്ങൾ വളരെ ക്രിയാത്മകമായി ചർച്ച ചെയ്യപ്പെട്ട ഒരു യോഗമായിരുന്നു.

ഓസാനാം ഭവൻ വിപുലീകരണത്തിന്റെ ഫണ്ട് ശേഖരണത്തിൽ ഏസിതല, കോൺഫറൻസ്തല സഹകരണങ്ങൾ വളരെ അഭിനന്ദനാർഹമാണ്. മുന്നോട്ടും ഇതുപോലുള്ള സഹായ സഹകരണങ്ങൾ

ആഗ്രഹിക്കുന്നു. പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാക്കുവാൻ ഇനിയും ഫണ്ട് ആവശ്യമായിട്ടുണ്ട്. അതിനായി എല്ലാ പ്രവർത്തക രുടേയും സജീവ സഹകരണവും പങ്കാളിത്തവും അഭ്യർത്ഥിക്കുക യാണ്.

**ക്രിസ്തുമസ് ആഘോഷം**

2013 -ാമാണ്ടിലെ ക്രിസ്തുമസ് ഡിസംബർ മാസം 21-ാം തീയതി ഓസാനാം ഭവനിൽവെച്ച് ആഘോഷിച്ചു. ബഹു. ജോർജ് മുതിരക്കാ ലായിൽ അച്ചന്റെ ദിവ്യബലിയോടുകൂടി ആരംഭിച്ചു. ദിവ്യബലിക്കു ശേഷം കേക്കു മുറിച്ചു. തുടർന്ന് അന്തേവാസികൾക്കും പരിചാര കർക്കും പുതുവസ്ത്രങ്ങൾ നൽകി. ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്ത എല്ലാ പ്രവർത്തകരേയും നന്ദിയോടെ ഓർക്കുന്നു.

**യുവജനമത്സരങ്ങൾ**

2013-14 വർഷത്തെ യുവജന മത്സരങ്ങൾ സിസി തലത്തിൽ 2014 ജനുവരി 11-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്താൻ തീരുമാനിച്ചു. അംഗങ്ങൾക്കും അംഗങ്ങൾ അല്ലാത്തവർക്കും പങ്കെടു ക്കാവുന്നതാണ്.

**മത്സര ഇനങ്ങൾ:** 1) ക്രിസ്തീയ ഭക്തിഗാനം, 2) പ്രസംഗം, 3) ഉപ ന്യാസം, 4) ക്വിസ്.

ഏസി തലത്തിൽ 2014 ജനുവരി 11 ന് മുമ്പ് മത്സരങ്ങൾ നടത്തി മത്സ രാർത്ഥികളെ തിരഞ്ഞെടുത്ത് പേരുകൾ സിസി യിൽ എത്തിക്കേണ്ട താണ്. വനിതകളേയും പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**പുതിയ കോൺഫറൻസ്**

നടവയൽ ഏസിയുടെ കീഴിൽ പനമരം സെന്റ് ജൂഡ് ദേവാലയ ത്തിൽ സെന്റ് ജൂഡ് കോൺഫറൻസ് രൂപീകരിച്ചു. രൂപതാ ജനറൽ സെക്രട്ടറി ബ്രദ. അഗസ്റ്റിൻ കൊടിയംകുന്നേൽ പാവങ്ങളിൽ ദൈവത്തെ കണ്ടുകൊണ്ടുള്ള വിൻസെൻഷ്യൻ പ്രവർത്തനം എത്ര മഹത്തരം എന്ന വിഷയത്തെപ്പറ്റി ക്ലാസെടുത്തു. നാഷണൽ പ്രോജക്ട് ഓഫീ സർ ബ്രദ. ജോണി പാറ്റാനി കോൺഫറൻസിന്റെ ഉദ്ഘാടനം നിർവ്വ ഹിച്ചു. കോൺഫറൻസ് പ്രസിഡണ്ട് - മാണി കുഴികണ്ടത്തിൽ, വൈസ് പ്രസിഡണ്ട് - ഡെയ്സി മലയിൽ, സെക്രട്ടറി - തങ്കച്ചൻ പാട്ടുപാറ, ജോയിന്റ് സെക്രട്ടറി - ജോസി തൈപ്പറമ്പിൽ, ട്രഷറർ - സെബാസ്റ്റ്യൻ മടത്തിൽപറമ്പിൽ.

### വിദേശകത്തുകൾ

ടിന്നിംഗ് ഗ്രാന്റ് ലഭിച്ചിട്ടുള്ള എല്ലാ കോൺഫറൻസുകളും ടിൻ കോൺഫറൻസുകൾക്ക് കത്തുകളും, ക്രിസ്തുമസ് & പുതുവർഷ കാർഡും അയച്ചിട്ടുണ്ടെന്ന് കരുതട്ടെ. ഇനിയും അയക്കാത്ത കോൺഫറൻസുകൾ എത്രയും പെട്ടെന്ന് അയച്ച് കോപ്പി സിസിയിൽ എത്തിക്കേണ്ടതാണ്.

### പ്രൊജക്ട്

പ്രൊജക്ട് ലഭിച്ചിട്ടുള്ള എല്ലാ കോൺഫറൻസുകളും പ്രൊജക്ട് കംബ്ലീഷനറി റിപ്പോർട്ട് ഫോട്ടോകൾ സഹിതം ഏസി മുഖേന സിസിയിൽ എത്തിക്കേണ്ടതാണ്.

### സ്കോളർഷിപ്പ്

സ്കോളർഷിപ്പുകൾ ലഭിച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥികളിൽ നിന്നും ലഭിക്കേണ്ടതായ കംബ്ലീഷൻ റിപ്പോർട്ടുകൾ ഇനിയും നൽകിയിട്ടില്ലാത്ത ഏസികൾ ഉടൻതന്നെ അത് ശേഖരിച്ച് സിസി യിൽ എത്തിക്കേണ്ടതാണ്. റിന്യൂവൽ സ്കോളർഷിപ്പ് ആപ്ലിക്കേഷൻ മുമ്പ് അറിയിച്ചിരിക്കുന്നത് പ്രകാരം 2014 ജനുവരി 10-ാം തീയതി സിസി യിൽ എത്തിക്കേണ്ടതാണ്.

### ഓസാനാം ഭവൻ സന്ദർശനം

### കൊട്ടിയൂർ ഏസി

| | | |
|---|---|---|
| 18-1-2014 | സെന്റ് അൽഫോൻസ | ചുങ്കക്കുന്ന് |
| 20-1-2014 | സാൻ ജോസ് | കേളകം |
| 22-1-2014 | സെന്റ് തോമസ് (യൂത്ത്) | കൊട്ടിയൂർ |
| 24-1-2014 | സെന്റ് ജൂഡ് | നെല്ലിയോടി |
| 26-1-2014 | സെന്റ് തെരേസ | പാൽച്ചുരം |
| 28-1-2014 | വാ.ചാവറ കുര്യക്കോസ് ഏലിയാസ് | പാൽച്ചുരം |
| 30-1-2014 | സെന്റ് ഫ്രാൻസീസ് അസീസി | വെള്ളൂന്നി |
| 1-2-2014 | സെന്റ് അൽഫോൻസ | ഒറ്റപ്ലാവ് |
| 3-2-2014 | സെന്റ് അൽഫോൻസ | നെല്ലിയോടി |
| 5-2-2014 | ഫാത്തിമമാതാ | ചുങ്കക്കുന്ന് |
| 7-2-2014 | വാ. മദർ തെരേസ | കൊട്ടിയൂർ |

### കുറുമ്പാല ഏസി

| | | |
|---|---|---|
| 9-2-2014 | സെന്റ് അൽഫോൻസ | പുതുശ്ശേരിക്കടവ് |
| 11-2-2014 | സെന്റ് സെബാസ്റ്റ്യൻ | കുപ്പാടിത്തറ |
| 13-2-2014 | സെന്റ് മേരീസ് | കുറുമ്പാല |
| 15-2-2014 | സെന്റ് ജോസഫ് | കുറുമ്പാല |

പുതുവർഷത്തിന്റെ ആരംഭംമുതൽതന്നെ പരസ്നേഹ പ്രവർത്തനങ്ങളുടെ ദീപശിഖ എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരിലും തെളിയട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട് എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും ഒരിക്കൽകൂടി പുതുവർഷ ആശംസകൾ നേരുന്നു.

**ബ്രദർ എം. സി. തോമസ് മാങ്ങൻ**

സി.സി. പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

ഏവർക്കും ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും പ്രാർത്ഥനാ മംഗളങ്ങൾ നേരുന്നു.

**ജൈവസാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

നവംബർ 23 ന് അമേരിക്ക ആസ്ഥാനമായുള്ള 'USDA' (യുണൈറ്റഡ് സ്റ്റേറ്റ് ഡവലപ്പ്മെന്റ് അതോറിറ്റി) യുടെ ഇൻസ്പെക്ഷൻ നടന്നു. Coreg D. Gilbert. ph D (അഗ്രിക്കൾച്ചർ മാർക്കറ്റിംങ്ങ് സ്പെഷ്യലിസ്റ്റ് USA) Ms. Julie Ann Hartley (യുണൈറ്റഡ് സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെന്റ് ഓഫ് അഗ്രികൾച്ചർ (USDA) എന്നിവർ ഇൻസ്പെക്ഷന് നേതൃത്വം നൽകി. ജൈവ സർട്ടിഫിക്കേഷൻ ബോഡിയായ APEDA യുടെ Dr. P.V.S. M ഗൗരി (അഡ്വൈസർ, നാഷണൽ അക്രഡിറ്റേഷൻ ബോർഡ്, APEDA, മിനിസ്ട്രി ഓഫ് കൊമേഴ്സ് ന്യൂ ഡൽഹി) സന്നിഹിതരായിരുന്നു. ലാക്കോൺ സർട്ടിഫിക്കേഷൻ ഏജൻസിയിൽ നിന്നും, ബോബി ഐസക്ക്, ഓഡിറ്റർ പ്രവീൺ കുമാർ, WSSS ജോയിന്റ് ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, ജനറൽ കോ-ഓർഡിനേറ്റർ പി.എ. ജോസ്, ടീം ലീഡർ ജ്വാല ജോസ്, ഡോക്യുമെന്റേഷൻ ഓഫീസർ രമ്യ V.J, സുജ ജോയി, ബെന്നി സേവ്യർ, മറ്റ് ടീം അംഗങ്ങൾ ഇൻസ്പെക്ഷനിൽ പങ്കെടുത്തു. ഇൻസ്പെക്ഷന്റെ ഭാഗമായി പുൽപ്പള്ളി സുരഭിലക്കവല ശ്രീ. മാത്യു ഉണ്ണിപ്പള്ളിയുടെ ഫാം സംഘം സന്ദർശിച്ചു.

സർട്ടിഫിക്കേഷന്റെ ഭാഗമായുള്ള ഇന്റേണൽ ഇൻസ്പെക്ഷൻ പൂർത്തീകരിക്കുകയും, എക്സ്റ്റേണൽ ഇൻസ്പെക്ഷൻ ആരംഭിക്കുകയും ചെയ്തു. UPNRM പ്രോജക്ടിന്റെ ഭാഗമായി NABARD ഉഷ (AGM), സജികുമാർ (CGM) എന്നിവർ WSSS സന്ദർശിക്കുകയും പുൽപ്പള്ളി സുരഭിക്കവല മരിയ, ഹരിത, തേജസ് എന്നീ ജൈവ കർഷക സംഘങ്ങളുടെ വില്ലേജ് തലത്തിലുള്ള മീറ്റിംഗിൽ കർഷകരുമായി സംവദിക്കുകയും തുടർന്ന് കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിക്കുകയും ചെയ്തു.

## WSSS ഓർഗാനിക് ഫാർമേഴ്സ് ട്രേഡ്ഫെയർ അസോസിയേഷൻ (വോഫ)

2008 ൽ 412 അംഗങ്ങളുമായി ആരംഭിച്ച വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവ-ഫെയർ ഗ്രേഡ് കർഷകരുടെ സംഘടനയായ വോഫയിൽ 2677 അംഗങ്ങളാണ് 2012-13 സാമ്പത്തിക വർഷത്തിൽ അംഗത്വമെടുത്തിട്ടുള്ളത്.

2012-13 വർഷത്തെ വോഫയുടെ ഓഡിറ്റിനു ശേഷം കർഷകരുടെ വിശദവിവരങ്ങൾ സർട്ടിഫിക്കേഷൻ ഏജൻസിയായ FLO-CERT ലേക്ക് അയച്ചുകൊടുക്കുന്നതിന് അപേക്ഷ സമർപ്പിച്ച മുഴുവൻ കർഷകർക്കും ഫെയർ ട്രേഡിൽ അംഗത്വം നൽകുന്നതിനു സാധിച്ചു.

വോഫയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നിനും, നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുമായി നവംബർ മാസം 13-ാം തീയതി WSSS ഓഡിറ്റോറിയത്തിൽ വോഫ-എക്സിക്യൂട്ടീവ് യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ വോഫ ചെയർമാൻ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു. വോഫയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പ്രവർത്തനങ്ങൾ എല്ലാ കർഷകരിലേക്കും എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. അതിനാവശ്യമായ ക്രമീകരണങ്ങൾ, തീരുമാനങ്ങൾ എന്നിവ കൈക്കൊണ്ടു. യോഗത്തിന് വോഫ കോഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ സ്വാഗതവും ശ്രീ. സണ്ണി മൂലക്കര (സെക്രട്ടറി) നന്ദിയും പറഞ്ഞു.

ഡിസംബർ മാസത്തിലേക്ക് വോഫ കർഷക ഗ്രൂപ്പുകളുടെ ഭാരവാഹികളെ ഉൾക്കൊള്ളിച്ചുകൊണ്ട് സെമിനാർ സംഘടിപ്പിക്കുന്നതിനും പ്രസ്തുത സെമിനാർ കൈകാര്യം ചെയ്യുന്നതിനായി ഫെയർ ട്രേഡ് ഏഷ്യ ലെയസണർ ഓഫീസർ ശ്രീ. രാജു ഗണപതിയെ ക്ഷണിക്കുന്നതിനും, ഡിസംബർ 12-ാം തീയതി 10 മണിക്ക് സെമിനാർ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചു.

2014 ഫെബ്രുവരി മാസം Network of Asia Pacefic Producers (NAPP) ശ്രീലങ്കയിൽ വച്ചു നടക്കുന്ന വാർഷിക പൊതുയോഗത്തിൽ വോഫ-ചെയർമാൻ റവ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ പങ്കെടുക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.

നവംബർ 5-ാം തീയതി കല്പ്പറ്റയിൽ വെച്ചു നടന്ന "Farmer's Producers Organization" സെമിനാറിൽ വോഫ കോർഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ പങ്കെടുത്തു.

2014 നവംബർ 14 മുതൽ 16 വരെ ബാഗ്ലൂരിൽ വച്ചു നടന്ന Bio-fach Exhibition പ്രോഗ്രാമിൽ WSSS Retail Marketing Manager ശ്രീ. ജോബി ആന്റണി, വോഫ കോർഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ എന്നിവർ പങ്കെടുത്തു. വയനാടു ജില്ലയിലെ കർഷകരുടെ ഉല്പന്നങ്ങൾ പ്രസ്തുത ട്രേഡ് ഫെയറിൽ പ്രദർശിപ്പിക്കുന്നതിനും മികച്ച അഭിപ്രായം നേടുന്ന തിനും കഴിഞ്ഞു.

## Income Generation Programme

നിത്യോപയോഗ വസ്തുക്കൾ മികച്ച ഗുണമേന്മയോടെ ചുരു ങ്ങിയ ചിലവിൽ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലന പരിപാടികൾ നൽകുന്ന വയനാടു സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സാമൂ ഹിക സേവന മേഖലയിലെ പ്രവർത്തന സംരംഭമായ "വരുമാന വർദ്ധക പദ്ധതികൾ" വഴിയായി നവംബർ മാസം ഇരുളം, കണിയാരം, മക്കിമല എന്നിവിടങ്ങളിൽ ശ്രീമതി ഷീന ആന്റണിയും എടയൂർക്കുന്ന്, പുതിയിടം, ഒണ്ടയങ്ങാടി എന്നിവിടങ്ങളിൽ ശ്രീമതി വത്സമ്മയും മംഗ ലശ്ശേരി, ചുങ്കക്കുന്ന് എന്നിവിടങ്ങളിൽ ശ്രീമതി ആലീസ് സിസിൽ എന്നിവർ സോപ്പ്, സോപ്പ് പൊടി ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനാവ ശ്യമായ പരിശീലനങ്ങൾ നൽകി.

### സേവ് എ ഫാമിലി പ്രോഗ്രാം

SAFP യുടെ ആനിമേറ്റർമാർ ഓരോ കുടുംബത്തിന്റെയും പ്രവർത്തനങ്ങൾ കാണുന്നതിനായി വീടുകൾ സന്ദർശിക്കുകയും വരു മാന വർദ്ധക പരിപാടികൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങളും സഹായവും നൽകുകയും ചെയ്തു മുൻകൂട്ടി തീരുമാനിച്ചതനുസരിച്ച് വരുമാന വർദ്ധകപരിപാടികൾ തുടങ്ങുന്നതിനും വിപുലീകരിക്കുന്ന തിനും കുടുംബങ്ങൾക്ക് SAFP തുക വിതരണം ചെയ്തു. ക്രിസ്തുമ സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ നേർന്നുകൊണ്ട് ഓരോ കുടുംബവും തങ്ങളെ സഹായിക്കുന്ന കാനഡയിലെ കുടുംബങ്ങൾക്ക് കത്തുകൾ എഴുതി. അവരുടെ സന്തോഷവും നന്ദിയും അവരുടെ പുരോ ഗമനവും അറിയിച്ചു. ചേലൂർ, തവിഞ്ഞാൽ, മാനന്തവാടി എന്നീ സ്ഥലത്തെ SAFP അംഗങ്ങൾക്ക് മുൻകൂട്ടി പറഞ്ഞതനുസരിച്ച് സോപ്പി ന്റെയും സോപ്പു പൊടിയുടെയും നിർമ്മാണ പരിശീലന ക്ലാസ്സ് നൽകി.

### ബയോ-ഗ്യാസ് വികസന പദ്ധതി

ദേശീയ ബയോ-ഗ്യാസ് വികസന പദ്ധതിയുടെ ഭാഗമായി അഞ്ചുകുന്ന്, മുതിരേരി, പടമല, കുഴിനിലം, പുതുശ്ശേരിക്കടവ്, പടിഞ്ഞാ

റത്തറ, എടയൂർക്കുന്ന്, കൊമ്മയാട് തുടങ്ങിയ സ്ഥലങ്ങളിൽ 6 ബയോ -ഗ്യാസ് പ്ലാന്റുകൾ കമ്മീഷൻ ചെയ്യാനും 4 പ്ലാന്റുകളുടെ നിർമ്മാണം പൂർത്തീകരിക്കാനും സാധിച്ചു. രണ്ട് സ്ഥലങ്ങളിൽ പ്ലാന്റിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

**ചങ്ങാതിക്കൂട്ടം പരിശീലന പദ്ധതി**

നാളികേര വികസന ബോർഡും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുമായി സഹകരിച്ച് നടപ്പാക്കുന്ന തെങ്ങിന്റെ ചങ്ങാതി ക്കൂട്ടം പരിശീലന പരിപാടിയുടെ നാലുഘട്ട പരിശീലനം പൂർത്തിയാക്കി. 86 അംഗങ്ങൾക്ക് പരിശീലന സർട്ടിഫിക്കറ്റും തെങ്ങ് കയറ്റ യന്ത്രവും വിതരണം ചെയ്യാൻ സാധിച്ചു. 18 വയസിനും 40 വയസിനും ഇടയിൽ പ്രായമുള്ള സ്ത്രീ പുരുഷന്മാർക്ക് 6 ദിവസത്തെ താമസിച്ചുള്ള ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. പരിശീലനം നേടു വാൻ ആഗ്രഹിക്കുന്നവർ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി യുടെ മാനന്തവാടി ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

**സോഷ്യൽ വെൽഫയർ സൊസൈറ്റി**

SWS സെക്രട്ടറിയുടെ മീറ്റിംഗ് നവംബർ 13-ാം തീയതി WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി. സ്പൈസസ് ബോർഡ് ഫീൽഡ് ഓഫീസർ ശ്രീ. വാസു, ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ചും അവയ്ക്കു ലഭ്യമാകുന്ന സബ്സിഡികളെക്കു റിച്ചും കുരുമുളക് കൃഷിയിൽ അനുവർത്തിക്കേണ്ട വിളപരിപാലനത്തെ ക്കുറിച്ചും വിശദീകരിച്ചു. കോഡിനേറ്റർ കെ.ഒ.ജോയി സ്വാഗതവും ആലീസ് സിസിൽ നന്ദിയും രേഖപ്പെടുത്തി.

**നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തവിഞ്ഞാൽ, തൊണ്ടർനാട് ഗ്രാമപഞ്ചാ യത്തുകളിൽ നടത്തിവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി ആദ്യ വർഷം ലക്ഷ്യം വച്ചിരുന്ന മുഴുവൻ പ്രവർത്തനങ്ങളും വിജയകരമായി പൂർത്തിയാക്കുവാൻ സാധിച്ചു. പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന 50 സ്വാശ്രയ സംഘങ്ങളും ഇതിനോടകം രൂപീകരിക്കു വാനും രണ്ട് ലക്ഷത്തിലധികം രൂപ സമാഹരിക്കുവാനും സാധിച്ചു. കൂടാതെ ജല-മണ്ണു സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി 65000 മീറ്റർ മൺ കയ്യാലയും, 18000 മീറ്റർ കല്ല് കയ്യാലയും, 400 നീർക്കുഴി കളും നിർമ്മിച്ചു. ജൈവവേലി നിർമ്മാണം പുരോഗമിച്ചു വരുന്നു.

**ജൈവ പച്ചക്കറി കൃഷി**

സമഗ്ര ആദിവാസി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതിയിലെ 730 കുടുംബങ്ങൾക്ക് ജൈവപച്ചക്കറി കൃഷി ചെയ്യുന്നതിനാവശ്യമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പച്ചക്കറി വിത്ത് ജൈവവളം, ജൈവകീട-രോഗനിയന്ത്രണ ഉപാധികൾ എന്നിവ വിതരണം ചെയ്തു. കൂടാതെ 50 പേർ വീതമടങ്ങുന്ന ഗ്രൂപ്പുകളായി തിരിക്കുകയും ഏറ്റവും നന്നായി പച്ചക്കറി കൃഷി നടത്തുന്ന 15 പേർക്ക് സമ്മാന വിതരണം നടത്തുന്നതുമാണ്.

**സംരംഭകത്വ പരിശീലനം**

സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി സ്വാശ്രയ സംഘം അംഗങ്ങൾക്കായി സംരംഭകത്വ പരിശീലനം നടത്തി വരുന്നു. ഇതിനോടകം 14 കോളനികളിൽ സോപ്പ് നിർമ്മാണത്തിൽ പരിശീലനം നൽകി. പരിശീലനത്തിൽ ഷീന തവിഞ്ഞാൽ, ആലീസ് സിസിൽ, വത്സമ്മ കൊട്ടിയൂർ എന്നിവർ നേതൃത്വം നൽകി.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ് (KLM)

അസംഘടിത മേഖലയിൽ തൊഴിലാളികളുടെ ശാക്തീകരണത്തിനും സുരക്ഷയ്ക്കുംവേണ്ടി KLM പ്രവർത്തിച്ചു വരുന്നു. ഇതിനോടനുബന്ധിച്ച് അർഹരായ എല്ലാ വിഭാഗത്തിലുമുള്ള തൊഴിലാളികൾക്കും കേരള സർക്കാരിന്റെ ക്ഷേമനിധിയിലും, കേന്ദ്ര സർക്കാരിന്റെ 'സ്വാവലംബൻ' പദ്ധതിയായ പെൻഷൻ സ്കീമിലും അംഗങ്ങളാകാനുള്ള അവസരമാണ് KLM ഒരുക്കിയിരിക്കുന്നത്. KLM രൂപതാ ഓഫീസുമായി (WSSS) ബന്ധപ്പെട്ട് പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാകാൻ അഭ്യർത്ഥിക്കുന്നു.

**ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റ് സെന്റർ**

KLM മാനന്തവാടി രൂപതാ ഘടകവും പനമരം സെന്റ് ജൂഡ്സ് ഇടവകയും സഹകരിച്ച് നടപ്പിലാക്കുന്ന തൊഴിൽ പരീക്ഷ, പരിശീലന കേന്ദ്രമായ ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റ് സെന്ററിന്റെ ഉദ്ഘാടനം 2013 നവംബർ 10 ന് പനമരത്ത് നിർവ്വഹിച്ചു. പ്രസ്തുത കേന്ദ്രത്തിന്റെ നേതൃത്വത്തിൽ വിവിധങ്ങളായ പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതാണ്. ആദ്യപടിയായി 2014 ജനുവരി 4-ന് നടക്കുന്ന LDC പരീക്ഷയ്ക്കുള്ള പരിശീലനം നവംബർ 10 മുതൽ ആരംഭിച്ചു. വിദഗ്ധരായ അധ്യാപകയുടെ നേതൃത്വത്തിൽ പരിശീലനം നടന്നുകൊണ്ടിരിക്കുന്നു. തുടർന്ന് നടത്താനിരിക്കുന്ന പരിശീലനങ്ങളെക്കുറിച്ച് അടുത്ത മാസത്തെ ബുള്ളറ്റിനിൽ അറിയിക്കുന്നതാണ്.

**അംഗത്വം പുതുക്കൽ**

കേരളാ ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിലുള്ള ക്ഷേമനിധികളിലോ സുരക്ഷയിലോ അംഗമായിട്ടുള്ളവരുടെ അംഗത്വം പുതുക്കുന്നതിനുള്ള സമയം 2014 ജനുവരി 20 വരെയാണ്. അംഗങ്ങളായിട്ടുള്ളവർ അവരുടെ വാർഷിക വിഹിതം, അവരവരുടെ ഇടവകയിലുള്ള SWS-KLM ഭാരവാഹികളുമായി ബന്ധപ്പെട്ടോ, നേരിട്ട് WSSS ഓഫീസ് വഴിയോ അടയ്ക്കേണ്ടതാണ്.

**സ്റ്റേറ്റ് ലീഡേഴ്സ് ട്രെയിനിംഗ് ക്യാമ്പ്**

രൂപതകളിലെ നേതൃശേഷി വളർത്തിയെടുക്കുന്നതിനായി KLM സംസ്ഥാന സമിതി ആലുവായിൽ പങ്കെടുപ്പിച്ച നേതൃത്വ പരിശീലന ക്യാമ്പിൽ മാനന്തവാടി രൂപതയിൽ നിന്നും 2 പേർ പങ്കെടുത്തു.

**ഫാ. ബിജോ കറുകപ്പള്ളി** - KLM ഡയറക്ടർ

# അറിയിപ്പുകള്‍



## 1. Corporate Educational Agency

മാനന്തവാടി രൂപത കോര്‍പ്പറേറ്റ് എജ്യുക്കേഷനല്‍ ഏജന്‍സിയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളില്‍ ഉറുദു അദ്ധ്യാപക തസ്തികയില്‍ ഒഴിവുണ്ട്. അര്‍ഹതയുള്ളവര്‍ ബയോഡാറ്റ സഹിതം ജനുവരി 20 നു മുമ്പ് കോര്‍പ്പറേറ്റ് ഓഫീസുമായി ബന്ധപ്പെടുക.

ബഹു.വികാരിയച്ചന്‍മാര്‍ ഈ കാര്യം പള്ളികളില്‍ അറിയിക്കുമല്ലോ.

**Fr. Robin Vadakkanchery.**
Corporate Manager,

• • • • •

## 2. മാനന്തവാടി സീയോന്‍ ധ്യാനകേന്ദ്രത്തില്‍ താമസിച്ചുള്ള ധ്യാനം

**2014 ജനുവരി മുതല്‍ ജൂണ്‍വരെ താമസിച്ചുള്ള ധ്യാനപ്രോഗ്രാം**

| | | |
|---|---|---|
| ജനുവരി 19 - 23 | : | ആന്തരിക സൗഖ്യധ്യാനം |
| ഫെബ്രുവരി 16 - 20 | : | ആന്തരിക സൗഖ്യധ്യാനം |
| മാര്‍ച്ച് 16 - 20 | : | ആന്തരിക സൗഖ്യധ്യാനം |
| ഏപ്രില്‍ 06 - 10 | : | ആന്തരിക സൗഖ്യധ്യാനം (ദമ്പതികള്‍ക്ക് മാത്രം) |
| മെയ് 18 - 22 | : | ആന്തരിക സൗഖ്യധ്യാനം |
| മെയ് 25 - 29 | : | ക്രിസ്റ്റീന്‍ ധ്യാനം |
| ജൂണ്‍ 15 - 19 | : | ആന്തരിക സൗഖ്യധ്യാനം |

NB:- സീയോന്‍ മദ്ധ്യസ്ഥ പ്രാര്‍ത്ഥന ചാപ്പലില്‍ എല്ലാ ദിവസവും (ഞായറാഴ്ചയും മറ്റ് കടമുള്ള ദിവസങ്ങളിലും ഒഴികെ) രാവിലെ 10.00 മണി മുതല്‍ ആരാധനയും, കുമ്പസാരത്തിനുള്ള സൗകര്യവും, ഉച്ചയ്ക്ക് 12.00 മണിയ്ക്ക് വി.കുര്‍ബാനയും ഉണ്ടായിരിക്കുന്നതാണ്.

- ❖ എല്ലാ ധ്യാനങ്ങളും (ക്രിസ്റ്റീൻ ധ്യാനം ഒഴികെ) ആരംഭിക്കുന്നത് ഞായറാഴ്ച 5.00 pm നും, അവസാനിക്കുന്നത് വ്യാഴാഴ്ച 2.00 pm നും ആയിരിക്കും.
- ❖ ധ്യാനങ്ങളിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്നവർ നേരിട്ടോ, വികാരിയച്ചൻ മുഖേനയോ, മണിഓർഡർ വഴിയോ 100 രൂപ അടച്ച് സീറ്റ് ബുക്കു ചെയ്യേണ്ടതാണ്.
- ❖ ധ്യാനത്തിന് വരുന്നവർ സമ്പൂർണ്ണബൈബിൾ, ജപമാല, നോട്ടുബുക്ക്, ബെഡ് ഷീറ്റ് etc. കൊണ്ടുവരേണ്ടതാണ്.
- ❖ സീയോനിൽ എല്ലാ മാസത്തിലും ആദ്യ ശനിയാഴ്ച ഏകദിന ബൈബിൾ കൺവെൻഷൻ രാവിലെ 9 മണി മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ ഉണ്ടായിരിക്കുന്നതാണ്.
- ❖ എല്ലാ മാസത്തിലും രണ്ടാം ശനിയാഴ്ച യുവജന കൂട്ടായ്മ, ദമ്പതീകൂട്ടായ്മ, പൊതു കൗൺസിലിംഗ് എന്നിവ ഉണ്ടായിരിക്കുന്നതാണ്. (സമയം 9.30 am - 3.30 pm)
- ❖ എല്ലാ മാസത്തിലും മൂന്നാം വെള്ളിയാഴ്ച വൈകുന്നേരം 7 മണി മുതൽ രാവിലെ 5 മണി വരെ പൊതു ജാഗരണ പ്രാർത്ഥനയും, വി. കുർബാനയും, കുമ്പസാരത്തിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്.
- ❖ എല്ലാ മാസത്തിലും നാലാം ശനിയാഴ്ച രോഗികൾക്ക് വേണ്ടി സൗഖ്യ ശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്.

*ഡയറക്ടർ, സീയോൻ ധ്യാനകേന്ദ്രം*
*മാനന്തവാടി, ദ്വാരക*
ഫോൺ : 04935-240922
Mob : 9567427885

• • • •

## 3. സീറോ-മലബാർ റിസർച്ച് സെന്റർ അവാർഡ് 2013 അപേക്ഷ ക്ഷണിക്കുന്നു

**മൗണ്ട് സെന്റ് തോമസ് :** സീറോ-മലബാർ സഭയുടെ ഗവേഷണ പഠനങ്ങൾക്കായി സ്ഥാപിച്ചിട്ടുള്ള റിസർച്ച് സെന്റർ (എൽ. ആർ. സി) നൽകുന്ന 2013-ലേയ്ക്കുള്ള അവാർഡിന്റെ നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. ഇരുപത്തി അയ്യായിരം രൂപയും, ഷീൽഡും, പ്രശസ്തി പത്രവും അടങ്ങുന്നതാണ് ഈ പുരസ്ക്കാരം. സീറോ-മലബാർ സഭാ സിനഡിന്റെ അംഗീകാരത്തോടെ നല്കുന്ന ഈ അവാർഡിന് സഭയുടെ പൗരസ്ത്യവും ഭാരതീയവുമായ ക്രൈസ്തവ പോഷണാർത്ഥം ദൈവശാസ്ത്രം, ആരാധനക്രമം, ആദ്ധ്യാത്മികത, സാഹിത്യം, കല, സംസ്ക്കാരം, ചരിത്രം, ശിക്ഷണക്രമം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയവും വിലപ്പെട്ടതുമായ മികച്ച സംഭാവനകൾ നൽകിയ

സീറോ-മലബാർ സഭാംഗങ്ങളായ വൈദികരുടേയും സന്യസ്തരുടേയും അല്മായരുടേയും പേരുകളാണ് ക്ഷണിക്കുന്നത്. അവാർഡിനായി പരിഗണിക്കപ്പെടേണ്ട വ്യക്തിയുടെ സംഭാവനകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ - ലഘുജീവചരിത്രം, പുസ്തകങ്ങൾ, ലേഖനങ്ങൾ, ചിത്രങ്ങൾ, ഫോട്ടോഗ്രാഫുകൾ, ചെയ്ത പ്രവർത്തനങ്ങൾക്ക് ലഭിച്ച മറ്റ് അംഗീകാരങ്ങൾ തുടങ്ങിയവ നാമനിർദ്ദേശത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്.

നാമനിർദ്ദേശങ്ങൾ 2014 മാർച്ച് 19-നകം Dr. Peter Kannampuzha, Executive Director, Liturgical Research Centre, Mount St. Thomas, Kakkanad - 682 030, P.B. No. 3110, Kerala, India എന്ന വിലാസത്തിൽ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

സീറോ-മലബാർ സഭയുടെ ചരിത്രം, ദൈവശാസ്ത്രം, ആരാധനക്രമം, ആദ്ധ്യാത്മികത, ശിക്ഷണക്രമം എന്നിവയുടെ പരിപോഷണത്തിനുവേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഗവേഷണ കേന്ദ്രത്തിന്റെ ശ്രമങ്ങളുടെ ഫലമായിട്ടാണ് ഈ പുരസ്ക്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി രക്ഷാധികാരിയും, എൽ. ആർ. സി ചെയർമാൻ മാർ പോളി കണ്ണൂക്കാടൻ, സിനഡ് പ്രതിനിധി മാർ റെമിജ്യൂസ് ഇഞ്ചനാനിയിൽ, എൽ. ആർ. സി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴ, റവ. ഡോ. ജോസഫ് പാലക്കീൽ, റവ. ഡോ. പോളി മണിയാട്ട്, റവ. സി. മെറീന എസ്. ഡി. എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

സീറോ-മലബാർ സിനഡിന്റെ അംഗീകാരത്തോടെ ജോർജ്ജ് മേനാച്ചേരിയും, റവ. ഡോ. മാത്യു വെള്ളാനിക്കലും, പ്രഫ. മാത്യു ഉലകംതറയും, റവ. ഫാ. ജോർജ്ജ് കനീഷ്യസ് കച്ചിറമറ്റം സി.എം. ഐ.യും അർഹരായി.

| | |
|---|---|
| **+ മാർ പോളി കണ്ണൂക്കാടൻ** | **ഡോ. പീറ്റർ കണ്ണമ്പുഴ** |
| ചെയർമാൻ | എക്സിക്യൂട്ടീവ് ഡയറക്ടർ |
| ലിറ്റർജിക്കൽ റിസർച്ച് സെന്റർ | LRC, Kakkanad |

• • • •

## 4. Cosmo Pilgrimage (വിശ്വ തീർത്ഥാടനം) ഒരുക്കുന്ന വിശുദ്ധനാട്, യൂറോപ്പ്, അമേരിക്ക സന്ദർശനം

മാനന്തവാടി രൂപതാംഗമായ ഫാ. വിൻസെന്റ് പുതുശ്ശേരി 15 വർഷത്തെ അനുഭവ സമ്പത്തുമായി 2014-ൽ ഒരുക്കുന്ന തീർത്ഥയാത്രകളിലേയ്ക്ക് ഏവർക്കും സ്വാഗതം. യേശുവിന്റെ രക്ഷാകരപ്രവർത്ത

നങ്ങളുമായി ബന്ധപ്പെട്ട എല്ലാ പുണ്യസ്ഥലങ്ങളും സന്ദർശിക്കും. മാതാവിന്റെ മംഗലവാർത്ത സ്ഥലം, തിരുപ്പിറവിയുടെ ദേവാലയം, ഗെദ്സമനി, കാൽവരി, കർത്താവിന്റെ കല്ലറ തുടങ്ങിയ എല്ലാ സ്ഥലങ്ങളിലും തീർത്ഥാടകസംഘം വിശുദ്ധ ബലിയർപ്പിക്കും. തികച്ചും പ്രാർത്ഥനാന്തരീക്ഷത്തിൽ വിശുദ്ധ വചനത്തിന്റെ ചുവടുപിടിച്ചുകൊണ്ട് തീർത്ഥാടകസംഘത്തെ നയിക്കുന്നത് ഏറെ മുൻപരിചയമുള്ള ഫാ. വിൻസെന്റ് പുതുശ്ശേരിയായിരിക്കും.

വിശുദ്ധനാടുകൾ: ഇസ്രായേൽ, ഈജിപ്ത്, ജോർദ്ദാൻ, പലസ്തീൻ - 2014 മെയ്, നവംബർ മാസങ്ങളിൽ 10 ദിവസത്തെ പുണ്യയാത്ര എല്ലാ ചെലവുകളടക്കം Rs. 76,000/-

യൂറോപ്പ്: വിശ്വപ്രസിദ്ധ മരിയൻ തീർത്ഥാടന കേന്ദ്രങ്ങളായ ലൂർദ്ദ്, ഫാത്തിമ, പാരിസ് സിറ്റി, റോം, വെനീസ്, പാദുവ, അസ്സീസി, മിലാൻ, പിസ്സ ഉൾപ്പടെ പോർച്ചുഗൽ, ഫ്രാൻസ്, സ്വിറ്റ്സർലന്റ്, സ്പെയ്ൻ, ഇറ്റലി, വത്തിക്കാൻ എന്നീ 6 രാജ്യങ്ങൾ. പരിശുദ്ധ പിതാവിനെ സന്ദർശിക്കുവാൻ പ്രത്യേക അവസരം ഒരുക്കുന്നു - 2014 ജൂൺ/ജൂലായ്.

U.S.A. : അത്യാകർഷകമായ അമേരിക്കൻ നാടുകളിലേക്ക് Los Angeles, Las Vagas, San Diego, Niagra, Washington, New York എന്നീ പ്രധാന സ്ഥലങ്ങൾ 13 ദിവസ സന്ദർശനം - സെപ്തംബർ/ഒക്ടോബർ 2014.

ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ പുണ്യഭൂമിയുടെ ചരിത്രപശ്ചാത്തലം വിശദീകരിക്കുന്നു. തീർത്ഥാടനത്തിന്റെ വീഡിയോ ചിത്രീകരണം, തീർത്ഥാടനത്തിന്റെ പച്ചപിടിച്ച ഓർമ്മകൾ നിലനിർത്താനും ഉപകരിക്കും. ഇംഗ്ലീഷ്, മലയാളം വിവരണത്തോടൊപ്പം The Land Jesus എന്ന പേരിൽ പ്രകാശനം ചെയ്യുന്ന വിശുദ്ധനാട് തീർത്ഥാടന D.V.D., കോസ്മോ തീർത്ഥാടനത്തിന്റെ മാത്രം പ്രത്യേകതയാണ്. വൈദികരും സന്യസ്തരും അല്മായരും അടങ്ങുന്ന സംഘത്തിന്റെ തീർത്ഥാടനം ഒരു ആത്മീയയാത്രയുടെ അനുഭൂതി പകരും.

ഉടനെ ബന്ധപ്പെടുക:

**ഫാ. വിൻസെന്റ് പുതുശ്ശേരി**
സെന്റ് ആന്റണീസ് ചർച്ച്,
പഴൂർ, ചീരാൽ പി.ഒ., വയനാട് - 673 595
ഫോൺ: 09388431601, 04936-262741
E-mail: vincentpudussery@gmail.com
Website: www.cosmopilgrimage.com

• • • •

# Programme




## Pastoral Centre, Dwaraka

**January 2014**

| | | |
|---|---|---|
| 02 Th | - | CML Executive |
| 03F- 04 S | - | Zion CRC Night Vigil |
| 10F | - | JY CML Meeting |
| 11S | - | JY, H.M.P.P Conference, |
| | | CMA- Women's Commission Joint Meeting |
| 12S- 15W | - | Marriage Preparation Course |
| 19S- 23Th | - | Zion Retreat |
| 26S- 29W | - | Marriage Preparation Course |
| 31F | - | Zion CRC Night Vigil |

**Fr. Mathew Periappuram**
Director, Pastoral Centre

# Bishop's Programme



**January 2014**

| | |
|---|---|
| 01 Wed ............. | Malom: Ordination of Dn. Thomas Chettiyil VC |
| 02 Thu ................ | Engaged |
| 03 Fri ................. | Out of Station |
| 04 Sat. Morning ..... | Ambalavayal : Holy Mass in St. Martin's Hospital |
| Afternoon ........ | Kayyunni: School Anniversary |
| 05 Sun .................. | Ashokapuram : Holy Mass |
| 06 Mon 11Sat ........ | Mount St.Thomas, Synod |
| 12 Sun .................. | Manjoora : Jubilee of the Parish |
| 13 Mon ................ | Chungakkunnu: Ordination of Dn. Jobin Pallikkamalil CM |
| 14 Tue ................. | Vengapally: Blessing of the Rehabilitation Centre of Sisters of Charity of St. Vincent De Paul |
| 15 Wed 17 Fri ........ | Out of Station |
| 18 Sat. .................. | Engaged |
| 19 Sun .................. | Parathottam: Foundation Stone laying for the new church |
| 20 Mon.................. | Chennalode: Jubilee of the Parish |
| 21 Tue .................... | Payyampally : Blessing of the newly constructed church |
| 22 Wed ................ | Kurumani: Blessing of the newly constructed church |

| | |
|---|---|
| *23 Thu .................* | *Prasanthagiri Blessing of the newly constructed church* |
| *24 Fri .....................* | *Out of Station* |
| *25 Sat ....................* | *Engaged* |
| *26 Sun ....................* | *Kayyunni: Foundation Stone laying for the new church* |
| *27 Mon 28 Tue .........* | *Out of Station* |
| *29 Wed ..................* | *Nelliyodi : Blessing of the newly constructed church* |
| *30 Thu ....................* | *Payyampally : Ordination of Dn. Robin Vallatt MS* |
| *31 Fri ....................* | *New Priests' Day* |

**February 2014**

| | |
|---|---|
| *1 Sat ...................* | *Valad : Blessing of Chapel* |
| *2 Sun ...................* | *Elapeedika : Pastoral Visit* |
| *3 Mon ................* | *Engaged* |
| *04 Tue14 Fri ...........* | *Palai: CBCI* |
| *15 Sat ...................* | *To Banglore* |
| *16 Sun .................* | *Bangalore: Blessing of the newly construed San Thome church* |
| *17 Mon ................* | *Out of Station* |
| *18 Tue ...................* | *Consultors' Meeting* |
| *19 Wed ...................* | *Kadalmad : Blessing of Presbytery* |
| *20 Thu ...................* | *Panavally : Blessing of Annex and Jubilee* |
| *21 Fri ....................* | *Out of Station* |
| *22 Sat .....................* | *Valad: Blessing of Presbytery* |
| *23 Sun ....................* | *Lakkidi: Pastoral Visit* |
| *24 Mon ...................* | *Puzhamudi: Blessing of Presbytery* |
| *24 Mon.Evening 27Thu* | *Junior Priests' Meet* |
| *28 Fri ......................* | *Out of Station* |